www.malankaralibrary.com

ഒക്ടോബർ 2023

# ക്രൈസ്തവ കാഹളം



## യുവജനങ്ങളും സഭയും



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, സത്യസന്ധമായ വാക്കിലും ദൈവത്തിന്റെ ശക്തിയിലും വലത്തുകൈയിലും ഇടത്തുകൈയിലുമുള്ള കൃപാനിറവിന്റെ ആയുധത്തിലും  എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

ഒക്ടോബർ 10

# ഓർമ്മപ്പെരുന്നാൾ



മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
ദ്വിതീയ അധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ
**ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്**
തിരുമേനിയുടെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം

www.malankaralibrary.com




# ഉള്ളടക്കം

ഒക്ടോബർ 2023 വാല്യം 84 ലക്കം 10

ക്രൈസ്തവ കാഹളം

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

എഡിറ്റോറിയൽ 5

പിതൃമൊഴി 6

യുവജനങ്ങൾ സഭയുടെ ശക്തി 8

സുവിശേഷത്തിന്റെ സഞ്ചാരി 13

സ്ഥാനപതിയായി പത്രോസിന്റെ പിൻഗാമിക്കൊപ്പം 17

സെവില്ലിലെ വി. ഇസിദോർ 24

വിശ്വാസം നഷ്ടപ്പെടുന്ന സഹകരണ മേഖല 33

ശ്ഹോഗോ ദ് ഉറ്ഹോ 37

സീരിയുടെ റൂബി ജൂബിലി വർഷവും പത്താമത് ലോക സുറിയാനി സമ്മേളനവും 40

ഒരുക്കമുള്ളവരായിരിക്കുവിൻ 44

www.malankaralibrary.com



എഡിറ്റോറിയൽ

# ഉണരൂ,
# തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം!

സഭയുടെ ഏറ്റവും തീക്ഷ്ണമതികളായ സന്താനങ്ങളാണ് യുവജനങ്ങൾ! ജീവിത ത്തിൽ കരുത്തും കഴിവും നിറയുന്ന കാലമാണ് യുവത്വം. ഊർജ്ജത്തോടും ഉന്മേഷ ത്തോടും കൂടി ഉയരങ്ങളിലേക്ക് പറക്കാനാഗ്രഹിക്കുന്ന കാലം! ജീവിതോ പാധികൾ കണ്ടെത്താനും ദൈവവിളി തിരിച്ചറിയാനും ശ്രമിക്കുന്ന കാലം. ജീവിത ത്തിന്റെ പുതു മകളെ അത്യുൽസാഹത്തോടെ പുൽകുന്ന കാലം. യുവജനങ്ങളില്ലാത്ത സഭയും സമൂഹവും ഒരു തരത്തിൽ നിർജീവമായിരിക്കുമെന്ന് പറയാതെ വയ്യ!

എന്നാൽ ഇതിനൊരു മറുവശമുണ്ട്. പക്വതയേക്കാളേറെ ആവേശത്തോടെ ജീവി തത്തെ സമീപിക്കുന്നതിനിടയിൽ പാളിച്ചകളും സംഭവിക്കാം! അവയെ കൃത്യമായി അഡ്രസ് ചെയ്തില്ലെങ്കിൽപിന്നെ 'അഡ്രസു' തന്നെയുണ്ടാവില്ല!

സഭയും പൊതുസമൂഹവും ഏറെ ആശങ്കയോടെ കാണുന്ന ഒന്നാണ് വിദേശത്തേ ക്കുള്ള യുവജനങ്ങളുടെ സമീപകാലത്തെ കുടിയേറ്റം. അടിസ്ഥാന വിദ്യാഭ്യാസം നേടിക്കഴിഞ്ഞാൽ പിന്നെ വിദേശത്തേയ്ക്കു പറക്കണമെന്നാണ് ആഗ്രഹം. നാട്ടിലെ നിരുത്സാഹപ്പെടുത്തുന്ന സാഹചര്യങ്ങൾ അതിന് വലിയ പ്രോത്സാഹനം നൽകു ന്നുണ്ട്. എന്നിരുന്നാലും യുവജനങ്ങളിൽ ഒരു ആത്മവിശ്വാസക്കുറവ് കാണാൻ കഴിയും. പ്രതിബന്ധങ്ങളെയും പ്രതിസന്ധികളേയും അതിജീവിക്കാൻ ഒരു മുതിർന്ന തലമുറ കാട്ടിയ ആത്മവിശ്വാസം പുതുതലമുറയിൽ അൽപ്പം കുറഞ്ഞുപോയോ എന്ന് തോന്നിപ്പോകും. നവമാധ്യമങ്ങളുടെ ഈ കാലത്ത് അവർ 'ഡിജിറ്റൽ നേറ്റീവ്സും' ഒരു ഗ്ലോബൽ കൾച്ചറിൽ ജീവിക്കുന്നവരുമാണ്. അവരെ സംബന്ധിച്ച് രാജ്യങ്ങളുടെ, സംസ്കാരങ്ങളുടെ, ഭാഷയുടെ ഒക്കെ അതിരുകൾ വളരെ നേർത്തതാണ്. ഇതൊക്കെ അവരുടെ 'കുടിയേറ്റങ്ങളെ' ത്വരിതപ്പെടുത്തുന്നു.

ഇനി യുവജനങ്ങളുടെ കൂട്ടത്തിലെ മറ്റൊരു നല്ലകൂട്ടം ഭീകരമാം വിധം ലഹരി ക്കടിമകളാണ്. പിടിക്കപ്പെടുന്നതും റിപ്പോർട്ടു ചെയ്യപ്പെടുന്നതുമായ ലഹരി വസ്തു ക്കളുടെ കണക്കുപോലും എത്ര ഞെട്ടിക്കുന്നതാണ്. എന്തിനാണ് ഇത്രയധികം മയക്കുമരുന്ന് കേരളത്തിന്. ഓരോ ആഘോഷ സീസൺ കഴിയുമ്പോഴും ഉപഭോഗത്തിൽ റെക്കോർഡ് സൃഷ്ടിച്ച് ലഹരിയുടെ പിന്നാലെ പായുന്ന നമ്മുടെ നാട് ഇതെങ്ങോട്ടാണ്! ബോധവും ലക്ഷ്യവും നഷ്ടപ്പെടുന്ന യുവജനങ്ങൾ ഈ പശ്ചാത്തലത്തിൽ ഒരദ്ഭുത മേയല്ല.

സഭാഗാത്രത്തെ സംബന്ധിച്ച് യുവജനങ്ങളുടെ വിശ്വാസ ജീവിതത്തിൽ വീഴുന്ന വിള്ളലുകൾ വല്ലാതെ വേദനിപ്പിക്കുന്നതാണ്. പ്രബോധനങ്ങളുടെയോ പ്രസംഗങ്ങളു ടെയോ കുറവല്ല; കുറവ് ജീവിത മാതൃകകൾക്കാണ്. പ്രചോദിപ്പിക്കുന്ന വിശ്വാസ സാക്ഷ്യങ്ങളുണ്ടാവണം. അവയെ തേടി നടക്കുന്നതു മാത്രമല്ല, സ്വയം അങ്ങനെ യാവാൻ ശ്രമിക്കുന്നതും ആത്മീയതയുടെ ഭാഗമാവണം. ഒരു ഫ്രാൻസിസ് അസീസ്സിയും കാർലോ അക്യൂറ്റിസും മതിയോ നമുക്ക്? മലങ്കര സുറിയാനി കത്തോ ലിക്കാ സഭ അവളുടെ പുനരൈക്യ വാർഷികത്തിന്റെ ശതാബ്ദിയിലെത്തുമ്പോൾ വിശു ദ്ധരായ ഒരുപിടി മക്കളുടെ അമ്മയായി അവൾ അറിയപ്പെടുന്നതിനേക്കാൾ വലിയ ഭാഗ്യമെന്തുണ്ട്!

ഉണരൂ, തിടുക്കത്തിൽ ഒരുമിച്ചു മുന്നേറാം!

**റവ. ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

# പിതൃമൊഴി



# യുവജനങ്ങളും സഭാജീവിതവും

'യുവജനങ്ങളേ ഉണരൂ, തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം' എന്നതാണ് ഈ വർഷം നമ്മുടെ യുവജനങ്ങൾക്ക് പഠന ധ്യാന വിഷയമായി നൽകിയി രിക്കുന്ന ആപ്തവാക്യം. എലിസബത്തിനെ സന്ദർശിക്കാൻ തിടുക്കത്തിൽ യാത്ര പുറപ്പെട്ട വിശുദ്ധ കന്യാ മറിയത്തിന്റെ ജീവിത ശൈലിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയാണ് യുവജനങ്ങൾക്ക് ഇങ്ങനെ ഒരാഹ്വാനം നൽകിയത്. കോവിഡിനുശേഷമുള്ള പ്രത്യേക സാഹ ചര്യത്തിൽ യുവജനങ്ങൾക്ക് ലക്ഷ്യബോധം നൽകാനും പുനരൈക്യത്തിന്റെ ശതാബ്ദിയോടടുത്തുകൊണ്ടിരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കെട്ടുപണിയിൽ സജീവ പങ്കാളിത്തം വഹിക്കാനും നമ്മുടെ യുവ ജനങ്ങളെ പ്രാപ്തരാക്കാനും ഈ പഠന വിഷയം സഹായിക്കട്ടെ.

ലക്ഷ്യബോധം എന്ന വാക്ക് നമ്മുടെ യുവജനങ്ങളെ സംബന്ധിച്ച് എത്ര പ്രധാനപ്പെട്ടതാണ്. യേശുവിന്റെ മനുഷ്യ വതാരത്തിന് ഒരു ലക്ഷ്യമുണ്ടായിരുന്നു. കന്യാമറിയത്തിന്റെ തിടുക്കത്തിലുള്ള യാത്രകൾക്ക് ലക്ഷ്യമുണ്ടായിരുന്നു. വി. പത്രോസിനും വി. പൗലോസിനും അവരുടെ പ്രേഷിത യാത്ര കൾക്ക് ലക്ഷ്യങ്ങളുണ്ടായിരുന്നു. നമ്മുടെ പിതാവായ ദൈവ ദാസൻ മാർ ഈവാനിയോസ് തിരുമേനിക്ക് സത്യത്തെ പുൽകണമെന്നുള്ള ലക്ഷ്യമുണ്ടായിരുന്നു. ഈ ലക്ഷ്യങ്ങളുടെ യെല്ലാം അനന്തരഫലം അപരിമേയമായ നന്മയാണ്. ഈ പറഞ്ഞ യാത്രകളിലെല്ലാം അത് നയിച്ചവർക്ക് വലിയ ക്ലേശങ്ങളിലൂടെ കടന്നു പോകേണ്ടിവന്നിട്ടുണ്ട്. പക്ഷെ അതിന്റെ അനന്തരഫലം എത്ര വലിയ നന്മയായിരുന്നു. പ്രിയ യുവജനങ്ങളെ, നിങ്ങൾക്കും ഇതു പോലെ ഉദാത്തമായ ലക്ഷ്യങ്ങളുണ്ടാവട്ടെ! ലക്ഷ്യബോധ മില്ലായ്മ നാശത്തിലേക്കാണ് നയിക്കുക. യാത്രയിലെ ജാഗ്രത ക്കുറവ് വീഴ്ചയ്ക്ക് കാരണമാകുകയും ചെയ്യും.

ഇത് സ്ലീബാക്കാലമാണ്. നമ്മുടെ കർത്താവിന്റെ കുരിശിനെ നാം കൂടുത ലായി ഓർക്കേണ്ടുന്ന കാലം. കുരിശുകളെ ഒഴിവാക്കാൻ യേശുവിനെ ഉപദേശി ക്കുന്ന പത്രോസിനെ യേശു വിളിക്കുന്നത് 'സാത്താനേ' എന്നാണ്. കുരിശു കൾ ഒഴിവാക്കുന്നത് സാത്താന്റെ സ്ട്രാറ്റെജിയാണ്. അതേ പത്രോസ് ശ്ലീഹാ കാലങ്ങൾക്കിപ്പുറം തന്റെ ലേഖനത്തിൽ ഇങ്ങനെ എഴുതി: പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീ ക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും (1 പത്രോസ് 4 : 12-13).

www.malankaralibrary.com

പ്രിയപ്പെട്ട യുവജനങ്ങളെ ഇന്നത്തെ സമൂഹം സഹനങ്ങളെ ഒഴിവാക്കാൻ താൽപര്യപ്പെടുന്ന ഒരു സമൂഹമാണ്. എന്നാൽ നാമറിയണം ക്രിസ്ത്യാനിയെ സംബന്ധിച്ച് കുരിശ് കിരീടമാണ്. കുരിശ് അനുഗ്രഹത്തിന്റെ വഴിയാണ്. കുരിശു വഹിക്കാതെ ക്രിസ്തുവിനെ അനുഗമിക്കാനാവില്ല. കുരിശുകളെ ഒഴി വാക്കാനല്ല, കുരിശുകളെ പുൽകാൻ നമുക്കു ശ്രമിക്കാം. കുരിശുകൾ, സഹന ങ്ങൾ, പരീക്ഷകൾ നമ്മെ പരിശോധിക്കാനാണ്. ആ പരിശോ ധനകൾ നമുക്ക് അനുഗ്രഹത്തിന്റെ വഴി തുറക്കും. സഹനങ്ങളെ ഭയപ്പെടാതെ ധീരരായി രിക്കുക.

മലങ്കര സുറിയാനി കത്തോലിക്കാ സഭ ആഗോള കത്തോലിക്കാ സഭയിൽ വീണ്ടും ബഹുമാനിതയായതിന്റെ സന്തോഷത്തിലാണ് നാമെല്ലാം. നമ്മുടെ സഭയിൽ നിന്ന് പരിശുദ്ധ സിംഹാസനത്തിന്റെ അംബാസഡർ എന്ന ശുശ്രൂഷയിലേക്ക് അഭിവന്ദ്യനായ ആർച്ചുബിഷപ് മാർ ജോർജ്ജ് പനന്തുണ്ടിൽ മെത്രാപ്പോലീത്താ നിയോഗിതനായിരിക്കുന്നു. പരിശുദ്ധ സിംഹാസനം, പരിശുദ്ധ ഫ്രാൻസിസ് പാപ്പാ നമ്മെ സ്നേഹത്തോടെ ചേർത്തുപിടിക്കുന്ന തിന്റെ അടയാളങ്ങളിലൊന്നായി നമുക്കിതിനെ സ്വീകരിക്കാം. വത്തിക്കാൻ സ്ഥാനപതിയായി ഖസാക്കിസ്ഥാനിലേക്കു പോകുന്ന അഭിവന്ദ്യനായ ആർച്ചുബിഷപ് മാർ ജോർജ്ജ് പനന്തുണ്ടിൽ മെത്രാപ്പോലീത്തായ്ക്ക് പ്രാർത്ഥനാ ഭാവുകങ്ങൾ നേരുന്നു.

ദൈവം ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

**✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്**
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്**

www.malankaralibrary.com





**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. സഭാതല പ്രസിഡന്റ്

# യുവജനങ്ങൾ സഭയുടെ ശക്തി

യാത്രകൾ ഏറെ സന്തോഷം നൽകുന്നതാണ്. ഓരോയാത്രയിലും വ്യത്യസ്തമായ കാഴ്ചകളും കാഴ്ചപ്പാടുകളും നമ്മുടെ ഹൃദയത്തെ ആവരണം ചെയ്യാറുണ്ട്. നമ്മുടെ യാത്രയിൽ പ്രകൃതിയെ ആസ്വദിക്കാൻ തുടങ്ങുമ്പോൾ എവിടെയോ തളിർത്തു നിൽക്കുന്ന ഒരു മരം, അത് ജീവിതത്തിന്റെ സന്തോഷത്തെ ഓർമിപ്പിക്കുകയാണ്. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന വലിയ വലിയ സ്വപ്നങ്ങളുടെ ഒരു പ്രതീകമായി മാറുന്നു. അതുകൊണ്ട് സമൃദ്ധമായ ഇലച്ചാർത്തുകൾ പേറി വീശിയടിക്കുന്ന മനോഹരമായ കാറ്റിൽ മനസ്സ് വല്ലാതെ ഉന്മേഷം നേടിയെടുക്കുന്നു. പക്ഷേ അതിന്റെ പിന്നിൽ നാം നൽകിയ അധ്വാനം, പലരിൽ നിന്നും ദാനമായി ലഭിച്ച വെള്ളവും വളവുമാകുന്ന ശ്രേഷ്ഠമായ കർമ്മങ്ങൾ, അവ നമ്മൾ ചിന്തിക്കാതെ പോവുകയല്ലേ.

യുവത്വം ഒരു ആഘോഷമാണ്. ഒരു പ്രതീക്ഷയാണ്. ഓരോകാൽവെപ്പുകളെയും ശ്രദ്ധയോടെ സൂക്ഷിച്ചു ബാല്യകാലത്തുനിന്ന് തുടങ്ങുമ്പോഴാണ് ആ യാത്ര പൂർത്തിയാകുന്നത്. അല്ലെങ്കിൽ യുവത്വത്തിന്റെ സന്തോഷം അത്രകണ്ട് അനുഭവിക്കാൻ നമുക്ക് സാധിക്കുന്നത്.

അത്തിമരത്തിൽ നിന്ന് ഈ പാഠങ്ങൾ നിങ്ങൾ പഠിച്ചു കൊള്ളുവിൻ. അതിന്റെ കൊമ്പുകൾ ഇളകാതെയും അത് തളർക്കുകയും ചെയ്യുമ്പോൾ വേനൽക്കാലം അടുത്തിരിക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നു (മത്തായി 24 : 32). ഓരോ തളിർപ്പിലും പ്രതീക്ഷകൾ ഉയരുമ്പോഴും അതിന്റെ കൊഴിഞ്ഞു പോക്കിൽ ദു:ഖം നമ്മളെ മാടി വിളിക്കുന്നുണ്ട് എങ്കിലും അവിടെയും പുതിയൊരു പ്രതീക്ഷയാണ് നമുക്ക് സമ്മാനിക്കുന്നത്.



www.malankaralibrary.com



ഓരോകാലഘട്ടത്തിലും യുവജനങ്ങൾ ഇപ്രകാരമാണ് ഒരു കാലഘട്ടം നമുക്ക് തരുന്ന സന്തോഷം മറ്റൊരു കാലഘട്ടത്തിൽ മറ്റൊരു തലമുറയ്ക്ക് നഷ്ടപ്പെട്ടു പോകുന്നു ഇന്നത്തെ ഇരുപത്തിയൊന്നാം നൂറ്റാണ്ട് ശിഥിലമായ മാധ്യമ സംസ്കാരത്തിന്റെ ബാക്കിപത്രങ്ങളായി യുവജനങ്ങളെ മാറ്റുന്ന ഒരു രീതി സമൂഹത്തിൽ അനുവർത്തിച്ചിരിക്കുമ്പോൾ ആശങ്കയുടെയും ആകുലതകളുടെയും ഭീതിപ്പിക്കുന്ന ഒരു വലിയ സംസ്കാരത്തിലാണ് നാം നമ്മുടെ യുവജനങ്ങളെ നോക്കി കാണുക. ഇത് മുന്നിൽ കണ്ടുകൊണ്ട് കാലത്തിന്റെ നൂതനമായ മാറ്റങ്ങൾക്ക് അനുസരിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷം യുവജനങ്ങൾക്കായി ആഹ്വാനം ചെയ്തിരിക്കുന്നത് അതിവേഗം ഉണർന്ന് തിടുക്കത്തിലുള്ള ഒരു യാത്ര നടത്താനാണ്. ക്രിസ്തു കേന്ദ്രീകൃതമായ യുവജന ശുശ്രൂഷയിൽ ക്രിസ്തുവിന്റെ തീഷ്ണത യുവജനങ്ങളിൽ നിന്ന് സഭ ആഗ്രഹിക്കുന്നുണ്ട് ഒരു പുതിയ ഹൃദയം നിങ്ങൾക്ക് ഞാൻ നൽകും; ഒരു പുതിയ ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും (എസക്കിയെൽ 36:26). ഈ ചൈതന്യമാണ് ഒരുപക്ഷേ നമ്മിൽ നിറഞ്ഞുനിൽക്കുന്ന യുവത്വത്തെ പ്രചോദിപ്പിക്കുന്നത്.

യുവത്വം മനോഹരമായ കാലഘട്ടമാണെന്നും, യുവനങ്ങൾ സഭയുടെ ശക്തിയാണെന്നുമുള്ള ഉത്തമമായ ബോധ്യത്തിൽ നിന്നാണ് ഈ വർഷത്തെ പഠന ഭാഗം നമുക്കായി സഭ നൽകുന്നത്. തീഷ്ണതയുള്ള യുവജനങ്ങളെയാണ് സഭ ആഗ്രഹിക്കുന്നത്. വരുന്ന ആറ് വർഷക്കാലം യുവജനങ്ങൾക്കായി സഭ തങ്ങളുടെ ശുശ്രൂഷകൾ മാറ്റി വയ്ക്കുമ്പോൾ യുവജനങ്ങളെ എത്ര പ്രാധാന്യത്തോടെ സഭ കാണുന്നു എന്നും അതിനോട് എപ്രകാരം നമ്മൾ പ്രതികരിക്കണമെന്നും പരിശുദ്ധാത്മാവ് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിനു വേണ്ടി ആത്മാക്കളെ നേടുവാനുള്ള ഓട്ടത്തിലാണ് ഓരോ യുവജനങ്ങളും പങ്കുകാരാകേണ്ടത്. ഈ വിശ്വാസം ഈ തീഷ്ണത അത് നമ്മെ പഠിപ്പിക്കുന്നതിന് പരിശുദ്ധ അമ്മയുടെ ജീവിതത്തിൽ നാം കണ്ടുവരുന്ന വിശ്വാസവും ആഴപെടലും തീക്ഷ്ണതയും മനസ്സിലാക്കിയേ മതിയാവുകയുള്ളൂ. തന്റെ സഹോദരീ ഉദരത്തിൽ ഒരു കുഞ്ഞിനെ വഹിക്കുന്നു എന്നറിയുമ്പോൾ കർത്താവ് ചെയ്ത കാരുണ്യത്തെ പ്രതി അനുസ്മരിച്ചുകൊണ്ട്, തന്റെ ആരോഗ്യം പോലും അവഗണിച്ച് മലയിലേക്ക് തിടുക്കത്തിലൂടെ നടക്കുന്ന ഒരു യാത്ര. അനുകൂല സാഹചര്യങ്ങളെ അല്ല പ്രവർത്തിക്കാനുള്ള മനസ്സിനെയാണ് പരിശുദ്ധ അമ്മ അവിടെ കാണിച്ചു തരുന്നത്. അപ്രകാരം ഈ യുവത്വകാലത്ത് നാം ആർജ്ജിച്ചെടുക്കേണ്ട പ്രതികൂല സാഹചര്യങ്ങളോടുള്ള സമീപന രീതി വളരെ വലുതാണ്. പ്രതികൂലങ്ങളെ അനുകൂലമാക്കാൻ സാധിക്കുന്നിടത്താണ് യുവത്വത്തിന്റെ തീക്ഷ്ണതയും ആർജ്ജവവും നമ്മിൽ രൂപപ്പെടുന്നത്. നമ്മുടെ മാതാപിതാക്കന്മാരോടും, സഭാ ശുശ്രൂഷകരോടും ചേർന്ന്, വിശുദ്ധ ബൈബിളിൽ നിന്ന് ശക്തി സ്വീകരിച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ ഉൾക്കൊണ്ടുകൊണ്ട് വേണം ഈ യാത്ര നടത്തുവാൻ. കാലങ്ങൾ

www.malankaralibrary.com

പിന്നിടുമ്പോഴും ക്രിസ്തുവിന്റെ പ്രബോധനങ്ങൾ മനുഷ്യ സഹജമായി ചിന്തിക്കുവാനും, അതിനോടുള്ള ദൈവീക ആഭിമുഖ്യം മനസ്സിലാക്കാനും, സമകാലിക ജീവിതത്തിന് അനുയോജ്യമായ രീതിയിൽ ഉൾക്കൊള്ളുവാനും ഇന്നത്തെ യുവജനങ്ങൾക്ക കഴിയാതെപോകുന്നു. ഈ തിരക്കിട്ട യാത്രയിൽ വെല്ലുവിളികളുടെ ലോകത്ത് ക്രിസ്തുവിനെ പിൻചെല്ലുന്ന, ശക്തമായ ബോധ്യങ്ങൾ ഉൾക്കൊള്ളുന്ന, ഒരു വലിയ തലമുറ നമുക്ക് ഒപ്പം സഞ്ചരിക്കുന്നുവെന്ന് അറിയുമ്പോൾ വിശ്വാസം സംരക്ഷിക്കുന്ന നാം ഓരോരുത്തരും അതിൽ അഭിമാനിക്കണം. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടന്ന് സകലതും നന്മക്കായി പരിണമിപ്പിക്കുന്നു(റോമ. 8:8). ദൈവീക വിളിയെ ശ്രദ്ധയോടെ കേൾക്കുമ്പോഴും അതിന് ശരിയായി പ്രത്യുത്തരം തരുമ്പോഴും മാത്രമാണ് യുവത്വത്തിന്റെ യാത്ര അതിന്റെ പൂർണ്ണ അർത്ഥത്തിൽ പൂർത്തിയാക്കാൻ നമുക്ക് സാധിക്കുന്നത്. ഞാൻ എന്ത് വിചാരിക്കുന്നു അതാണ് ശരി എന്ന് ചിന്തിക്കുന്ന വ്യക്തി ശരികളുടെ ലോകത്താണ് ഓരോ മനുഷ്യരും ജീവിക്കുന്നത്. ഇവിടെ ദൈവത്തിന്റെ പദ്ധതിക്കായി കാതോർക്കുവാൻ നമ്മൾ മറന്നുപോകുന്നു എന്നതാണ് നമ്മുടെ ജീവിതത്തിന്റെ ഏറ്റവും വലിയ പരാജയം. മനുഷ്യബുദ്ധികൊണ്ട് നേടിയെടുക്കാൻ കഴിയുന്നതേയുള്ളൂ ഈ ലോകത്തിലെ ഭാഗ്യങ്ങൾ എന്ന് തെറ്റിദ്ധരിപ്പിക്കുന്ന ഒരു സമൂഹം നമുക്ക് ചുറ്റുമുണ്ട്. പ്രസംഗങ്ങൾ കേൾക്കുന്നതിനേക്കാൾ നല്ലത് മാധ്യമ സംസ്കാരത്തിൽ മുഴുകിയിരുന്ന് നാല് ലോകത്തെയും വിസ്മയ കാഴ്ചകൾ നാല്ചുവരികൾക്കുള്ളിൽ ഇരിക്കുന്നതാണ് നല്ലത് എന്ന് അവർ ചിന്തിക്കുന്നു. പെറ്റു വളർത്തിയ മാതാപിതാക്കളുടെ വാക്കുകളേക്കാൾ സുഹൃത്തിന്റെ സന്ദേശങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. അമ്മയുണ്ടാക്കുന്ന ഭക്ഷണത്തേക്കാൾ തന്റെ വിരൽത്തുമ്പിൽ സാങ്കേതികമായി ലഭിക്കുന്ന ആഹാരത്തിനാണ് അവൻ പ്രാധാന്യം നൽകുന്നത്. പണമാണ് എല്ലാത്തിന്റെയും മാനദണ്ഡം എന്ന് തീർപ്പു കൽപ്പിക്കുന്ന ഒരു പുതിയ സമൂഹത്തിന്റെ യൗവന സംസ്കാരത്തെ വളരെ ഭയത്തോടെ മാത്രമേ നമുക്ക് കണ്ടുനിൽക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ വരുമ്പോൾ വിശ്വാസത്തിൽ ആഴപ്പെടുവാനുള്ള ശ്രമത്തിനിടയിൽ ചുറ്റുപാടിലേക്ക് ഇറങ്ങിച്ചെന്നു കൊണ്ട് നന്മ സ്വാംശീകരിക്കുവാനും ശരിയായ വഴി കണ്ടെത്തുവാനും നാം ദൈവത്തെ ആശ്രയിക്കുന്നിടത്താണ്, മറിയത്തോടുള്ള തിടുക്കത്തിലുള്ള യാത്രയുടെ പൂർത്തീകരണം വിശ്വാസത്തിൽ കേന്ദ്രീകൃതമായി കൊണ്ടു പോകാൻ കഴിയുന്നത്.

ക്രിസ്തുവിൽ നിന്ന് അകലാൻ ശ്രമിക്കുന്തോറും ആ ക്രിസ്തുവിന് സ്വീകരിക്കാൻ വെമ്പുന്നവരുടെ സംഖ്യയും തീരെ ചെറുതല്ല. ആഗോള കത്തോലിക്കാ സഭ ഈ വർഷം യുവജനങ്ങൾക്ക് വേണ്ടി ആഘോഷമാക്കിയ യുവജനദിന ആഘോഷത്തിൽ പങ്കെടുത്ത അനേകരുടെ സാക്ഷ്യം ഈ വിശ്വാസ തീക്ഷ്ണതയ്ക്കും മറിയം കാണിച്ച തിടുക്കത്തിനുമുള്ള ഉദാഹരണമായി നമുക്ക് കണക്കാക്കാം. പോർച്ചുഗലിൽ വച്ച് നടന്ന യുവജന ദിനാഘോഷം നേരിട്ട് കണ്ട ഓരോയുവജനങ്ങൾക്കും പറയാൻ ഒരു അനുഭവ സാക്ഷ്യം ഉണ്ട്. അതിൽ ഒരു അനുഭവ സാക്ഷ്യം ശ്രദ്ധിച്ച് വായിക്കുന്നത് ഏറെ മനോഹരമായിരിക്കും



www.malankaralibrary.com

# World Youth day
## A Spiritual Journey of a Lifetime.

**Cyril Thomas**




Attending World Youth Day event is a desire for every youth, and by the Almighty s Grace I got an opportunity to attend the World Youth Day happening in Lisbon Portugal from August 1-6 2023.

The first step towards the journey was arriving in Delhi on 24th July 2023.

People from various states arrived there and the groups of 20 each were divided for better experience of the event.

We were hold that we have 6 days in the Diocese of Porto and the rest 6 days were the World Youth Day celebration.

Our journey started from Delhi International Airport. It was a via flight to Porto with a stop in Frankfurt, Germany.

We reached Porto by afternoon 3pm (Portugal time) and then took a bus to the city of Lordelo where are days in diocese program was scheduled .

**Days In Diocese**

We reached Lordelo by 8 pm .

We had an introduction session with the youth of Lordelo and later our host families came to receive us.

Day 2 of our stay in the Diocese of Porto everyone reached school by 8 am. A School is Lordelo was the pick up and drop off point for the host families.

A group from Poland was also there and were a part of us in our stay in Lordelo. The day started with a Morning Prayer and after that we went to visit the Alcoforado Tower. After that the youth had arranged dance sessions for the youth gathered. We ended the day with Mass at Lordelo church which was a blend of three languages (English, Portugese and Polish). After the mass we went back to school and from there to our host families.

Day 3 of our stay we began with prayer and breakfast. Immediately after this we went to the stations in Paredes to take the train to Porto.

A solemn Holy Mass took place on site with the participation of all pilgrims of the Diocese of Porto. More than 1 Lakh youth participated in that mass. We planned the next part of the day ourselves, because it was a free time, we went to sightsee Porto and to have dinner. Very pleased we went on the way back to Lordelo.

www.malankaralibrary.com

Day 4 of our stay in Lordelo we started with breakfast and a solemn Mass in view of the ongoing patron holiday. We later went to dinner and participated in the procession. As it was the last day of our stay in Lordelo, we decided to thank those without whom we would not have been able to be here and participate in these wonderful events - talking about local organizers and host families to whom we are very grateful for their warm welcome and any kind of help.

Day 5 started with an early rise and breakfast.

Our stay in Lordelo has come to an end and it's time to head on to Lisbon.

On the way we had a stopover visit at Our Lady of Fatima. We all prayed there and by evening we left for Lisbon.

**Worls Youth Day**

Every few years, young people from all corners of the globe gather to celebrate their faith, share their stories, and embark on a spiritual adventure that transcends borders. This event is none other than World Youth Day (WYD), and the next edition promises to be an extraordinary experience in the historic city of Lisbon.

World Youth Day, initiated by Pope John Paul II in 1986, has grown into a worldwide phenomenon, drawing millions of young Catholics and people of various backgrounds together. The event is known for its vibrant atmosphere, where participants can express their faith openly and engage in deep spiritual reflection.

Attending WYD in Lisbon means more than just sightseeing; it's a chance to connect with young people from diverse cultures and backgrounds who share a common faith.

One of the highlights of WYD is the opportunity to see and listen to the Pope. Pope Francis, known for his compassionate messages and calls for social justice, will undoubtedly inspire and guide attendees on their spiritual journey.

World Youth Day offers a unique opportunity for young Catholics to deepen their faith through prayer, worship, and reflection. Daily Mass, confession, and adoration sessions provide moments of spiritual growth and renewal.

While the event is rooted in Catholicism, it welcomes people of all backgrounds, fostering an atmosphere of unity and dialogue. Interactions with individuals from various cultures can lead to valuable insights and a broader perspective on faith and life.

Aside from the religious aspects, we were able to explore the beauty and culture of Lisbon. We also took side trips to nearby destinations like Sintra and Fatima for a deeper spiritual experience.

In the end, attending World Youth Day in Lisbon is not just a trip; it's a life-changing experience. It's a chance to celebrate your faith, make lasting friendships, and explore a beautiful city. Most importantly, it's an opportunity to deepen your connection with your spirituality and carry the lessons learned into the future.

It's an adventure that promises to leave an indelible mark on your heart and soul, and you'll return home with cherished memories and a renewed sense of purpose

പിച്ചവെച്ച നാൾ മുതൽ നാം കണ്ട അനുഭവങ്ങളിൽ നിന്ന് വ്യത്യസ്തമായി ഏതോ ഒരിടം നമ്മുടെ മാറ്റങ്ങൾക്കായി ഒരുങ്ങിയിരിക്കുന്നുണ്ട്. അതൊരു പക്ഷേ എന്റെവീട് ആകാം, ചില വാക്കുകൾ ആകാം, അല്ലെങ്കിൽ മറ്റെവിടെയോ കണ്ടുമുട്ടിയ ചില നന്മകൾ ആകാം. മാറേണ്ടത് മാറ്റുവാനുള്ള ധൈര്യം ഉണ്ടാകണം എന്ന പ്രാർത്ഥന നമ്മുടെ ചെവികളിൽ മുഴങ്ങി കേൾക്കുമ്പോൾ, ആ മാറ്റം എന്നിൽ നിന്നും തുടങ്ങാൻ കഴിയണെ എന്നുകൂടെ പ്രാർത്ഥിക്കാൻ നമുക്ക് സാധിക്കണം. ക്രിസ്തുവിനെ കൂട്ടുപിടിച്ചുള്ള അനുഗ്രഹീതമായ ഈ യാത്രയ്ക്ക് നമുക്കൊപ്പമുള്ള നമുക്ക് പിന്നാലെ വരുന്ന ഒരുപറ്റം സംഘത്തെ നമുക്ക് ഒരുമിച്ച് കൊണ്ടുപോകാം. എല്ലാ നന്മകളും ആശംസകളും നേരുന്നു.

www.malankaralibrary.com



# സുവിശേഷത്തിന്റെ സഞ്ചാരി



**രഞ്ജിത ആർ. ജെ.**
എം.സി.വൈ.എം.
തിരുവനന്തപുരം മേജർ അതിരൂപതാ പ്രസിഡന്റ്



ഇരുളായിരുന്നു ചുറ്റിലും... ഹൃദയത്തിലേക്ക് തുളച്ചു കയറുന്ന...അഗ്നിജ്വാല പുറപ്പെടുന്ന മനുഷ്യ നയനങ്ങൾക്ക് നടുവിലൂടെയായിരുന്നു യാത്ര... രക്തത്തിന്റെ രൂക്ഷഗന്ധമുള്ള ചുടുകാറ്റായിരുന്നു നാസികയിലേയ്ക്കടിച്ചുകയറിക്കൊണ്ടിരുന്നത്... എങ്കിലുമാ കുഞ്ഞാടിന്റെ കാലിടറിയില്ല... അവൻ നടന്നു കൊണ്ടേയിരുന്നു... അവനിലൂടെ നാമും... എന്നിട്ടും, അവനിലെ നന്മ കളങ്കപ്പെട്ടില്ല... നമ്മുടേതോ? അവനിൽ നിന്നൊഴുകുന്ന സ്നേഹത്തിന് തിരശ്ശീല വീണില്ല... നമ്മുടേതിനോ...?

സ്വാർത്ഥമായ ചിന്താഗതികൾക്കിടയിൽപ്പെട്ട് മനുഷ്യകുലം ഞെരിഞ്ഞമരുന്ന ഒരു കാലഘട്ടം തന്നെ കണ്ണുമൂടപ്പെട്ട നീതിദേവതയ്ക്കു പകരക്കാരിയായി സ്വയം വിധിപ്രസ്താവന നടത്തുമ്പോൾ മനസ്സും ശരീരവും പവിത്രമായി സൂക്ഷിക്കുകയെന്നത് മനുഷ്യ ജീവിതങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രയാസമേറിയ കടമ്പയായി മാറിക്കൊണ്ടിരിക്കുക യാണ്. വളർച്ചകൾക്കല്ല തളർച്ചകൾക്കാണ് പ്രധാന്യ മെന്ന കാലത്തിന്റെ കപടവാദങ്ങൾക്ക് മുൻപിൽ നിസ്സഹായരായി മുട്ടുമടക്കേണ്ടി വരുന്ന ഭൂരിഭാഗ ത്തിനും മുകളിൽ മാനുഷിക മൂല്യങ്ങളുടെ വിജയം ക്രിസ്തീയജീവിതത്തിലൂടെ പ്രാപ്തമാക്കുവാനാകു മെന്ന് തെളിയിക്കുന്ന മറ്റൊരു 'ന്യൂനപക്ഷം' എന്ന 'ഭൂരിപക്ഷം' കൂടിയുണ്ടെന്നതാണ് യാഥാർഥ്യം. അതിന്റെ വാഹകരാകുവാനുള്ള വിളിയാണ് ഓരോ

www.malankaralibrary.com

ക്രൈസ്തവനിലും നിക്ഷേപിക്കപ്പെട്ടിട്ടുമുള്ളത്. ഒരുപാട് മാറിപോയ ചുറ്റുപാടുകൾ വീണ്ടും മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിയ്ക്കുമ്പോൾ തീച്ചൂളകൾക്ക് നടുവിലൂടെ പരീക്ഷണവസ്തുക്കളെ പ്പോലെ ചരിക്കേണ്ടി വരുന്നതും, അതിനുള്ള അതിജീവനം അന്തിമവിജയത്തിലൂടെ നേടിയെടുക്കേണ്ടതും മനുഷ്യനാണ്. ജീവിതചക്രത്തിലെ ഏറ്റവും മനോഹരവും, എന്നാൽ അത്രമാത്രം അപകടരവുമായ സമയമാണല്ലോ യൗവ്വനം. എന്നാൽ അതിസുന്ദരവും ഊർജ്ജസ്വലവുമായ ഈ കാലഘട്ടത്തിൽ നേടി യെടുക്കാനും നാമാവശേഷമാക്കാനും അനേകം സാധ്യതകൾ നമ്മുടെ മുൻപിൽ ഉണ്ട്. ഈ വർത്തമാന കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയെന്നത്, ഭൂമിയും ചരിത്രവുമൊക്കെ രൂപം കൊണ്ടശേഷം ഇത്രയും കാലം മനുഷ്യനിൽ നിലനിന്നിരുന്ന സ്വാഭാവികമായ മൂല്യങ്ങൾ തെറ്റായിരുന്നു എന്ന് പഠിപ്പിക്കുകയും, ഇത്രയും കാലം മൂല്യങ്ങളായി കരുതാത്ത മനുഷ്യ നന്മയെ ഹനിക്കുന്നതും, ഒരു സാമൂഹ്യജീവി എന്ന നിലയിൽ മറ്റൊരുവന്റെ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യുന്നതുമായ പലതിനെയും മൂല്യവൽക്കരിക്കുകയും ചെയ്യുന്ന ഒരു രീതിയ്ക്കു രൂപം നൽകുകയും ചെയ്യുന്നുവെന്നുള്ളതാണ്. തങ്ങൾ പറയുന്നത് മാത്രമാണ് ഇനി ഈ സമൂഹം പിന്തുടരേണ്ടതെന്നാഗ്രഹിയ്ക്കുന്ന. കപടചിന്താഗതിയും, ഗൂഢലക്ഷ്യങ്ങളും, ഇടുങ്ങിയ വാദങ്ങളുമുള്ള ചില മനുഷ്യർ ഇന്നത്തെ സാമൂഹിക മാധ്യമങ്ങളെ ഉപയോഗിച്ചു കൊണ്ട് ദൈവകൃപയാൽ അവർക്ക് ലഭ്യമായ വാക്ചാതുര്യതയാലും, അവർ ആർജിച്ചെടുക്കുന്ന നികൃഷ്ട ജ്ഞാനത്താലും സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്നു. അതിന്റെ പരിണിതഫലം എന്തെന്നാൽ അനേകർ ഇതാണ് എന്റെ സ്വാതന്ത്ര്യം എന്ന് തെറ്റിദ്ധരിച്ചു കൊണ്ട് വലിയ നാശങ്ങളിലേയ്ക്ക് എടുത്തുചാടുകയും കൂടെയുള്ളവരെ അതിലേക്ക് പ്രേരിപ്പിയ്ക്കുകയും ചെയ്യുന്നു. ഇത് വരുംതലമുറയെ നന്മയുടെ കണിക പോലും ഇല്ലാത്തവരാക്കി മാറ്റുകയും അതുവഴി സമൂഹത്തിന്റെ ഇന്നത്തെ നിലവാരം പോലും ഇല്ലാതായി മാറുവാനും സാധ്യതയുണ്ട്.

മാറു മറയ്ക്കാൻ സ്വാതന്ത്ര്യം ഇല്ലാതിരുന്ന കാലഘട്ടത്തിന്റെ ദുർഘട വീഥികളിൽ നിന്നും ഇന്നിന്റെ രീതികളിലേയ്ക്ക് അനേകരുടെ പ്രയത്നങ്ങളിലൂടെ എത്തിച്ചേർന്നതിന്റെ വീരസഹാസികതയെ ചരിത്രത്തിലൂടെ വാഴ്ത്തി പാടുകയും, വാമൊഴികളിലൂടെ കൊട്ടിഘോഷിയ്ക്കുകയും ചെയ്തിട്ട്. വസ്ത്ര സ്വാതന്ത്ര്യമെന്നാൽ എന്തും എവിടെയും ധരിക്കുന്നതാണ് എന്ന് പഠിപ്പിക്കുകയും ചെയ്യുന്ന ഒരു 'എതിർ ക്രിസ്തു' മനോഭാവത്തെ സമൂഹം വളർത്തിക്കൊണ്ടു വരുന്നുണ്ട്. ഇങ്ങനെ മുന്നോട്ടു പോയാൽ ഇന്ത്യ സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് എത്രത്തോളം അടിമത്വത്തിൽ കഴിഞ്ഞിരുന്നുവോ അതിൽനിന്നും ശോചനീയമായ അവസ്ഥയിലേയ്ക്ക്... ചന്ദ്രയാൻ വിജയത്തെ പോലും സ്വന്തമാക്കിയെന്നഭിമാനിക്കുന്ന ഈ 130 കോടി വരുന്ന ജനങ്ങൾ അധഃപതിച്ച് പോകും എന്നുള്ളത് തീർച്ചയാണ്. ഒരിടത്ത് അറിവില്ലാത്ത തിന്റെ പേരിൽ മനുഷ്യൻ പിന്നോട്ട് പോകുമ്പോൾ മറ്റൊരിടത്ത് അറിവുണ്ട് എന്ന അഹന്തയുടെ പേരിൽ മനുഷ്യൻ പിന്നോട്ട് പോകുന്നതാണ് നാമിന്നു കണ്ടുകൊണ്ടിരിയ്ക്കുന്നത്. പരസ്പരം ബഹുമാനിച്ചിരുന്നവർ ഇന്ന് സ്പർദ്ദയോടുകൂടി നോക്കി കാണുകയും, അസഹിഷ്ണുത മൂലം അന്യന്റെ ശരീരത്തെ ഇല്ലായ്മ ചെയ്യാൻ മുതിരുകയും, ലഹരിയുടെ മൂർത്തിഭാവത്തിൽ ജീവനെടുക്കാൻ മടിയില്ലാത്തവരാകുകയും, സ്വാർത്ഥതയിലൂടെ ബന്ധങ്ങളെ ഏതുതരത്തിലും ഇല്ലായ്മ ചെയ്യാൻ തയ്യാറാവുകയും ചെയ്യുന്ന പ്രവണതകളിലേയ്ക്ക് കൂപ്പുകുത്തുമ്പോൾ, ഇനിയെന്നാണ് സ്നേഹത്തോടുകൂടി വർത്തിക്കുക എന്നത് ആവർത്തിച്ചാവർത്തിച്ച്ചോദിക്കേണ്ട ഒന്നായി വരികയാണ്. കാരണം പണവും ലഹരിയുമൊക്കെയാണ് ഇന്ന് സമൂഹത്തെ ഭരിക്കുന്നത്. ഓരോ കാലഘട്ടത്തിനും ചില പ്രത്യേകതകളുണ്ട്. ഒരു ഗ്രാഫ് പോലെ



www.malankaralibrary.com

കയറ്റവും ഇറക്കവും ഓരോ കാലഘട്ടത്തിലു മുണ്ടാകും. എന്നാൽ പരസ്പരമുള്ള ബന്ധത്തിലു ണ്ടാകുന്ന ഇടിവ്, പരസ്പര സഹവർത്തിത്വത്തിലുള്ള തെറ്റായ ധാരണകൾ... ഇവയുടെ ഗ്രാഫ് അനേക നാളുകളായി താഴേക്ക് തന്നെ പോയിക്കൊണ്ടിരിക്കു കയാണ്. ഇങ്ങനെയാണ് അതിന്റെ യാത്രയെങ്കിൽ ഇനി വളരെ കുറച്ച് സമയം കൊണ്ട് തന്നെ എല്ലാം അവ സാനിക്കുന്ന രീതിയിൽ മനുഷ്യൻ തരംതാഴാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ഒരുപക്ഷേ, ഇന്ന് കേരള സമൂഹത്തിൽ ജീവിക്കുന്നവർക്ക് ചിന്തിക്കാൻ പോലും സാധിക്കാത്തത്ര...അനുഭവിക്കാത്തത്ര... വേദനകളിലും ദുരിതങ്ങളിലും കടന്നുപോകുന്ന മനുഷ്യർ ഈ ഇന്ത്യ മഹാരാജ്യത്തിലുണ്ടെന്നതാണ് സത്യം. അതിനു തെളിവാണല്ലോ 'മണിപ്പൂർ'. ഇന്ത്യയിൽ മാത്രമല്ല, ലോകത്തിന്റെ വിവിധ കോണു കളിലും മാധ്യമശ്രദ്ധ ആകർഷിക്കാത്ത... ചലച്ചിത്രങ്ങൾക്ക് പ്രമേയമായി മാറാത്ത...മനുഷ്യ ജീവിതങ്ങളും സാഹചര്യങ്ങളും ഇനിയും അവശേഷിക്കുന്നുണ്ട്.

ഇവിടെയാണ്... ഇവിടേയ്ക്കാണ് 'യുവജനമേ ഉണരൂ; തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം' എന്ന ആപ്തവാക്യത്തിലൂന്നിയ ചിന്തകളും പ്രവർത്തനങ്ങളുമായി ആഗോള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കുടുംബം കടന്നു ചെല്ലുന്നത്... സാക്ഷ്യമാകുന്നത്... മാറ്റേണ്ടവയെ മാറ്റുവാനും മാറ്റമില്ലാത്തവയോട് പൊരുത്തപ്പെടുവാനുമുള്ള വിവേകവും അവ വിവേചിച്ചറിയുവാനുള്ള വിജ്ഞാനവും ഞങ്ങൾക്ക് നൽകണമേ എന്നുരുവിടുന്ന ഓരോ യുവാവും, യുവതിയും ക്രിസ്തീയ വിശ്വാസത്തിന്റെ ധാർമിക മൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട്... അതേ സമയം സാമൂഹിക നന്മയ്ക്കുതകുന്നതും മൂല്യങ്ങളെ ഹനിക്കാത്തതുമായ ജീവിതാന്തസ്സുകളും ബോധ്യങ്ങളും ഞങ്ങൾക്ക് നൽകേണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. ദുഃഖവെള്ളിയിലെ ദുഃഖങ്ങൾക്കൊടുവിലും ഉയർത്തെഴുന്നേൽപ്പിന്റെ പ്രത്യാശയുണ്ടായിരുന്നു. എന്നാൽ ആധുനിക യുവത്വം നിരാശകളുടെ പടുകുഴികളിലേയ്ക്ക് പ്രത്യാശകൾ നഷ്ടമായെന്നോണം തെന്നി വീഴുമ്പോഴും, അതിനു നടുവിൽ ക്രിസ്തുവിന്റെ പടയാളികളായി കുറെയേറെ പേർ ആ ഉയർത്തെഴുന്നേൽപ്പിന്റെ സാക്ഷികളായി മാറിക്കൊണ്ട് വീണുപോയവരെ ചേർത്ത് പിടിച്ച് ഉയർത്തിക്കൊണ്ടു വരുവാൻ ഉണ്ട് എന്നത് ഒരു വാസ്തവം. അവർക്കിടയിൽ കടമകളും കർത്തവ്യങ്ങളുമുണ്ട്... ഉത്തരവാദിത്വങ്ങളുണ്ട്... സ്വാർത്ഥ താല്പര്യങ്ങളില്ലാത്ത നന്മയും, സ്നേഹവും പരസ്പര വിശ്വാസവുമുണ്ട്... വിട്ടുകൊടുക്കലുകളും, പങ്കുവയ്ക്കലുകളുമുണ്ട്... കാരണം ക്രിസ്തു മാത്രമാണവന്റെ ശരണം. അവന്റെ നാവിൽ നിന്ന് ഉതിർന്നതും കാലാകാലങ്ങളിൽ വിവിധ ദേശങ്ങളിൽ വിവിധ ഭാഷകളിൽ എഴുതപ്പെട്ട് ഇന്ന് എന്നെപ്പോലെയുള്ള യുവത്വങ്ങളെ നേർവഴിക്ക് നടത്താൻ പ്രചോദിപ്പിക്കുന്നതും 'ബൈബിൾ' എന്ന ഗ്രന്ഥ മാണ്. അവർ ആശ്രയം കൊള്ളുന്നതും, മാർഗ്ഗങ്ങളാക്കുന്നതും ക്രിസ്തീയ വഴികളെയാണ്. ഇനിയുമത് തുടരുക തന്നെ ചെയ്യും.

**യുവജന ശുശ്രൂഷയിലൂടെ മിഷൻ അനുഭവം**

'നിങ്ങൾക്കുള്ളവ ദാനം ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് എല്ലാം ശുദ്ധമായിരിക്കും.' (ലൂക്കാ 11: 41) മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കതോലിക്കാ ബാവയുടെ അനുഗ്രഹാശിസ്സുകളാൽ സഭയുടെ മിഷൻ മേഖലയായ ഛത്തീസ്ഗഡിലെ ബിലാസ്പൂരിലേയ്ക്ക് യുവജന ശുശ്രൂഷയുമായി ഞങ്ങളും കടന്നുചെന്നു. മറ്റൊരു നാടിനെ അറിയാനും, ജീവിതങ്ങളെ അറിയാനും, സംസ്കാരത്തെ അറിയാനും, സഹോദരങ്ങളെ അറിയാനുമായൊരു യാത്രയായിരുന്നു അത്. തിരിച്ചറിവുകളുടെയും, അകമഴിഞ്ഞ സ്നേഹത്തിന്റെയും, ഹൃദയം നിറയ്ക്കുന്ന പങ്കുവയ്ക്കലുകളുടെയും, ശക്തമായ താങ്ങിനിർത്തലുകളുടെയും, സുവിശേഷ പ്രഘോഷണത്തിന്റെയും, ക്രിസ്തീയ മൂല്യങ്ങളുടെയും, യുവജന ശുശ്രൂഷകളുടെയും, വിശാലമായ നന്മകളുടെയും, അതിരില്ലാത്ത കാരുണ്യത്തിന്റെയും തുടർച്ചയെന്നോണമുള്ള 8 ദിനങ്ങൾ നീണ്ടു നിന്നൊരു യാത്ര. അവിടെ ഞങ്ങളെ കാത്തിരുന്നതോ... സുവിശേഷദൗത്യവും. വിശപ്പിന്റെ വിണ്ടുകീറലുകളറിയുന്ന ഒരു പറ്റം മനുഷ്യരും അവിടെയുണ്ടായിരുന്നു. മുത്തുകൾ തുന്നിപ്പിടിപ്പിച്ച...പട്ടിഴനൂലിൽ നെയ്തെടുത്ത വിലപിടിപ്പുള്ള വസ്ത്രങ്ങൾ ദൂരെ നിന്നും കണ്ടുകൊതിയ്ക്കുന്ന ബാല്യ-കൗമാരങ്ങളെയും ഞങ്ങളവിടെ കണ്ടു. അടച്ചുറപ്പില്ലാത്ത വാതിലുകളും... കെട്ടുറപ്പില്ലാത്ത മേൽക്കൂരയും...മഴയും വെയിലും ഒരുപോലെ നോവ് വിതയ്ക്കുന്ന ദുർബലമായ ഭവനങ്ങളുമായി ജീവിക്കുന്നവരുടെ വീടുകളിലെ ചാണകം മെഴുകിയ നിലത്തിരുന്ന്... അവർ നിറമനസ്സോടെ നൽകിയ ഭക്ഷണം ഞങ്ങളും കഴിച്ചു. ജീവനും മാനവും ഭയന്നു ജീവിക്കേണ്ടി വരുന്ന... പഠനം പാതിവഴിയിലുപേക്ഷിയ്ക്കേണ്ടി വന്ന പെൺകുട്ടികളുടെ കൈകൾ കോർത്തുപിടിച്ച് ഈശോയിലൂടെ പ്രത്യാശിയ്ക്കുവാൻ അവരെ പഠിപ്പിച്ചു. പോഷകാഹാരക്കുറവ് മൂലം വളർച്ചയില്ലാത്ത കുഞ്ഞുശരീരങ്ങളെ ഞങ്ങളും നെഞ്ചോട് ചേർത്തു പിടിച്ചു. അക്ഷരങ്ങളുടെ കുത്തിവരകളറിയാത്ത കുറേ ബാല്യങ്ങൾ...ആർത്തുല്ലസിയ്ക്കേണ്ട പ്രായമേതെന്നറിയാതെ ഉത്തര വാദിത്വങ്ങളുടെ തിക്കിതിരക്കിൽ നടന്നു നീങ്ങേണ്ടി വരുന്നവരുടെ സ്വപ്നങ്ങളിൽ അവരോ ടൊപ്പം അൽപ്പനേരം ഞങ്ങളും നടന്നു... ആഗ്രഹങ്ങളില്ലാഞ്ഞിട്ടല്ല... ഉള്ളിലെ ആഗ്രഹങ്ങളെ തളച്ചിടേണ്ടി വരുന്ന കുറച്ചേറെ മനുഷ്യർ...പലപ്പോഴും കണ്ണുകൾ നിറഞ്ഞു... നിസ്സഹായരായി നിൽക്കേണ്ടി വന്നു... വേദനകൾ കാണേണ്ടി വന്നു... എന്നിട്ടും ഞങ്ങൾ അവരോടൊപ്പം ചിരിച്ചു...അവരുടെ കൈകൾ വിടാതെ പിടിച്ചു... അവർക്കൊപ്പം നൃത്തമാടി... ഇതൊക്കെയും അവനു വേണ്ടി മാത്രം... ഞങ്ങളുടെ ഈശോയ്ക്ക് വേണ്ടി.

www.malankaralibrary.com




പക്ഷേ, അവിടെയും ഒരു ചെറുപ്പക്കാരനെ ഞങ്ങൾ കണ്ടു. പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കും നടുവിൽ... ഇഴഞ്ഞു നീങ്ങുന്ന തെരുവോരങ്ങളിലെ ആൾത്തിരക്കുകൾക്കിടയിൽ വെള്ളകുപ്പായമിട്ടൊരു യുവവൈദികൻ. ചുരുങ്ങിയ ദിനങ്ങൾകൊണ്ട് ത്യാഗത്തിന്റെ മായികവലയിലൂടെ ഞങ്ങളെയും നടക്കാൻ പഠിപ്പിച്ച... ക്രിസ്തുവിന് വേണ്ടി സധൈര്യം ഒറ്റയ്ക്കിറങ്ങി പുറപ്പെട്ട... ക്രൂശിതന്റെ പടയാളിയെന്നു തന്നെ വിശേഷിപ്പിയ്ക്കുവാൻ ഞാനാഗ്രഹിയ്ക്കുന്ന നിജോ അച്ചൻ. പ്രതിസന്ധികൾക്കും വെല്ലുവിളി കൾക്കും ഇല്ലായ്മകൾക്കും നടുവിൽ സ്നേഹം കൊണ്ട് സമ്പന്നത നിറയ്ക്കുന്ന പാവം മനുഷ്യൻ... സ്നേഹമാകുന്ന ദൈവത്തിന്റെ അനുഭൂതി അപരിചിതരായ മനുഷ്യരിലേയ്ക്ക് വ്യാപിപ്പിക്കുവാൻ അക്ഷീണം പരിശ്രമിക്കുന്ന അച്ചനെ പോലെയാകുവാൻ ഉള്ളുകൊണ്ട് ആരുമൊന്ന് കൊതിച്ചു പോകും. കാരണം ഇതൊക്കെയാണ് സഹനങ്ങൾ... ഇതൊക്കെയാണ് ത്യാഗങ്ങൾ... ഇതൊക്കെയാണ് വിട്ടുകൊടുക്കലുകളെന്നു തോന്നിപോകും.

ഒറ്റപ്പെട്ടുപോയവർക്കിടയിൽ ഒറ്റയ്ക്കിറങ്ങി പുറപ്പെടുന്ന വൈദികരോടും, സന്യസ്ഥരോടും... നാടും വീടും ഉപേക്ഷിച്ച് ക്രൂശിതനെ അനുഗമിച്ചു കൊണ്ടുള്ള യാത്ര തുടരുന്നവരോടും... തിരിച്ചൊന്നും പ്രതീക്ഷിച്ചു കൊണ്ടല്ലാതെ പ്രതീക്ഷകളില്ലാത്തവർക്ക് പ്രത്യാശ പകരുവാൻ ഇറങ്ങിത്തിരിച്ച തിരഞ്ഞെടുക്കപ്പെട്ടവരോടും അകമഴിഞ്ഞ സ്നേഹം തോന്നുന്നു. അതിനു ഹേതുവോ, ഓരോ നിമിഷത്തിലും ആശ്വാസത്തിന്റെ... കരുതലിന്റെ... സ്നേഹത്തിന്റെ... മനുഷ്യത്വത്തിന്റെ... തലോടലുകളായി ചുറ്റുമുള്ളവരെ ചേർത്തുനിർത്തുന്ന ആ കരങ്ങളുടെ ചൂട് പല മുഖങ്ങളിലൂടെയുള്ള താണെന്ന ഞങ്ങളുടെ തിരിച്ചറിവും. ചുരുങ്ങിയ നേരമേ ലഭിച്ചുള്ളുവെങ്കിലും സി. കീർത്തി SIC യും, സി. തീർത്ഥ SIC യും ഞങ്ങളോടൊപ്പം പങ്കിട്ട നിമിഷങ്ങൾക്കും മൂല്യമേറെയായിരുന്നു. ഒപ്പമുണ്ടായിരുന്ന ഐറേനിയോസ് ഭയ്യയും, ആനന്ദ് ഭയ്യയും, ഓംപ്രകാശ് ഭയ്യയുമൊക്കെ തൊണ്ട പൊട്ടുമാറുച്ചത്തിൽ ആരാധിച്ചപ്പോൾ ചുറ്റുപാടുകൾ മറന്ന് ഞങ്ങളും ഒപ്പം കൂടി. ഗ്രാമങ്ങളിലെ കൂരകൾ തിരശീലകളില്ലാത്ത ബലിവേദിയായി മാറിയപ്പോൾ... ഹിന്ദിയിലുയർന്നു കേട്ട കാർമ്മികന്റെ ശബ്ദത്തിന് അതേ ഭാഷയിൽ പ്രതിവാക്യം ചൊല്ലിയപ്പോൾ...ഇരുളു നിറഞ്ഞ അന്തരീക്ഷത്തിലെ ഒറ്റപ്പെട്ട മൂലകളിൽ ആർത്തുവിളിച്ചു സ്തുതികളുച്ചരിച്ചപ്പോഴൊക്കെയും ഞങ്ങളറിയുകയായിരുന്നു... സുവിശേഷ ദൗത്യത്തിന്റെ ഇന്നോളമറിയാത്ത പാഠങ്ങൾ. ഇനിയും പോകണം... അവിടേയ്ക്ക് തന്നെയല്ല, അതുപോലെയുള്ള അനേകയിടങ്ങളിലേയ്ക്ക്... കാരണം ഞാനറിഞ്ഞ എന്റെ ഈശോയെ അത്രമാത്രം കൊതിയ്ക്കുന്ന ഹൃദയമുള്ള അനേകായിരങ്ങൾ ഈ ഭൂമിയിൽ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു... ഞാനെന്ന യുവതിയിലെ വ്യക്തിത്വത്തിന്റെ വളർച്ചയിൽ എന്നെ ചേർത്തുപിടിച്ച സത്യസഭയോടൊപ്പം ചേരുവാനാഗ്രഹിയ്ക്കുന്ന ആ മുഖങ്ങൾക്ക് എന്റെ മനസ്സിലിനി മരണമില്ല. മറവിയുടെ ചിതലരിയ്ക്കാൻ ഞാനൊരിയ്ക്കലും വിട്ടുകൊടുക്കില്ലെന്നെനിക്കുറപ്പുള്ള ശുശ്രൂഷയുടെ ഈ യാത്ര ഇനിയുമെനിക്ക് തുടരണം... അങ്ങനെയൊരു സഞ്ചാരിയായി എനിക്കും മാറണം... എന്നെങ്കിലും രചിക്കപ്പെടാവുന്ന ആത്മകഥയിൽ കാതങ്ങൾ സഞ്ചരിച്ചു എന്ന് വീമ്പിളക്കാനല്ല... ഞാനറിഞ്ഞ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സുവിശേഷം ലാഭേച്ഛ കൂടാതെ ഇനിയും അനേകരിലേക്ക് എത്താൻ പത്രോസ് പൗലോസ് ശ്ലീഹന്മാരെ പോലെ എനിക്കും സഞ്ചരിക്കണം... കൂടെ പോരാൻ ആരുമില്ലെങ്കിലും ഏകാകിയായി അവനെ പ്രതി പോകാൻ എന്റെ ബലഹീനതകൾക്ക് സാധിക്കുമെന്ന് വിശ്വസിക്കുന്നു... രാവുകൾ പകലുകളാക്കി ക്രിസ്തുവിന്റെ സുവിശേഷ സഞ്ചാരിയായി എനിക്കും മാറണം...!

www.malankaralibrary.com



# സ്ഥാനപതിയായി പത്രോസിന്റെ പിൻഗാമിക്കൊപ്പം



**പരിശുദ്ധ സിംഹാസനത്തിന്റെ സ്ഥാനപതിയായി ഖസാക്കിസ്ഥാൻ, തജക്കിസ്ഥാൻ, കിർഗിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിയോഗിതനായ അഭിവന്ദ്യ ആർച്ചു ബിഷപ് മാർ ജോർജ് പനംതുണ്ടിൽ മെത്രാപ്പോലീത്താ തന്റെ പുതിയ നിയോഗത്തെക്കുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചും ക്രൈസ്തവ കാഹളം വായനക്കാരോട് സംസാരിക്കുന്നു.**

**പുതിയ നിയോഗത്തെ എങ്ങനെ കാണുന്നു?**

ഈ നിയോഗത്തെ പൂർണ്ണമായും ദൈവത്തിന്റെ വലിയ ഒരനുഗ്രഹമായാണ് കാണുന്നത്. ആത്മസംതൃപ്തിയുടെയും ചാരിതാർത്ഥ്യത്തിന്റേയും നിമിഷങ്ങളാണിത്. നീണ്ട വർഷങ്ങളിലെ ഒരുക്കത്തിനു ശേഷം ദൈവത്തിന്റെ കരങ്ങളിലെ ഉപകരണമാവാൻ കഴിയുന്നു എന്ന സന്തോഷമാണുള്ളത്. നമ്മുടെ സഭയുടെ പശ്ചാത്തല ത്തിൽ ഈ നിയോഗത്തെ കൂടുതൽ സഭാത്മകമായി കാണാനാണ് എനിക്കിഷ്ടം. കാരണം ദൈവവിളി സ്വീകരിച്ച് സെമിനാരിയിൽ ചേരുന്ന നാൾ മുതൽ വൈദിക ജീവിതത്തിന്റെ ഒരു പുരുഷായുസ്സിലൂടെ കടന്നു പോകുമ്പോൾ ഞാനെന്ന വ്യക്തി പിന്നെയില്ല. ഞാൻ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. അതിനാൽത്തന്നെ ഈ നിയോഗം സഭാത്മകമാണ്. ഞാനെന്ന വ്യക്തിയുടെ ഒരു നേട്ടമല്ല ഇത്. മറിച്ച് പൗരോഹിത്യ ശുശ്രൂഷയിൽ ദൈവം കൂടുതൽ വളർത്തുന്നു എന്നേയുള്ളൂ. മാനുഷികമായ കണക്കുകൂട്ടലിൽ എനിക്കൊരിക്കലും എത്തിച്ചേരാൻ കഴിയുന്ന നിയോഗമല്ലിത്. മറിച്ച് അയോഗ്യതകളുടെ മേൽ ചൊരിയപ്പെട്ട ദൈവകൃപയുടെ അഭിഷേകമാണിത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിന്ന് ആദ്യമായി ഒരാൾ പാപ്പായുടെ പ്രതിനിധിയാകുന്നു എന്ന പ്രത്യേകത നിലനിൽക്കുമ്പോൾ നാമോർക്കേണ്ടത് അത് നമ്മുടെ സഭയെ നയിച്ച പൂർവ്വപിതാക്കൻമാരുടെ ദർശനത്തിന്റേയും തീരുമാനങ്ങളുടെയും പ്രതിഫലനമാണ് എന്നതാണ്. ഭാഗ്യസ്മരണാർഹനായ മേജർ ആർച്ചുബിഷപ് സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനിയാണ് എന്നെ ഈ ശുശ്രൂഷകളിലേക്ക് ആനയിച്ചത്. തുടർന്ന് ഇപ്പോൾ സഭയുടെ തലവനും പിതാവുമായിരിക്കുന്ന കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനി എനിക്ക് ഈ

www.malankaralibrary.com



ശുശ്രൂഷയിൽ തുടരാനുള്ള നിസ്തുലമായ പ്രോത്സാഹനം നൽകി. അവരുടെ തീരുമാനങ്ങൾക്ക് വലിയ വിലയുണ്ട്. അതിനോട് ഞാൻ കടപ്പെട്ടിരിക്കുന്നു. ഹൃദയം നിറഞ്ഞ നന്ദിയോടെ അവരെ ഓർക്കുന്നു.

**ഈ ശുശ്രൂഷയിലേക്ക് വരാനുണ്ടായ സാഹചര്യം?**

ധാരാളം പ്രത്യേകതകൾ ഉള്ള ശുശ്രൂഷയാണിത്. റോമിൽ പഠനത്തിനായി പോകുന്ന സമയത്തുപോലും അങ്ങനെയൊന്ന് ചിന്തിച്ചിട്ടില്ല. നമ്മുടെ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെടുന്നതിന്റെ മുന്നൊരുക്കങ്ങളുടെ സമയത്താണ് സിറിൽ ബസേലിയോസ് ബാവാ തിരുമേനി ഇക്കാര്യം സൂചിപ്പിക്കുന്നത്. 2002 ജൂൺ മാസത്തിലാണ് ഞാൻ വത്തിക്കാനിലെ അക്കാദമിയിൽ പരിശീലനത്തിൽ പ്രവേശിക്കുന്നത്. പരിശുദ്ധ പിതാവിന്റെ ശുശ്രൂഷയിൽ ഉൾച്ചേരാനുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആഗ്രഹത്തിന്റെ പ്രതിഫലനമാണിത്; നാം നൽകുന്ന എളിയ സംഭാവനയും ശുശ്രൂഷയുമാണിത്.

**ഈ ശുശ്രൂഷയുടെ പ്രത്യേകതകൾ?**

അപ്പസ്തോലനായ പത്രോസിന്റെ ശുശ്രൂഷയുടെ പിൻതുടർച്ച നിർവഹിക്കുന്ന മാർപാപ്പയോടു ചേർന്നുള്ള ഒരു ശുശ്രൂഷയാണിത്. നമ്മുടെ സഭാനിയമമനുസരിച്ച് ഓരോ കത്തോലിക്കാ വിശ്വാസിക്കും പരിശുദ്ധ പിതാവുമായി ഒരു ബന്ധമുണ്ട്. ആത്മീയവും നൈയാമികവുമായ ഒരു ബന്ധമാണത്. ഈ ബന്ധം നിലനിന്നു പോരുന്നത് പാപ്പയുടെ പ്രതിനിധികൾ വഴിയാണ്. ഒരു രൂപതാ മെത്രാൻ മാർപാപ്പയോട് വിശ്വാസത്തിൽ ഐക്യപ്പെട്ടിരിക്കുന്നതു പോലെ ഓരോ വിശ്വാസിയും പരിശുദ്ധപിതാവുമായി വിശ്വാസത്തിൽ ഒന്നായിരിക്കുന്നു. അതാണ് 'പെട്രയിൻ മിനിസ്ട്രി'. ഈ മിനിസ്ടിയുടെ സഹകാരികളാണ് മാർപാപ്പയുടെ പ്രതിനിധികൾ.

അതേസമയം വത്തിക്കാൻ എന്ന സഭാകേന്ദ്രത്തെ മൂന്നു തലങ്ങളിൽ കാണണം. വത്തിക്കാൻ സിറ്റി, ഹോളി സീ (പരിശുദ്ധ സിംഹാസനം), റോമിലെ ബിഷപ്പിന്റെ ആസ്ഥാനം. വത്തിക്കാന്റെ സ്ഥാനപതി എന്നതിനേക്കാൾ പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധി എന്നതാണ് കൂടുതൽ ശരി. ഔദ്യോഗിക രേഖകൾ സാക്ഷിക്കുന്നത് അങ്ങനെയാണ്. പരിശുദ്ധ സിംഹാസനം ആസ്ഥാനമുറപ്പിച്ചിരിക്കുന്ന സ്ഥലമാണ് വത്തിക്കാൻ. 'പരിശുദ്ധ സിംഹാസനം' അന്തർദേശീയമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു എന്റിറ്റിയാണ്. 183 രാജ്യങ്ങളിൽ പരിശുദ്ധ സിംഹാസനത്തിന് നയതന്ത്ര പ്രതിനിധികളുണ്ട് വത്തിക്കാൻ ഇങ്ങനെ ഒരു സ്വതന്ത്ര സംവിധാനമായി നിൽക്കുന്നു എന്നതിന് സഭാത്മകമായ ഒരു കാരണമുണ്ട്. ലോകത്തെവിടെയും സുവിശേഷം പ്രസംഗിക്കുന്നതിന് മാർപാപ്പയെ സഹായിക്കാനാണ് ഇത്.

വത്തിക്കാന്റെ എംബസി, അപ്പസ്തോലിക് നുൺഷിയേച്ചർ എന്നും പരിശുദ്ധ സിംഹാസനത്തിന്റെ അംബാസഡറിനെ അപ്പസ്തോലിക് ന്യുൺഷ്യോ എന്നും വിളിക്കപ്പെടുന്നത് ലോകരജ്യങ്ങളെല്ലാം അംഗീകരിച്ചിട്ടുള്ള 1961-ലെ 'വിയന്ന കൺവെൻഷൻ' എന്ന ഒരു അന്തർദേശീയ ഡോക്യുമെന്റിന്റെ അടിസ്ഥാനത്തിലാണ്.

www.malankaralibrary.com

പരിശുദ്ധ സിംഹാസനത്തിന്റെ അംബാസഡർക്ക് രണ്ട് ഉത്തരവാദിത്വങ്ങളുണ്ട്. ഒന്ന്, പ്രാദേശിക സഭയും മാർപാപ്പയുമായുള്ള ബന്ധത്തിന്റെ ചാലകമായി വർത്തിക്കുക. രണ്ട്, വത്തിക്കാനും മറ്റു രാജ്യങ്ങളുമായുള്ള നയതന്ത്ര ബന്ധം നിലനിർത്തുക. അതിൽത്തന്നെ വത്തിക്കാൻ അംബാസഡറിന്റെ ശുശ്രൂഷയുടെ മുൻഗണന എന്നത് പ്രാദേശിക സഭയെ സാധ്യമായ രീതിയിലെല്ലാം സഹായിക്കുക എന്നുള്ളതാണ്.

ന്യൂൺഷ്യേച്ചറിലായിരിക്കുമ്പോൾ എത്രമാത്രം അവിടുത്തെ ജനങ്ങളെ മനസ്സിലാക്കാൻ കഴിയുന്നോ അത്രയും നന്നായി ശുശ്രൂഷ ചെയ്യാൻ കഴിയും. അതുപോലെ തന്നെ വത്തിക്കാന്റെ അംബാസഡർ അതാതു രാജ്യങ്ങളിൽ വളരെ കാര്യക്ഷമമായ അജപാലന ശുശ്രൂഷകൾ നിർവഹിക്കണമെന്നത് നിർബന്ധമുള്ള കാര്യമാണ്. ഞാൻ വൈദികനായി ശുശ്രൂഷ ചെയ്ത ഇടങ്ങളിലെല്ലാം പാസ്റ്ററൽ ആക്ടിവിറ്റിക്ക് ധാരാളം അവസരങ്ങൾ കിട്ടിയിട്ടുണ്ട്.

**ഈ ശുശ്രൂഷയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പങ്കുവയ്ക്കാമോ?**

ഈ ഒരു ശുശ്രൂഷ തന്നിട്ടുള്ള അനുഭവസമ്പത്ത് അപാരമാണ്. കോസ്റ്ററിക്കയിലായിരുന്നപ്പോൾ അവിടെയുണ്ടായിരുന്ന ഇംഗ്ലീഷ് സ്പീക്കിംഗ് ആഫ്രിക്കൻ കമ്മ്യൂണിറ്റിയിൽ ധാരാളം അജപാലന അനുഭവങ്ങളുണ്ട്. ഇറാക്കിലായിരുന്നപ്പോൾ ഹടകട തീവ്രവാദികൾ ഒറ്റരാത്രി കൊണ്ട് ഒരു കത്തോലിക്കാ ഗ്രാമം തന്നെ ഒഴിപ്പിച്ചിട്ടുണ്ട്. ആ അവസരങ്ങൾ മറക്കാനാവുന്നതല്ല. ഒരു പ്രഭാതത്തിലാണ് അവർ അപ്രതീക്ഷിതമായി വെടിവയ്പ് ആരംഭിച്ചത്. ജനങ്ങൾ കയ്യിൽ കിട്ടിയതെല്ലാം എടുത്തുകൊണ്ട്, അത്രനാൾ അവർ സമ്പാദിച്ചതെല്ലാം ഉപേക്ഷിച്ച് കണ്ണീരോടെ പലായനം ചെയ്യുകയാണ്. ഒരു ഗ്രാമം മുഴുവൻ മണിക്കൂറുകൾ കൊണ്ട് ശൂന്യമായി. അവരുടെ ക്യാമ്പുകൾ സന്ദർശിച്ചത് മറക്കാനാവാത്ത അനുഭവമാണ്. എങ്ങനെ ആശ്വസിപ്പിക്കണം എന്നറിയാതെ നിൽക്കുമ്പോൾ അവർ പറയും, 'അച്ചാ, തമ്പുരാൻ ഞങ്ങളെ ശക്തിപ്പെടുത്തും. നഷ്ടപ്പെട്ടതെല്ലാം തിരികെത്തരും'. അവരുടെ വിശ്വാസം കണ്ണാൽ കാണാൻ കഴിഞ്ഞത് ഒരു വലിയ ഭാഗ്യമാണ്. ജീവിതത്തിന്റെ പരുക്കൻ അനുഭവങ്ങൾക്കു മുമ്പിൽ നാം പകച്ചു നിൽക്കുമ്പോൾ ഒന്നുമില്ലാത്ത സാധാരണ മനുഷ്യർ വിശ്വാസത്തിന്റെ ധീരത സാക്ഷ്യപ്പെടുത്തുന്നത് ഒരു വലിയ അനുഭവമായിരുന്നു.

വിയന്നയിൽ ധാരാളം കുമ്പസാരത്തിനുള്ള അവസരങ്ങളുണ്ടായിരുന്നു. ജറുസലേമിൽ പോയപ്പോൾ കോവിഡ് കാലമായിരുന്നതുകൊണ്ട് തീർത്ഥാടകരുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ കർത്താവിന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെല്ലാം പോയി ധാരാളം ധ്യാനിക്കാനും പ്രാർത്ഥിക്കാനുമൊക്കെ അവസരം കിട്ടി. സൈപ്രസ് പുതിയൊരനുഭവം തന്നെ സ്ഥലമാണ്. അവിടെ എംബസി ആരംഭിക്കുന്നത് അക്കാലത്താണ്.

അജപാലനപരമായ കാര്യങ്ങൾക്കു പുറമേ നയതന്ത്രപരമായ കാര്യങ്ങളിലും ധാരാളം അനുഭവങ്ങളുണ്ട്. പുതിയ വ്യക്തികൾ, സ്ഥലങ്ങൾ, സമൂഹ



www.malankaralibrary.com

ങ്ങൾ, സാഹചര്യങ്ങൾ, സൗഹൃദങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ഉന്നതസ്ഥാന മലങ്കരിക്കുന്ന, കഴിവുറ്റ പല വ്യക്തികളും എത്ര എളിമയോടെ ഇടപെടുന്നു എന്നതൊക്കെ വലിയ ജീവിത പാഠങ്ങളാണ്. അവരുടെയൊക്കെയിടയിൽ സഭയുടെ ഒരു ക്രിസ്തീയ സാന്നിദ്ധ്യമാകാൻ കഴിഞ്ഞതു തന്നെ വലിയ ഒരു സാക്ഷ്യമാണ്. ഞാനെന്ന വ്യക്തിയോടല്ല, കത്തോലിക്കാ സഭയോട് അവർ പുലർത്തിയ ആദരവും വിസ്മയിപ്പിച്ചിട്ടുണ്ട്.

ന്യൂൺഷ്യേച്ചറിലെ ജീവിതവും പ്രത്യേകതകളുള്ളതാണ്. ആത്മീയമായ അച്ചടക്കം പാലിക്കാനും സഹപ്രവർത്തകരുമായി സൗഹാർദ്ദത്തോടെ ഒരുമിച്ചു പ്രവർത്തിക്കാനുമെല്ലാം കഴിഞ്ഞിട്ടുണ്ട്.

**Theological grounds for sending representatives of the Holy See**

The existence and activity of the representatives of the Bishop of Rome and of the Holy See find its theological justification in teaching about the Church and especially about Peter's mission in the Church, about collegiality and unity of bishops. These issues were enunciated anew in the documents of the Second Vatican Council. Subsequently, this teaching was consistently presented in the post-conciliar document by Pope Paul VI; namely, in motu proprio Sollicitudo omnium Ecclesiarum (The care of all Churches). Canons concerning this matter are instanced in both codes promulgated by John Paul II (Canons 362-367 of the Code of Canon Law and canon 46 of the Code of Canons of the Eastern Churches). The Bishop of Rome is a permanent and visible source and foundation of the unity of the Church, bishops and the faithful all over the world. One of his main tasks is concern for keeping unity and indivisibility of the Church (cf. LG, 18), maintaining unity of faith, sacraments and discipline (cf. OE, 2). The precondition for exercising by the Holy Father his mission in the Catholic Church community is keeping close relationships with brothers in episcopate and with the particular churches. The presence of the Pope in all particular churches is necessary for him in order to know their condition and their needs. For obvious reasons, the Pope cannot do it personally in a permanent way. In the canon 362 of the Code of Canon Law it is stated that "The Roman Pontiff has the innate and independent right to appoint, send, transfer, and recall his own legates either to particular churches in various nations or regions or to states and public authorities. The norms of international law are to be observed in what pertains to the mission and recall of legates appointed to states." Therefore, a nuncio is an associate of the Bishop of Rome in exercising the mission of the superior Shepherd of the Church. He participates in the charism of this superior fatherhood. Thus, his mission is a deeply pastoral ecclesiastical duty and not a secular or political task. It is not surprising then that the Second Vatican Council, being deeply pastoral, enriched the diplomatic activity of nuncios with a substantial innovation: their mission towards a particular Church is a religious ecclesiastical function ad intra, whilst their mission towards a state as a political community is a religious ecclesiastical function ad extra. The tasks of a Nuncio Since the tasks of a nuncio are connected with his double mission, they can be divided into two areas:

A. Tasks towards particular Church The most important duties in this area are the following: 1. Representing the Pope (The Holy See) to a particular Church 2. Informing the Apostolic See about life, conditions and activity of a given particular Church 3. Assisting the bishops and the Bishops' Conference by action and advice, leaving intact the exercise of their lawful power and personal responsibility 4. In connection with the appointment of ordinary and auxiliary bishops, proposing names of candidates to the Apostolic See, as well as preparing the informative processes about those who may be promoted 5. Participating in ecumenical activities and in international cooperation of a particular Church 6. Safeguarding powers and rights of a particular Church and the Holy See

B. Tasks towards state authorities Overall, the tasks which have to be mentioned are the following: 1. Representing the Pope (The Holy See) to state authorities or to international organizations 2. Fostering appropriate relationships between the Apostolic See and state authorities 3. Addressing questions concerning relations between Church and State (in consultation with the Bishops' Conference), drawing up concordats, agreements, treaties, and covenants. 4. Conducting dialogue and cooperation with state authorities for the sake of human rights, respect for human dignity, freedom of faith, conscience and worship, protection of life, stability of family, solidarity with the poorest members of society, promoting peace between different groups and nations.

**ഈ ശുശ്രൂഷയ്ക്ക് സഭ ഒരാളെ ഒരുക്കുന്നതെങ്ങനെയാണ്?**

വത്തിക്കാനിലെ സ്റ്റേറ്റ് സെക്രട്ടേറിയറ്റ് ലോകത്തുള്ള എല്ലാ മെത്രാൻമാരോടും കാൻഡിഡേറ്റ്സിനെ നിർദ്ദേശിക്കാൻ ആവശ്യപ്പെടും. അതിനുശേഷം പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തി പൊന്തിഫിക്കൽ എക്ളേസിയാസ്റ്റിക്കൽ അക്കാദമിയിൽ പരിശീലനത്തിനയയ്ക്കും. ആ അക്കാദമി വളരെ പണ്ടേ തുടങ്ങിയതാണ്. എതാണ്ട് 1700 കളിൽ. 'പിയാസ്സാ ദ്‌ല മിനർവ' എന്ന സ്ഥലത്താണ് ഈ അക്കാദമി.

ന്യൂൺഷ്യേച്ചറിലെ പ്രോട്ടോക്കോളുകൾ, മര്യാദകൾ തുടങ്ങി എല്ലാചിട്ടവട്ടങ്ങളും അവിടെ പരിശീലിപ്പിക്കും. പിന്നെ പല കോഴ്സുകളുണ്ട്. അന്തർദ്ദേശീയ നിയമങ്ങൾ, നയതന്ത്ര ചരിത്ര വസ്തുതകൾ, വിവിധ ഭാഷകൾ അങ്ങനെ ഒട്ടേറെ കാര്യങ്ങൾ പഠിക്കും. അതിനോടൊപ്പം തന്നെ ഡോക്ടറേറ്റ് പൂർത്തിയാക്കുകയും വേണം. അതിനൊപ്പം അംബാസഡർമാരുമായും ന്യൂൺഷ്യാമാരുമായു മൊക്കെ സംവാദങ്ങൾക്കും അവസരമുണ്ട്.

www.malankaralibrary.com



ഒരു കരിയറായി നമുക്കിതിനെ കാണാനാവില്ല. ഇതൊരു ശുശ്രൂഷയാണ്.

ഈ പരിശീലനത്തിന് നാലു ഘട്ടങ്ങളുണ്ട്. ആദ്യത്തെ ഒന്നോ രണ്ടോ വർഷം പ്രൊബേഷനാണ്. പിന്നെ സെക്കന്റ് സെക്രട്ടറി, ഫസ്റ്റ് സെക്രട്ടറി, സെക്കന്റ് കൗൺസിലർ, ഫസ്റ്റ് കൗൺസിലർ എന്നിങ്ങനെ നാലു വർഷം വീതമുള്ള നാലുഘട്ടങ്ങൾ. മാർപാപ്പയോടു ചേർന്ന് 'തേർഡ് സെക്ഷൻ ഓഫ് ദ സെക്രട്ടറി ഓഫ് സ്റ്റേറ്റ്' ആണ് അവരുടെ പരിശീലനവും പ്രൊമോഷനും ഒക്കെ തീരുമാനിക്കുന്നത്.

**ഖസാക്കിസ്ഥാനിലെ സാഹചര്യങ്ങൾ എങ്ങനെയാണ്?**

ഒരു രാജ്യത്തും പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധിക്ക് സൈനിക, സാമ്പത്തിക ലക്ഷ്യങ്ങളില്ല. അതുകൊണ്ടു തന്നെ ആ രാജ്യം നമ്മെ വളരെ സൗഹാർദ്ദപരമായി സ്വാഗതം ചെയ്യാറുണ്ട്. മാർപാപ്പയ്ക്ക് ആ രാജ്യത്തോടുള്ള സ്നേഹത്തിന്റെ അടയാളമാണ് എംബസി. മതസ്വാതന്ത്ര്യം, മനുഷ്യാവകാശങ്ങളും മനുഷ്യാന്തസ്സും പ്രോത്സാഹിപ്പിക്കുക, ക്രിസ്തീയ വിദ്യാഭ്യാസം, പാരിസ്ഥിതിക പ്രവർത്തനങ്ങൾ തുടങ്ങിയവയൊക്കെ നമ്മുടെ പ്രവർത്തന മേഖലകളാണ്. കസാഖിസ്ഥാൻ മുസ്ളീം ഭൂരിപക്ഷമുള്ള രാജ്യമാണ്. 2022-ൽ വേൾഡ് റിലിജിയസ് മീറ്റിംഗിന് വേദിയായ സ്ഥലമാണ്. പരിശുദ്ധ പിതാവ് ആ സമ്മേളനത്തോടനുബന്ധിച്ച് രാജ്യം സന്ദർശിച്ചിരുന്നു. അതുകൊണ്ടു തന്നെ വിവിധ മതങ്ങളുമായുള്ള ബന്ധം, സംവാദങ്ങൾ, പഠനങ്ങൾ തുടങ്ങിയവയൊക്കെ അവിടെ പ്രസക്തമായിരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പതിനേഴു ശതമാനം മാത്രമേ ക്രിസ്ത്യാനികൾ കസാഖിസ്ഥാനിലുള്ളൂ. അസ്റ്റാന അതിരൂപത ഉൾപ്പടെ 5 രൂപതകളിലായി 120000 കത്തോലിക്കർ അവിടെയുണ്ടെന്നാണ് ഏകദേശ കണക്ക്. ലാറ്റിൻ റൈറ്റിനു പുറമേ സ്വയംഭരണാധികാരമുള്ള ബൈസന്റൈൻ കാത്തലിക് ചർച്ചും അവിടെയുണ്ട്.

**മാർപാപ്പമാരുമായുള്ള ബന്ധം?**

ബനഡിക്ട് പതിനാറാമൻ പാപ്പായോടും ഫ്രാൻസിസ് പാപ്പായോടും ഒപ്പം ശുശ്രൂഷ നിർവഹിക്കാൻ കഴിഞ്ഞു എന്നത് ജീവിതത്തിലെ ഒരു വലിയ ഭാഗ്യമാണ്. ബനഡിക്ട് പാപ്പാ വളരെ ആഴത്തിൽ സഭയെ നോക്കിക്കാണുന്ന ഒരാളമാണ്. വലിയ വായനയുള്ളയാളാണ്. കുശല പ്രശ്നങ്ങളേക്കാൾ അദ്ദേഹം ചോദിക്കുന്ന ചോദ്യങ്ങൾ അങ്ങനെയുള്ളവയാണ്. അദ്ദേഹം ഒരു ദൈവശാസ്ത്രജ്ഞൻ കൂടിയായിരുന്നല്ലോ! ഫ്രാൻസിസ് പാപ്പാ കുറച്ചു കൂടി അടുത്തിടപഴകാൻ അവസരം കിട്ടിയ ആളാണ്. ഹൃദയം കൊണ്ട് ഇടപെടും. സൈപ്രസിൽ വന്നപ്പോൾ ഒപ്പം താമസിച്ചിട്ടുണ്ട്. ലളിതമനസ്കനാണ്. ഒരിക്കൽ പരിചയപ്പെട്ടാൽ ഓർമ്മയിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കും. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പ്രചരിപ്പിക്കുന്ന പോസിറ്റിവിറ്റി വളരെ വലുതാണ്. കത്തോലിക്കാ സഭ സഭകളുടെ കൂട്ടായ്മയാണ് എന്ന ചിന്ത നാൾക്കുനാൾ പ്രബലമായിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. പൗരസ്ത്യസഭകളെ റോം വളരെ ബഹുമാനത്തോടും ശ്രദ്ധയോടും കൂടിയാണ് വീക്ഷിക്കുന്നത്. അതിന്റെ ഏറ്റവും അടുത്ത തെളിവുകളാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനെ, അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനിയെ കർദ്ദിനാളായി ഉയർത്തി തന്റെ ആലോചനാ സംഘത്തിൽ അംഗമാക്കിയതും ഈ സഭയിൽ നിന്നൊരാളെ പാപ്പാ തന്റെ പ്രതിനിധിയായി തെരഞ്ഞെടുത്തതും.

www.malankaralibrary.com




**ദൈവവിളിയുടെയും പൗരോഹിത്യ ജീവിതത്തിന്റെയും അടിസ്ഥാനങ്ങൾ?**

എന്റെ കുടുംബം, സെമിനാരി, ഇടവക എന്നിവയെല്ലാം എന്റെ ദൈവവിളിയെ പരിപോഷിപ്പിച്ച ഘടകങ്ങളാണ്. ഇവരെയെല്ലാം സംബന്ധിച്ച് വലിയ സന്തോഷത്തിന്റെ ഒരു സാഹചര്യമാണുള്ളത്. കുടുംബവുമായി ബന്ധപ്പെട്ട് എന്റെ മാതാപിതാക്കളാണ് എന്റെ ദൈവവിളിയുടെ ഉറവിടം. അമ്മയുടെ കുടുംബം സീറോ മലബാർ സഭാംഗങ്ങളായിരുന്നു. മാതൃസഹോദരനായ ഫാ. ഡൊമിനിക് ഇല്ലിക്കൽ, കുടുംബാംഗങ്ങളായിരുന്ന സിപ്രിയാൻ ഇല്ലിക്കമുറി, ജോസഫ് പുത്തൻപുര തുടങ്ങി നിരവധി വൈദികരുടെ പ്രോത്സാഹനവും ലഭിച്ചിട്ടുണ്ട്. ഇടവകയിലെ വേദപാഠാധ്യാപകരേയും വികാരിമാരേയും സന്യസ്തരേയും ഇടവക ജനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മലങ്കര സെമിനാരി കാലഘട്ടം ഒരു സുവർണ്ണ കാലഘട്ടമായിരുന്നു. ഏറ്റവും മിടുക്കരായ അധ്യാപകർ അക്കാലത്ത് തത്വശാസ്ത്ര ദൈവശാസ്ത്ര വിഭാഗങ്ങളിൽ ഉണ്ടായിരുന്നു. ഭാഗ്യസ്മരണാർഹനായ ദിവന്നാസിയോസ് തിരുമേനി, യശ:ശ്ശരീരരായ തോമസ് പത്തിപ്പറമ്പിലച്ചൻ, ഡാനിയേൽ മംഗലത്തച്ചൻ എന്നിവരൊക്കെ വളരെ സ്വാധീനം ചെലുത്തിയ ഗുരുക്കൻമാരാണ്. അഭിവന്ദ്യരായ തോമസ് മാർ യൗസേബിയോസ് തിരുമേനി, അബ്രഹാം മാർ യൂലിയോസ് തിരുമേനി, മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ് തിരുമേനി, ബഹു. ജോൺ പടിപ്പുരക്കലച്ചൻ, ഭാഗ്യ സ്മരണാർഹനായ ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി തുടങ്ങി നന്ദിയോടെ ഓർമ്മിക്കുന്ന ഒട്ടനവധി ആചാര്യശ്രേഷ്ഠരുടേയും വൈദികരുടേയും ശിഷ്യത്വം സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദ്ധ്യാത്മിക ഗുരുക്കന്മാരായിരുന്ന ബഹുമാന്യരായ തോമസ് മൂലവീട്ടിലച്ചൻ, മാത്യു പഞ്ഞിക്കാട്ടിലച്ചൻ, ജേക്കബ് ഒ.ഐ.സി അച്ചൻ തുടങ്ങിയ വൈദികശ്രേഷ്ഠരെയും പ്രാർത്ഥനാപൂർവം ഓർമ്മിക്കുന്നു. ബഹു. തോമസ് കുളങ്ങരയച്ചന്റെ 'ചിൽഡ്രൻ ഫോർ യൂണിറ്റി' എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. അങ്ങനെ ഒരുപാടു പേരുടെ സ്നേഹവും വാത്സല്യവുമാണ് എന്റെ ജീവിതം. സെമിനാരിയിൽ എന്റെ ഗുരുക്കൻമാരായിരുന്ന എല്ലാവരേയും സ്നേഹത്തോടും പ്രാർത്ഥന യോടും നന്ദിയോടും കൂടി ഹൃദയത്തിൽ സൂക്ഷിക്കുന്നു.

**മേൽപ്പട്ട ശുശ്രൂഷയെക്കുറിച്ചുള്ള ബോധ്യങ്ങൾ?**

ദൈവം സ്നേഹമാണെന്നുള്ള തിരിച്ചറിവാണ് എന്നെ മാറ്റിമറിച്ചത്. ദൈവം ത്രിത്വമാണ്. അതിനാൽ ത്തന്നെ ദൈവം സ്നേഹമാണ്. ആ ബോധ്യം എന്റെ ജീവിതത്തെ ഒരുപാട് സന്തോഷഭരിതമാക്കിയിട്ടുണ്ട്. ആ സ്നേഹം പങ്കുവയ്ക്കുക എന്നതാണ് എന്റെ മേൽപ്പട്ട ശുശ്രൂഷയിൽ ഞാൻ ഉന്നം വയ്ക്കുന്നത്. സെൽഫ് ലവിൽ നിന്ന് സെൽഫ് ലെസ് ലവിലേക്ക് വളരാനാവണം. എളിമയാണ് പ്രേഷിത പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നത്. കൂടുതൽ എളിമപ്പെടുന്നവൻ കൂടുതൽ വളരുന്നു. എല്ലാം ദൈവകൃപയായി കാണുന്നു. നിങ്ങളുടെ പ്രാർത്ഥനകൾ എന്നും ഉണ്ടാവണം.

www.malankaralibrary.com




# Presentation of the Coat of Arms of H. E. Mar George Panamthundil Titular Bishop of Floriana, Apostolic Nuncio in Kazakhstan

The episcopal coat of arms based on the rules and symbols of heraldry is a visuallanguage to communicate identity or ideal messages through images and signs. Each newbishop, in the wake of a deep-rooted iconographic and symbolic tradition of the Church, provides for the creation of his own coat of arms, which today can be understood as a visualmedium to which he can entrust his own ideal message to express aspects of his vocation ordirections of his ministry, and, at the same time, be the necessary seal of administrative acts or pastoral documents that the bishop's function requires.

In the case of the coat of arms adopted by Archbishop George Panamthundil, the insignia is inspired, in its chosen symbols and composition, by his motto: "In unitate Trinitatis". Thus in the coat of arms, first of all, the figure of the Holy Trinity is evoked through one of its oldest and best known symbols: the three intertwined rings. This abstract figure effectively symbolises the divine Trinity: the rings represent the Father, the Son and the Holy Spirit, who, while maintaining the distinction of Persons, are united and inseparably intertwined in the one Nature of God. Thus, is manifested the essence of the Trinitarian mystery, which is a mystery of perfect communion in love, respect for singularities and the preservation of unity. The pastoral ministry of Archbishop Panamthundil is to be oriented towards building the unity of the Church, communion in love and the promotion of universal brotherhood.

The three intertwined rings are accompanied, on the right side, by the Stella Maris, the ancient symbol of the Virgin Mary: She is the sure guide in the nights of existence and the beacon that orients us in the storms of life. At the bottom, the letters 'A' and 'O', the first and last letters of the Greek alphabet, evoke Christ as the beginning and end of history, as the Word creator and Universal Judge.

The shield is coloured deep ruby red: on the one hand, it alludes to the fire of Trinitarian love, which blazes and ignites all believers with charity; on the other, it recalls the blood, symbol of the redemptive sacrifice of Christ crucified and the martyrdom of St. George. The Archbishop pledges his faithfulness to God in the service of the Church even unto the shedding of blood'.

Finally, the lower part of the shield depicts the figure of the shell Turbinella pyrum, which appears in the coat of arms of Kerala, the Indian state of which Archbishop Panamthundil is a native, and even earlier in the insignia of the Kingdom of Travancore. The new Archbishop does not want to forget his homeland, from which he received the gift of faith, and intends to always keep it in his heart, in whatever nation his service to the Holy Father will lead him. According to Charbonneau-Lassay's Le Bestiaire du Christ, the Turbinella pyrum would also symbolise the propagation and spread of the Word of God.

The composition of the insignia and its artistic design is by the heraldist Marco Foppoli (AIH), who also drew up the usual blazoning, i.e. the technical description of the coat of arms, which is reproduced below.

Coat of arms of Archbishop Mar George Panamthundil, titular Archbishop of Floriana: gules with three rings intertwined in a triangular position accompanied in the right canton by the star of eight rays all in gold; on the campaign a silver Turbinella pyrum shell placed in a pole and flanked by the letters "A" and "O" in gold. Motto: In unitate Trinitatis. The coat of arms is distinct with the archiepiscopal markings of the Syro-Malankara Church: the shield is flanked by the gold astylar cross supported by two serpent heads and surmounted by the green hat with 20 green bows.

www.malankaralibrary.com





റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

# സെവില്ലിലെ വി. ഇസിദോർ



**ആമുഖം**

'പുരാതന ലോകത്തെ അവസാന പണ്ഡിതൻ', 'ദൈവത്തിന്റെ ഗ്രന്ഥശാല സൂക്ഷിപ്പുകാരൻ' എന്നൊക്കെ ചരിത്രം ചാലിച്ചുനല്കിയ ആദരങ്ങൾ ഏറ്റുവാങ്ങിയ വി. ഇസിദോർ 'ഇരുണ്ട യുഗം' എന്നറിയപ്പെടുന്ന ഒരു കാലഘട്ടത്തിൽ അജ്ഞതയുടെ അന്ധകാരത്തെ തന്റെ വിജ്ഞാനപ്രകാശത്താൽ പ്രശോഭിപ്പിച്ചവനാണ്. പ്രപഞ്ചോല്പത്തി മുതൽ താൻ ജീവിച്ചിരുന്ന കാലഘട്ടം വരെയുള്ള എല്ലാ അറിവിനെയും സംഗ്രഹിക്കാൻ പരിശ്രമിച്ചവൻ എന്ന നിലയിൽ അദ്ദേഹം കൈവരിച്ച വിജയത്തിന്റെ അടയാളം കൂടിയായിരുന്നു നാം ജീവിച്ചിരിക്കുന്ന ഈ യുഗത്തിലെ ഏറ്റം വലിയ കണ്ടുപിടുത്തങ്ങളിലൊന്നായ ഇന്റർനെറ്റിന്റെ മധ്യസ്ഥനായി അദ്ദേഹത്തെ സഭ തിരഞ്ഞെടുത്തത്. ചുരുങ്ങിയ ശതമാനം ജനത്തിനുമാത്രം എഴുത്തും വായനയും വശമായിരുന്ന ഒരു കാലഘട്ടത്തിൽ എല്ലാം അറിയാൻ ശ്രമിക്കുകയും അത് തന്റെ സഹജീവികളുമായി പങ്കുവയ്ക്കു

www.malankaralibrary.com

കയും ചെയ്ത പണ്ഡിതനാണ് അദ്ദേഹം. സഭയുടെ നേതൃസ്ഥാനം അലങ്കരിച്ചുകൊണ്ടു ഒരു രാജ്യത്തെ തന്നെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിനു നിസ്തുലമായ സംഭാവന നൽകിയ വിശുദ്ധരുടെ കുടുംബമാണ് വി. ഇസിദോറിന്റേത്. സ്പെയിനിലെ സെവില്ലിലെ ആർച്ചുബിഷപ്പായിരുന്ന വി. ഇസിദോറിന്റെ ഒരു സഹോദരൻ ആർച്ചുബിഷപ്പും, മറ്റൊരാൾ ബിഷപ്പും, ഏക സഹോദരി മഠാധിപതിയും ആയിരുന്നു. പുരാതന സ്പാനിഷ്-റോമൻ സംസ്കാരത്തെ ബാർബേറിയൻ അധിനിവേശത്തിൽ നിന്നും സംരക്ഷിക്കുകയും അപരിഷ്കൃത ജീവിതരീതികൾ പിന്തുടർന്നിരുന്ന പല ഭരണാധികാരികളെയും ക്രിസ്തീയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ നവീകരിക്കുകയും ചെയ്ത അസാധാരണ പ്രതിഭയും പണ്ഡിതനുമായിരുന്നു വി. ഇസിദോർ. സഭയിലെ ഈ അസാമാന്യ വ്യക്തിത്വത്തെയും അദ്ദേഹത്തിന്റെ ആശയങ്ങളെയും അടുത്തറിയുന്നത് ഭൗതീക വിജ്ഞാനത്തെ ദൈവ മഹത്വത്തിനും മനുഷ്യനന്മയ്ക്കും ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് നമ്മെയും പഠിപ്പിക്കും.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

വി. ഇസിദോറിന്റെ ജീവചരിത്രം സമകാലീനർ ആരും തന്നെ എഴുതിയിട്ടില്ലാത്തതിനാൽ ജനിച്ച വർഷത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ബാല്യകാലത്തെക്കുറിച്ചും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിലനിൽക്കുന്നു. സ്പെയിനിലെ കാർത്തജേന എന്ന തുറമുഖ നഗരത്തിലാണ് എ.ഡി. 560-ൽ ഇസിദോർ ജനിച്ചത്. ഐബീരിയ പ്രദേശത്തു മെഡിറ്ററേനിയൻ കടലിനോട് ചേർന്നു കിടക്കുന്ന മനോഹരമായ ഒരു ഭൂപ്രദേശമാണിത്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് സെവേറിയൻ എന്നും അമ്മയുടെ പേര് തെയദോറ എന്നും ആയിരുന്നു. സ്പാനിഷ്-റോമൻ പ്രഭുകുടുംബത്തിൽ ഉൾപ്പെട്ടിരുന്ന ഇവരുടെ കുടുംബങ്ങൾ കത്തോലിക്കാ വിശ്വാസത്തെ പാവനമായി കരുതി വിശ്വാസതീക്ഷ്ണതയിലും വിശുദ്ധിയിലും ജീവിക്കാൻ ശ്രമിച്ചവരായിരുന്നു. തങ്ങളുടെ സ്വാധീനത്താൽ ആര്യൻ വംശജരായിരുന്ന വിസിഗോത് രാജാക്കന്മാരെ സത്യവിശ്വാസത്തിലേക്ക് കൊണ്ടുവരുന്നതിന് ഇവരുടെ കുടുംബങ്ങൾ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. പിന്നീട് വി. ഇസിദോറും സഹോദരന്മാരും ഈ ദൗത്യം തുടരുകയും ചെയ്തു.

മാതാപിതാക്കൾ ഇസിദോറിന്റെ ചെറുപ്പകാലത്ത് മരിച്ചുപോയതിനാൽ മൂത്ത സഹോദരനായ ലിയാണ്ടർ തന്റെ മൂന്നു സഹോദരങ്ങളുടെയും വളർച്ചയിലും വിദ്യാഭ്യാസത്തിലും നിർണ്ണായക സ്വാധീനം ചെലുത്തി. സെവില്ലിലെ കത്തീഡ്രൽ സ്കൂളിലാണ് ഇസിദോർ തന്റെ പ്രാഥമിക വിദ്യാഭ്യാസം നടത്തിയത്. അക്കാലത്തു ഈ പ്രദേശത്തെ ഏറ്റം പ്രശസ്തമായ ഒരു വിദ്യാഭ്യാസ സ്ഥാപനമായിരുന്നു ഇത്. ആർച്ചുബിഷപ്പ് ലിയാണ്ടർ ഉൾപ്പെടെയുള്ളവർ ഈ സ്കൂളിലെ അധ്യാപകരായി സേവനം ചെയ്തിരുന്നു. കാര്യങ്ങൾ വളരെ വേഗം ഗ്രഹിക്കാനും അപഗ്രഥിക്കാനും കഴിവുള്ള ഒരു വിദ്യാർത്ഥിയായിരുന്നു ഇസിദോർ. അദ്ദേഹത്തിന്റെ ഭാഷാപ്രാവീണ്യം എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന തരത്തിലായിരുന്നു. അങ്ങനെ ക്ലാസ്സിക്കൽ ലത്തീൻ, ഗ്രീക്ക്, ഹീബ്രു ഭാഷകൾ അദ്ദേഹം സ്വായത്തമാക്കി.



റോമൻ സംവിധാനങ്ങളോട് വിപ്രതിപത്തി വച്ചു പുലർത്തിയിരുന്ന ഗോത്തിക്ക് വംശജർ രണ്ടു നൂറ്റാണ്ടോളം ഐബീരിയൻ പ്രദേശങ്ങളിൽ ഭരണം നടത്തിയത് പുരാതന വിദ്യാഭ്യാസ രീതികളെ പ്രതികൂലമായി ബാധിച്ചു. പിന്നീട് വന്ന വിസിഗോത്ത് വംശജർ റോമൻ സംസ്ക്കാരത്തോടും അതിന്റെ ഉന്നത ചിന്താരീതികളോടും വളരെയധികം അനുഭാവം പുലർത്തിയിരുന്നു. പക്ഷെ ഇക്കൂട്ടർ ആര്യൻ വിശ്വാസികളും സത്യവിശ്വാസത്തെ അനുധാവനം ചെയ്തിരുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്താൻ ശ്രമിച്ചവരുമായിരുന്നു.

www.malankaralibrary.com

### മൂന്ന് ബിഷപ്പുമാരും ഒരു മഠാധിപതിയും

വി. ഇസിദോറിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് അദ്ദേഹത്തിന്റെ സഹോദരങ്ങളുടെ ജീവിതത്തെക്കുറിച്ചും അല്പം അറിയേണ്ടതാണ്. സഭാചരിത്രത്തിലെതന്നെ ഒരു അസാധാരണ കുടുംബമായിരുന്നു ഇദ്ദേഹത്തിന്റേത്. ഇസിദോറിനു മുൻപ് സെവില്ലിലെ ആർച്ചുബിഷപ്പായിരുന്ന വി. ലിയാണ്ടർ, അസ്തീജി രൂപതയുടെ ബിഷപ്പായിരുന്ന കാർത്തജേനയിലെ വി. ഫുൾജന്തിയൂസ്, നാല്പത് മഠങ്ങളുടെയും ആയിരത്തോളം സിസ്റ്റേഴ്സിന്റെയും അവരുടെ അനുബന്ധ പ്രവർത്തനങ്ങളുടെയും ചുമതലയുണ്ടായിരുന്ന കാർത്തജേനയിലെ വി. ഫ്ളോറന്തീന എന്നിവരായിരുന്നു ഈ സഹോദരങ്ങൾ.

### സെവില്ലിലെ വി. ലിയാണ്ടർ (534-600)


എ.ഡി. 534-ൽ സ്പെയിനിലെ കാർത്തജേന നഗരത്തിലാണ് ലിയാണ്ടർ ജനിച്ചത്. എ.ഡി. 576-ൽ ബെനെഡിക്റ്റീൻ സന്യാസം ആശ്ലേഷിച്ച ലിയാണ്ടർ 579-ൽ സെവില്ലിലെ ആർച്ചുബിഷപ്പായി നിയമിതനായി. വിസിഗോത് രാജാക്കന്മാരായിരുന്ന ഹെർമൻഗിൽഡ്, റിക്കാറെഡ് എന്നിവരെ കത്തോലിക്കാ വിശ്വാസത്തിലേക്ക് കൊണ്ടുവന്നത് ഇദ്ദേഹമാണ്. ലിയാണ്ടർ സ്ഥാപിച്ച കത്തീഡ്രൽ സ്കൂൾ വിദ്യാഭ്യാസത്തിൽ ഉന്നത നിലവാരം കൈവരിക്കുകയും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും അനേകർ പഠനത്തിനായി ഇവിടേയ്ക്ക് വരികയും ചെയ്തു. സ്പെയിനിലെ ഐബീരിയൻ പ്രദേശത്തുള്ള അനേകം രാജാക്ക ന്മാരെയും പ്രഭുക്കന്മാരെയും സത്യവിശ്വാസത്തിലേക്ക് ആനയിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. ഒരേസമയം കറകളഞ്ഞ രാജ്യസ്നേഹിയും അതേ സമയം സത്യവിശ്വാസ സംരക്ഷകനും ആയിരുന്നു ലിയാണ്ടർ. ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും ആര്യൻ വിശ്വാസിയായ ലിയുവിജിൾഡ് രാജാവ് ലിയാണ്ടറിനെ പുറത്താക്കുകയും ബിഷപ്പായി അധികം കഴിയുന്നതിന് മുൻപ് ബൈസാന്റിയത്തിൽ 579 മുതൽ 582 വരെ പ്രവാസത്തിൽ കഴിയുകയും ചെയ്തു. ഇക്കാലയളവിലാണ് ആര്യനിസത്തെ എതിർക്കുന്ന കൃതികൾ രചിക്കുന്നതും ഭാവി മാർപാപ്പ മഹാനായ വി. ഗ്രിഗറിയുമായി സൗഹൃദത്തിലാകുന്നതും. (പെലാജിയൂസ് രണ്ടാമൻ മാർപാപ്പയുടെ പ്രതിനിധി യായി ഗ്രിഗറി കോൺസ്റ്റാന്റിനോപ്പിളിൽ ഇക്കാലത്തു സേവനം അനുഷ്ഠിക്കുകയായിരുന്നു). നിഖ്യാ വിശ്വാസപ്രമാണം സ്പെയിനിലെ ദേവാലയങ്ങളിൽ ഏറ്റുപറയാനും ഇത് ഭവനങ്ങളിൽ ചൊല്ലാനും ആരംഭിച്ചതും വി. ലിയാണ്ടറാണ്. കൂടാതെ ഒന്നാം സെവിൽ സിനഡ് വിളിച്ചുകൂട്ടി ആര്യനിസത്തെ ശക്തിയുക്തം എതിർക്കുന്ന നിയമങ്ങൾ പാസാക്കുകയും തന്റെ രൂപതകളിൽ നടപ്പാക്കുകയും ചെയ്തു. നവംബർ 13-ന് അദ്ദേഹത്തിന്റെ തിരുനാൾ സഭ കൊണ്ടാടുന്നു.

### കാർത്തജേനയിലെ വി. ഫുൾജന്തിയൂസ്

ഫുൾജന്തിയൂസിന്റെ ജനനത്തീയതി നമുക്ക് ലഭ്യമല്ല. തന്റെ സഹോദരങ്ങളെപ്പോലെ ദൈവീക ജോലികൾക്കായി ജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം. വി. ലിയാണ്ടർ തന്റെ 'ലിബെല്ലൂസ്' എന്ന ഗ്രന്ഥത്തിൽ സഹോദരനെ തങ്ങളുടെ സ്വദേശത്തേയ്ക്ക് തിരികെ അയച്ചതിൽ ദുഃഖിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ കാരണം സഹോദരൻ അവിടെ നേരിടാൻ പോകുന്ന ചില വെല്ലുവിളികളെക്കുറിച്ചു ലിയാണ്ടറിന് അറിവുണ്ടായിരുന്നു



www.malankaralibrary.com




എന്നതാണ്. എ.ഡി. 590-നു ശേഷമാണ് സെവിൽ അതിരൂപതയുടെ സാമന്ത രൂപതയായ അസ്തിജിയുടെ (എസീജ) ബിഷപ്പായി ഫുൾജന്തിയൂസ് നിയമിതനായത്. ഇസിദോർ വിളിച്ചുകൂട്ടിയ രണ്ടാം സെവിൽ കൗൺസിലിൽ വച്ച് കൊർദോബായിലെ ബിഷപ്പുമായി ഫുൾജന്തിയൂസിന്റെ അസ്തീജി രൂപതയ്ക്കുണ്ടായ തർക്കം പരിഹരിക്കപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ സിനഡിൽ ഫുൾജന്തിയൂസും സംബന്ധിച്ചതായി രേഖകൾ സാക്ഷിക്കുന്നു. എ. ഡി. 633-ന് മുൻപായി അദ്ദേഹം മരിച്ചിരിക്കാനാണ് സാധ്യത. കാരണം ഈ സമയത്ത് അവിടെ മറ്റൊരു ബിഷപ്പ് അധികാരത്തിൽ വന്നതായി ചില ചരിത്ര രേഖകളിൽ കാണുന്നു. വി. ഫുൾജന്തിയൂസിന്റെ തിരുനാൾ ജനുവരി 14-ന് സഭ കൊണ്ടാടുന്നു.

**കാർത്തജേനയിലെ വി. ഫ്ളോറന്റീന**

ഒരു കുടുംബത്തിലെ ബിഷപ്പുമാരായ മൂന്നു സഹോദര ന്മാരുടെ ഏക സഹോദരിയാണ് വി. ഫ്ളോറന്റീന. ആയിരത്തോളം വരുന്ന, നാല്പതിലധികം മഠങ്ങളിൽ അധിവസിച്ചിരുന്ന സന്യാസിനികളുടെ മഠാധ്യക്ഷ യായിരുന്നു ഇവർ. ചെറുപ്പത്തിലേ മാതാപിതാക്കൾ മരിച്ചുപോയതിനാൽ മൂത്ത സഹോദരൻ ലിയാണ്ടറിന്റെ സംരക്ഷണത്തിലാണ് ഫ്ളോറന്റീന വളർന്നത്. സന്യാസ ജീവിതം തിരഞ്ഞെടുത്ത ആ സഹോദരന്റെ മാതൃക പിന്തുടർന്നു കൊണ്ട് ക്രിസ്തീയ സന്യാസത്തെ അവളും ആശ്ലേഷിച്ചു. ഫ്ളോറന്റീനയുടെ മഹനീയ മാതൃകയിലും ജീവിത രീതിയിലും ആകൃഷ്ടരായി ഈ പ്രദേശത്തുള്ള അനേകം സ്ത്രീകൾ സന്യാസിനി മാരായിത്തീർന്നു. അങ്ങനെ ഫ്ളോറന്റീനയുടെ നേതൃത്വത്തിൽ വലിയൊരു സന്യാസിനീ സമൂഹം രൂപപ്പെട്ടു. ബിഷപ്പുമാരായ സഹോദരന്മാരുടെ സഹായം കൂടി ആയപ്പോൾ ഈ സമൂഹം വളരെ വേഗം വളർന്നു. സഹോദരൻ ഫുൾജന്തിയൂസ് ബിഷപ്പായിരുന്ന അസ്തീജി രൂപതയായിരുന്നു ഈ സന്യാസ ആശ്രമത്തിന്റെ കേന്ദ്രം. മൂത്ത സഹോദരൻ ആർച്ചു ബിഷപ്പ് ലിയാണ്ടർ ആണ് ഈ സമൂഹത്തിന്റെ നിയമാവലി തയ്യാറാക്കിയത്. ലോകവ്യാപാരങ്ങളിൽ നിന്നും അകന്നു നിന്നുകൊണ്ട് വിശുദ്ധ ഗ്രന്ഥപഠനത്തിലും പരസ്പര സ്നേഹത്തിലും വളർന്നു ഒരു സമൂഹമായി ജീവിച്ചുകൊണ്ട് വിശുദ്ധി പ്രാപിക്കാനുതകുന്ന നിയമങ്ങളായിരുന്നു ഇവരുടേത്. തന്റെ വിശുദ്ധരായ സഹോദരന്മാരുടെ മാർഗ്ഗനിർദേശത്തിൽ ജീവിച്ചു ഫ്ളോറന്റീനയും വിശുദ്ധയായി ത്തീർന്നു. എ.ഡി. 612-ൽ അന്തരിച്ച വി. ഫ്ളോറന്റീനയുടെ തിരുനാൾ ജൂൺ 20-ന് സഭ കൊണ്ടാടുന്നു.

**സെവില്ലിലെ ആർച്ചുബിഷപ്പ്**

ആധുനിക സ്പെയിനിലെ സ്വയംഭരണാധികാരമുള്ള ആന്തലൂസിയ പ്രദേശത്തെ ഏറ്റം വലിയ നഗരമാണ് സെവിൽ. ഐബീരിയൻ ഉപദ്വീപ് പ്രദേശത്തുള്ള ഈ പട്ടണം സ്പെയിനിലെ നാലാ മത്തെ വലിയ നഗരവുമാണ്. മൂന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ സെവിൽ അതിരൂപതയിൽ ഇന്നുള്ള ഇരുപതു ലക്ഷത്തോളം വരുന്ന ജനങ്ങളിൽ തൊണ്ണൂറ്റി എട്ടു ശതമാനവും കത്തോലിക്കരാണ്. എട്ടാം നൂറ്റാണ്ടു മുതൽ പതിനൊന്നാം നൂറ്റണ്ട് വരെ ഈ പ്രദേശം മുസ്ലീം ഭരണത്തിൻ കീഴിൽ ആയിരുന്നുവെങ്കിലും സ്പെയിൻ ജനത തങ്ങളുടെ ക്രിസ്തീയ വിശ്വാസം വീണ്ടെടുക്കുന്നതിൽ വിജയിച്ചുവെന്ന് പിന്നീടുള്ള ചരിത്രം വ്യക്തമാക്കുന്നു. (പതിനാലാം നൂറ്റാണ്ട് വരെ ഈ പ്രദേശങ്ങളിൽ മുസ്ലീം സ്വാധീനം ശക്തമായി നിലനിന്നിരുന്നു). മുഹമ്മദ് നബിയുടെ (571-632) സമകാലീനൻ കൂടി ആയിരുന്ന വി. ഇസിദോറാണ് ഈ പ്രദേശത്തെ ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റം വലിയ പ്രചോദനമായി കരുതപ്പെടുന്നത്. അദ്ദേഹത്തിൽ നിന്നും പകർന്നു നൽകപ്പെട്ട പൈതൃകത്തിന്റെ ശക്തിയാൽ കത്തോലിക്കാ വിശ്വാസത്തെ ആന്തലൂസിയ പ്രദേശങ്ങളിലൊക്കെ പുനഃപ്രതിഷ്ഠിക്കുന്നതിൽ വിജയിച്ചുവെന്നതിന് ചരിത്രം സാക്ഷി.

വി. ഇസിദോറിന്റെ മൂത്ത സഹോദരനും സെവില്ലിലെ ആർച്ചുബിഷപ്പുമായിരുന്ന വി. ലിയാണ്ടർ എ.ഡി. 600-ലാണ് അന്തരിച്ചത്. അദ്ദേഹത്തിന്റെ പിൻഗാമിയായി ഇസിദോർ നിയമിക്കപ്പെട്ടു. ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ലിയാണ്ടർ ബെനഡിക്റ്റീൻ സന്യാസി ആയിരുന്നു. എന്നാൽ സഹോദരൻ ഇസിദോർ സന്യാസി ആയിരുന്നു എന്നതിന് ചരിത്ര രേഖകൾ ഇല്ല. എന്നിരുന്നാലും സന്യാസ സമാന ജീവിതം നയിക്കുകയും തന്റെ രൂപതയിലെ സന്യാസികളോട് പിതൃവാത്സല്യത്തോടെ പെരുമാറുകയും ചെയ്ത അദ്ദേഹത്തിന്റെ ആദ്യ പ്രവർത്തി രൂപതയിലെ സന്യാസിമാരുടെ സംരക്ഷണം ഉറപ്പാക്കുന്ന ചില നിയമങ്ങൾ നടപ്പിൽ വരുത്തുക ആയിരുന്നു. എ.ഡി. 619-ൽ ആശ്രമങ്ങൾ ദുരുപയോഗിക്കുകയോ സന്യാസ

www.malankaralibrary.com

ത്തെ അവഹേളിക്കുകയോ ചെയ്യുന്ന വിശ്വാസി സ്വാഭാവികമായും സഭയിൽ നിന്നും പുറത്താക്കപ്പെടു മെന്നും ഇസിദോർ പ്രഖ്യാപിച്ചു.

സെവിൽ രൂപതയിലെ ജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ ഉന്നമനത്തിന് റോമൻ സംസ്കാരവും ഇപ്പോൾ അവിടെ പ്രബലമായിരിക്കുന്ന ബാർബേറിയൻ സംസ്കാരവും തമ്മിലുള്ള സമഗ്രമായ സമുന്വയം അനിവാര്യമാണെന്ന് ഇസിദോർ തിരിച്ചറിഞ്ഞു. തന്റെ കൈവശമുള്ള എല്ലാ ഉപാധികളും ഇത്തരത്തിലുള്ള ഒരു ഐക്യം സംജാതമാക്കുന്നതിനായി അദ്ദേഹം ഉപയോഗിച്ചു. ആര്യനിസം ഇക്കാലത്തും ഈ പ്രദേശങ്ങളിൽ പ്രബലമായിരുന്നത് പരിപൂർണ്ണമായും പരാജയപ്പെടുന്നത് ഇസിദോറിന്റെ പരിശ്രമത്താലാണ്. അതുപോലെ തന്റെ രൂപതയെ വലിയ ആത്മീയ അച്ചടക്കത്തിൽ രൂപപ്പെടുത്തുന്നതിന് സമഗ്രമായ ചില പദ്ധതികൾ അദ്ദേഹം നടപ്പിൽ വരുത്തി. വിദ്യാഭ്യാസം എന്ന മാർഗ്ഗം ഉപയോഗിച്ച് ബാർബേറിയൻ സംസ്കാരത്തെ പരിവർത്തനപ്പെടുത്തുന്നതിനും അദ്ദേഹം ഇക്കാലങ്ങളിൽ അശ്രാന്ത പരിശ്രമം നടത്തി. ഇസിദോറിന്റെ കൂർമ്മബുദ്ധിയും ഔൽസുക്യവും സെവില്ലിലെ വിദ്യാഭ്യാസ സമ്പ്രദായങ്ങളെ ശക്തമായി സ്വാധീനിച്ചു. അരിസ്റ്റോട്ടിലിന്റെ മാർഗ്ഗങ്ങൾ അദ്ദേഹം വ്യാപകമായി ഉപയോഗിക്കുകയും ഇത് ശാസ്ത്രീയ കാഴ്ചപ്പാടോടെ വിദ്യഭ്യാസത്തെ സമീപിക്കുന്നതിന് സഹായിക്കുകയും ചെയ്തു. മൂന്ന് പ്രധാനപ്പെട്ട പ്രാദേശിക കൗൺസിലുകൾ ഇസിദോറിന്റെ നേതൃത്വത്തിൽ നടത്തപ്പെടുകയും അങ്ങനെ സഭ നേരിട്ട വെല്ലുവിളികളെ ധീരമായും ദൈവശാസ്ത്രപരമായും പരിഹരിക്കുകയും ചെയ്തു.

**രണ്ടാം സെവിൽ കൗൺസിൽ (618)**

ആർച്ചുബിഷപ്പ് ഇസിദോർ വിളിച്ചുചേർത്ത ആദ്യത്തെ സിനഡാണ് രണ്ടാം സെവിൽ കൗൺസിൽ എന്ന പേരിൽ അറിയപ്പെടുന്നത്. ബയെത്തിക്ക പ്രവിശ്യയിൽ വച്ചാണ് ഇത് കൂടുന്നത്. ഇതിനു മുൻപ് 592-ൽ വി. ലിയാണ്ടറിന്റെ നേതൃത്വത്തിൽ സമാനമായ ഒരു സഭാസിനഡ് ഇവിടെ വച്ച് കൂടിയിരുന്നു. വിസിഗോത്ത് രാജാവായ സിസിബത്ത് ബയെത്തിക്ക തന്റെ രാജ്യത്തോടു കൂട്ടിച്ചേർത്ത കാലത്താണ് രണ്ടാം സെവിൽ കൗൺസിൽ നടക്കുന്നത്. ഈ ഭൂഭാഗങ്ങൾ നേരത്തെ ബൈസന്റീൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന സ്പെയിൻ പ്രോവിൻസിന്റേതായിരുന്നു. പുതിയ സംഭവവികാസങ്ങൾ കാരണം ഈ പ്രദേശത്തു നിന്നുള്ള ബിഷപ്പുമാർക്കും സിനഡിൽ സംബന്ധിക്കുന്നതിന് സാധിച്ചു.

ഇസിദോറിനെക്കൂടാതെ സാമന്തരൂപതകളിൽ നിന്നുമായി ഏഴ് ബിഷപ്പുമാർക്കൂടി ഈ സിനഡിൽ സംബന്ധിച്ചു. പതിമൂന്നു അദ്ധ്യായങ്ങളിലായി കൗൺസിലിന്റെ തീരുമാനങ്ങൾ പിൽക്കാല തല മുറയ്ക്ക് ലഭ്യമായിട്ടുണ്ട്. യുദ്ധകാലഘട്ടത്തിൽ മലാഗ രൂപതയിലെ ദേവാലങ്ങളും സ്ഥലങ്ങളും അതിർത്തി രൂപത




യിലെ ബിഷപ്പുമാർ കൈയ്യേറിയെന്ന് അവിടുത്തെ ബിഷപ്പ് തെയോഡുൾഫൂസ് പരാതിപ്പെട്ടു. ഇത് തിരികെ നൽകണമെന്ന് സിനഡിൽ തീരുമാനമെടുത്തു. വിവാഹിതരായ ചിലരുടെ പട്ടങ്ങൾ അസാധുവാക്കുകയും ഒരു പുരോഹിതനെയും രണ്ടു ഡീക്കന്മാരെയും സാധുവായ രീതിയിലല്ല പട്ടങ്ങൾ സ്വീകരിച്ചത് എന്ന കാരണത്താൽ ആ സ്ഥാനങ്ങളിൽ നിന്നും പുറത്താക്കുകയും ചെയ്തു. കൊർദോബ രൂപതയിലെ ബിഷപ്പ് ചില വൈദികർക്ക് പള്ളികൾ കൂദാശ ചെയ്യാനും അൾത്താരകൾ സ്ഥാപിക്കാനും അനുവാദം കൊടുത്തത് തെറ്റാണെന്ന് വിധിക്കുകയും ഭാവിയിൽ ഇത്തരം സംഭങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ എടുക്കണമെന്ന് നിർദേശിക്കുകയും ചെയ്തു. ബെറ്റിക്ക പ്രവിശ്യയിൽ സ്ഥാപിച്ച ആശ്രമങ്ങൾ നിയമാനുസൃതമെന്നു വിധിക്കുകയും അവിടുത്തെ ബിഷപ്പ് അതേറ്റെടുത്താൽ സഭയ്ക്കുപുറത്താകുമെന്നും വിധിച്ചു.

ഇതുകൂടാതെ കൗൺസിൽ ചർച്ച ചെയ്ത പ്രധാന വിഷയങ്ങളിൽ ചിലത് രൂപതയുടെ അധികാരങ്ങൾ, നിയമപരമല്ലാത്ത പട്ടങ്ങൾ, അനീതിപരമായ വൈദിക പുറത്താക്കലുകൾ, രൂപതകൾ തമ്മിലുള്ള അതിർത്തി തർക്കങ്ങൾ, ഇത് പരിഹരിക്കുന്നതിന് ഉപയോഗിച്ചിരുന്ന നിയമങ്ങൾ എന്നിവയാണ്. ഈ കൗൺസിലിൽ സംബന്ധിച്ചവരുടെ പട്ടികയിൽ അച്ചെ

www.malankaralibrary.com

ഫാലിയിൽ നിന്നുള്ള ബിഷപ്പ് ഗ്രിഗറി, സിസിക്ലൂസ്, സുഅനില എന്നീ രാജപ്രധിനിധികൾ എന്നിവരു മുണ്ടായിരുന്നു. ഏഴാം നൂറ്റാണ്ടിൽ ഐബീരിയൻ–ആഫ്രിക്കൻ സിനഡുകളുടെ തീരുമാനങ്ങൾ ഈ പ്രദേശത്തെ ഭാഷയിൽ ക്രോഡീകരിക്കാനുള്ള പരിശ്രമങ്ങൾക്കും ഈ സിനഡ് തുടക്കം കുറിച്ചു.

**മൂന്നാം സെവിൽ കൗൺസിൽ (622/624)**

ഈ കൗൺസിലിന്റെ രേഖകൾ പിന്നീട് നഷ്ടപ്പെട്ടു പോയതിനാൽ മറ്റു പലരും ഇതിനെക്കുറിച്ച് എഴുതി യതിൽ നിന്നും പിന്നീടുണ്ടായ കൗൺസിലു കളിൽ ഇതിലെ നിയമങ്ങളെക്കുറിച്ചു പ്രതിപാദി ച്ചിരിക്കു ന്നതിൽ നിന്നുമാണ് പിൽക്കാല തലമുറയ്ക്ക് പല ചരിത്ര വിവരണങ്ങളും ലഭ്യമായിട്ടുള്ളത്. എ.ഡി. 622–ലോ 624–ലോ സെവില്ലിൽ വച്ച് ഇത് നടത്തപ്പെട്ടു എന്നാണ് കരുതപ്പെടുന്നത്. വി. ഇസിദോറിന്റെ നേതൃത്വത്തിലാണ് ഇത് നടത്തപ്പെട്ടത്. അസ്തീജി രൂപതയിലെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതായി രുന്നു ഈ കൗൺസിലിന്റെ പ്രധാന ലക്ഷ്യം. നിർബന്ധിതമായി ക്രിസ്തുമത ത്തിലേക്ക് യഹൂദന്മാരെ ചേർക്കുന്നു എന്ന പരാതിയും ഇവിടെ ചർച്ച ചെയ്യപ്പെട്ടു. ശരിയായ മാർഗ്ഗത്തിലൂടെ യല്ലാതെ മാമോദീസ നൽകിയ യഹൂദ കുട്ടികളെ ക്കുറിച്ചും ഈ കൗൺസിലിൽ ചില നിയമങ്ങൾ നിർമ്മി ക്കപ്പെട്ടു. അസ്തീജി രൂപതയുടെ ബിഷപ്പായിരുന്ന മാർട്ടിയാ നൂസിനെക്കുറിച്ചു ഉണ്ടായ ഒരു പരാതിയിൽ ഈ കൗൺസിലിൽ ചർച്ചചെയ്തു തീരുമാനമെടുത്തു. തന്റെയും രാജാവിന്റെയും ഭാവിയെക്കുറിച്ചു അറിയു ന്നതിന് ജോതിഷിയുടെ അടുത്ത് പോയെന്നതായി രുന്നു ആരോപണം. എന്നാൽ പിന്നീട് ഇത് തെറ്റാ ണെന്ന് തെളിയുകയും സിനഡ് അദ്ദേഹത്തെ കുറ്റ വിമുക്ത നാക്കുകയും ചെയ്തു.

**നാലാം ടൊളീഡോ കൗൺസിൽ (633)**

വിസിഗോത്സ് രാജാവായിരുന്ന സീസെനാന്ദ് എ.ഡി. 633–ൽ ടൊളീഡോയിലെ വി. ലെയോകാദിയ ദേവാലയത്തിൽ വച്ച് വിളിച്ചു ചേർത്ത കൗൺസിലാ ണിത്. വാർദ്ധക്യത്തിലായിരുന്നെങ്കിലും ഇതിന്റെ അദ്ധ്യക്ഷനായിരുന്നത് ആർച്ചുബിഷപ്പ് വി. ഇസിദോർ ആയിരുന്നു. സീസെനാന്ദ് രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്ന സ്പെയിനിലെയും ഗൗളിലെ (ഇന്നത്തെ ഫ്രാൻസ്) ചില പ്രദേശങ്ങളിലെയും അറുപത്താറ് ബിഷപ്പുമാർ സംബന്ധിച്ച ഈ സിനഡ് എഴുപത്തഞ്ചു പുതിയ നിയമങ്ങൾ നടപ്പിൽ വരുത്തി.

ദൈവശാസ്ത്രപരവും ആരാധനാപരവുമായ നിരവധി തീരുമാനങ്ങൾ എടുത്ത ഒരു പ്രാദേശിക സിനഡ് കൂടിയായിരുന്നു ഇത്. തങ്ങളുടെ പ്രവിശ്യ കളിൽ ഒരേ രീതിയിൽ വി. കുർബാന അർപ്പിക്കുക, ഈസ്റ്റർ ഒരേ ദിവസം ആചരിക്കുക, ദൈവവചന ത്തിലും സഭാനിയമങ്ങളിലും വൈദികർക്ക് അറിവുണ്ടാ യിരിക്കുന്നതിനു പദ്ധതികൾ ആവിഷ്ക്കരിക്കുക, എന്നിവ അവയിൽ ചില തീരുമാന ങ്ങളാണ്. വൈദികരുടെ നിയമനത്തിന് ബിഷപ്പിന്റെ ഔദ്യോഗിക എഴുത്തു വേണമെന്നും കൂദാശകളും പ്രാർത്ഥനകളും അനുഷ്ഠിക്കുന്നതിനെക്കുറിച്ചു കൃത്യമായി വൈദികർ ബിഷപ്പിനു സമയാസമയങ്ങളിൽ റിപ്പോർട്ട് ചെയ്യണ മെന്നും നിഷ്ക്കർഷിച്ചു.

ഭരണപരമായ നിരവധി നിയമങ്ങളും ഇവിടെ രൂപപ്പെട്ടു. മതപരിവർത്തനം നടത്തിയ യഹൂദന്മാർ തങ്ങളുടെ ക്രിസ്തീയ വിശ്വാസം ഉപേക്ഷിച്ചതിനെ ക്കുറിച്ചും ഇവിടെ ചർച്ചചെയ്തു അത് കൈകാര്യം ചെയ്യാനുതകുന്ന നിയമങ്ങൾ നടപ്പിൽ വരുത്തി. യഹൂദരെ നിർബന്ധിച്ചു മതം മാറ്റുന്നത് വിലക്കുകയും എന്നാൽ നേരത്തേ അങ്ങനെ ക്രിസ്തീയ വിശ്വാസത്തി ലേക്ക് വന്നവർ വി. കൂദാശകൾ സ്വീകരിക്കുന്നതിനാൽ അവർ ക്രിസ്ത്യാനികളാണെന്നും വിശദീകരിച്ചു.

രാജാവിനും രാജാവിന്റെ അഭിപ്രായങ്ങൾക്കും പ്രാധാന്യം നൽകിയ ഈ സിനഡിൽ സഭ സ്വതന്ത്ര മായി തീരുമാനമെടുക്കുകയും ചെയ്തുവെന്ന് കൗൺ സിൽ രേഖകൾ സൂചിപ്പിക്കുന്നു. എല്ലാ രൂപതകളും വൈദിക പരിശീലനത്തിനായി കത്തീഡ്രൽ ഉള്ള നഗരങ്ങളിൽ നിർബന്ധമായും സെമിനാരികൾ തുടങ്ങണമെന്ന് നിഷ്ക്കർഷിച്ചു. ഇത് വി. ഇസിദോർ സെവിൽ അതിരൂപതയിൽ തുടങ്ങിയതിന്റെ മാതൃക യിൽ ചെയ്യാമെന്നും നിർദേശിച്ചു. ബാർബേറിയൻ സംസ്കാരത്തെ ചെറുക്കുന്നതിനായി എല്ലായിടത്തും വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാകണമെന്നും ഗ്രീക്ക്, ഹീബ്രു തുടങ്ങിയ ഭാഷകളുടെ പഠനത്തിന് പുറമെ നവീകരണ വിഷയങ്ങളും പഠിപ്പിക്കണമെന്നും നിർദേശിച്ചു. നിയമം, മെഡിസിൻ തുടങ്ങിയ വിഷയ ങ്ങളുടെ പഠനവും ഈ സിനഡ് പ്രോത്സാഹിപ്പിച്ചു. അങ്ങനെ ഈ കൗൺസിൽ വഴി രാജ്യത്തെ ജന ങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്ന ഉത്തരവാദിത്വം രാജാവ് ബിഷപ്പുമാരെ ഏല്പിക്കുന്നു.

**മരണം**

മരണം തന്നെ മാടിവിളിക്കാൻ കാത്തുനിൽക്കുന്നു വെന്ന് മനസ്സിലാക്കിയ ഇസിദോർ തന്റെ സ്വർഗ്ഗ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ നടത്തി. അതിന്റെ ആദ്യപടിയായി കുടുംബപരമായി ലഭിച്ച വസ്തു വകകൾ തന്റെ രൂപതയിലെ പാവങ്ങൾക്കായി വിത രണം ചെയ്തു. വി. ഇസിദോറിന്റെ അഭ്യർത്ഥന മാനിച്ചു അദ്ദേഹത്തെ വി. വിൻസെന്റിന്റെ നാമത്തിലുള്ള ദേവാലയത്തിൽ എത്തിക്കുകയും അവിടെവച്ചു അനുതാപത്തിന്റെ അടയാളമായി പുരോഹിതർ അദ്ദേ ഹത്തിന്റെ നെറ്റിയിൽ ചാരം പൂശുകയും ചെയ്തു. ദൈവത്തിന്റെ കാരുണ്യത്തിനായി അദ്ദേഹം യാചി ച്ചുകൊണ്ട് തനിക്കുവേണ്ടി അപ്രകാരം ചെയ്യാൻ ദൈവ ജനത്തോടു അഭ്യർത്ഥിച്ചു. ദുഖിതരായിരുന്നെങ്കിലും തങ്ങളുടെ തീക്ഷ്ണമതിയായ അജപാലകന്റെ സ്വർഗ്ഗ പ്രവേശനത്തിനായി ദൈവജനമെല്ലാം പ്രാർത്ഥിച്ചു. തന്റെ വസ്തുക്കളിൽ എന്തെങ്കിലും ഇനിയും ബാക്കി യായി അവശേഷിക്കുന്നെങ്കിൽ അതും പാവങ്ങൾക്ക് വിതരണം ചെയ്യണമെന്നും അദ്ദേഹം ഇത്തരുണത്തിൽ ആഗ്രഹം പ്രകടിപ്പിച്ചു. ബിഷപ്പിന്റെ ഭവനത്തിൽ വച്ച്

www.malankaralibrary.com

എ.ഡി. 636 ഏപ്രിൽ 4-ന് വി. ഇസിദോർ അന്തരിച്ചു. ഏതാണ്ട് മുപ്പത്തിരണ്ട് വർഷ ക്കാലം സെവിൽ അതിരൂപതയ്ക്ക് ശക്തമായ ആത്മീയ നേതൃത്വം നൽകിയ വിശുദ്ധനായ ബിഷപ്പാ യിരുന്നു അദ്ദേഹം.

**അംഗീകാരം – വിശുദ്ധൻ, വേദപാരംഗതൻ**

വി. മാക്സിമസ് ദ കൺഫസ്സർ എന്ന പ്രശസ്ത പൗരസ്ത്യ ദൈവശാസ്ത്രജ്ഞന്റെ സമകാലീന നായിരുന്ന ഇസിദോർ പുരാതന ക്രിസ്തീയ തത്വ ജ്ഞരിൽ അവസാനകണ്ണിയായി കരുതപ്പെടുന്ന യാളാണ്. മദ്ധ്യകാലയുഗത്തിലെ വിദ്യാഭ്യാസ മേഖലയിൽ വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ പണ്ഡിതരിൽ ഒരാളുമാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന സരഗോസയിലെ വി. ബ്രൗലിയോയുടെ അഭിപ്രായത്തിൽ പുരാതന സ്പാനിഷ് സംസ്ക്കാരത്തെ ബാർബറിസത്തിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടി ദൈവം വഴി നടത്തികൊണ്ടുവന്ന ദൈവീക മനുഷ്യനാണ് ഇസിദോർ. 653-ലെ എട്ടാം ടൊളിഡോ കൗൺസിലും 688-ല പതിനഞ്ചാം ടൊളിഡോ കൗൺസിലും ഇസിഡോറിനെ പ്രശംസിച്ചുകൊണ്ടു ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "അസാധാരണ വേദപാരം ഗതൻ, കത്തോലിക്കാസഭയുടെ ഏറ്റം പുതിയ അലങ്കാരം, അടുത്തകാലത്തെ ഏറ്റം പണ്ഡിതനായ മനുഷ്യൻ, എല്ലായ്പോഴും ആദരവോടുകൂടി അനുസ്മരിക്കപ്പെടുന്ന, ഇസിദോർ". സഭ വിശുദ്ധരെ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിന് മുൻപുള്ള കാലഘട്ടത്തിൽ ജനങ്ങൾ വി. ഇസിദോറിന്റെ മരണ ത്തോടെ അദ്ദേഹത്തെ വിശുദ്ധനായി കരുതി പ്രാർ ത്ഥിച്ചിരുന്നു. ഏപ്രിൽ നാലിനാണ് അദ്ദേഹ ത്തിന്റെ തിരുനാൾ നാം ആഘോഷിക്കുന്നത്. 1722 ഏപ്രിൽ 25-ന് ബെനഡിക്റ്റ് പതിനാലാമൻ മാർപാപ്പ വി. ഇസിദോറിനെ സഭയിലെ വേദപാരംഗതനായി പ്രഖ്യാപിച്ചു.

ഇസിഡോറിനെ സെവില്ലിലാണ് കബറടക്കിയത്. എട്ടാം നൂറ്റാണ്ടിൽ അറബികൾ ഈ പ്രദേശം കീഴടക്കിയപ്പോൾ ഇവിടെ ജീവിച്ച മൊസറാബികളുടെ (ഇസ്ലാം മതം സ്വീകരിക്കാതെ ഇസ്ലാം ഭരണത്തിൻ കീഴിൽ അറബി സംസ്കാരം ഉൾക്കൊണ്ട് ജീവിച്ച ക്രിസ്ത്യാനികൾ) പ്രധാന തീർത്ഥാടന കേന്ദ്ര മായിരുന്നു വി. ഇസിദോറിന്റെ കബറിടം. പതിനൊന്നാം നൂറ്റാ ണ്ടോടെ വീണ്ടും ക്രിസ്ത്യാനികൾ ഇവിടെ ശക്തി പ്രാപിക്കുകയും വി. ഇസിദോറിന്റെ തിരുശേഷിപ്പുകൾ സ്പാനിഷ് ചക്രവർത്തി ഫെർഡിനാന്റ് ഒന്നാമൻ വീണ്ടെടുക്കുകയും ചെയ്തു. അൽ മുത്താതീദ് എന്ന കത്തോലിക്കാ കവി അദ്ദേഹത്തിന്റെ ശവക്കല്ലറയിൽ ഇപ്രകാരം ആലേഖനം ചെയ്തു: "അഭിവന്ദ്യ ഇസിദോർ, അങ്ങ് ഇപ്പോൾ ഇവിടുന്ന് യാത്ര പറയുന്നു. എന്നാൽ അങ്ങയുടെ പ്രശസ്തി എന്റേതുകൂടി ആയിരുന്നു." ഫെർഡിനാന്റ് രാജാവ് ലയോണിൽ പുതിയതായി നിർമ്മിച്ച സാൻ ഇസിദോർ ബസിലിക്ക യിലേക്ക് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ മാറ്റി സ്ഥാപിച്ചു.



പ്രശസ്ത ഇറ്റാലിയൻ കവി ദാന്തേ അലിഗിയേരി തന്റെ 'ഡിവൈൻ കോമഡി' എന്ന വിഖ്യാത കൃതിയിൽ സ്വർഗ്ഗത്തിൽ കാണപ്പെട്ട ദൈവശാസ്ത്രജ്ഞരുടെയും വേദപാരംഗതരുടെയെയും ഗണത്തിൽ വി. ഇസിദോ റിനെയും ഉൾപ്പെടുത്തിയിരിക്കുന്നു. സ്പെയിനിലെ സെവില്ല എഫ്സി ഫുട്ബോൾ ക്ലബ് വി. ലിയാണ്ടർ, ഫെർഡിനാൻഡ് മൂന്നാമൻ എന്നിവരോടൊപ്പം വി. ഇസിദോറിന്റെയും ചിത്രം തങ്ങളുടെ ലോഗോയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 1997-ൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വി. ഇസിഡോറിനെ ഇന്റർനെറ്റിന്റെ മധ്യസ്ഥനായി പ്രഖ്യാപിച്ചു.

**സാഹിത്യ സംഭാവനകൾ, കൃതികൾ**

ക്രിസ്തീയ വിശ്വാസത്തിൻ കീഴിൽ സ്പെയിനിനെ ഒന്നിപ്പിച്ചത് വി. ഇസിദോർ ആണ്. ആര്യൻ പാഷ ണ്ഡതയിലെ അപാകതകളെ തുറന്നുകാട്ടി, അതിനെ പിന്താങ്ങിയ രാജാക്കന്മാരെ സത്യവിശ്വാസത്തിലേക്ക് ആനയിച്ചുകൊണ്ടു, അദ്ദേഹം ഇത് സാധിതമാക്കി. ലത്തീൻ, ഗ്രീക്ക്, ഹീബ്രു ഭാഷകളിൽ ഉണ്ടായിരുന്ന പാണ്ഡിത്യം ധാരാളം ഗ്രന്ഥങ്ങൾ വായിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചു. സഭാപിതാക്കന്മാരെ കൂടാതെ മാർഷ്യൽ, സിസറോ, പ്ലീനി തുടങ്ങിയ വിജാതീയ എഴുത്തുകാരുടെ രചനകളും അദ്ദേഹം വായിച്ചിരുന്നു. എല്ലാ മേഖലകളിലും അറിവുണ്ടാ യിരുന്ന ഇസിദോർ ഒരു സഞ്ചരിക്കുന്ന സർവ്വ

www.malankaralibrary.com

വിജ്ഞാനകോശമായിരുന്നു. തന്റെ ജനത്തിന്, പ്രത്യേകിച്ചും വൈദികസമൂഹത്തിന്, അറിവ് പകർന്നു നല്കുന്നതിനായിരുന്നു അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചത്. പുതിയ ആശയങ്ങളെ അവതരിപ്പിക്കുക എന്നതിനേക്കാൾ അതുവരെ ഉണ്ടായിരുന്ന അറിവുകളെ സംഗ്രഹിക്കുക എന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. വി. ഇസിദോറിന്റെ പ്രധാനപ്പെട്ട കൃതികളിൽ ചിലതിന്റെ സംഗ്രഹമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

'**ആരംഭശാസ്ത്രം**'(***Etymologiae***): നൂറുകണക്കിന് ഗ്രന്ഥങ്ങളിൽ ഉൾക്കൊണ്ടിരുന്ന പുരാതന അറിവിന്റെ സംഗ്രഹമാണിത്. മധ്യകാല യുഗത്തിലെ പ്രധാനപ്പെട്ട പാഠപുസ്തങ്ങളിലൊന്നായിയുരുന്നു ഈ സർവ്വവിജ്ഞാനകോശം. സരഗോസയിലെ ബിഷപ്പായ ബ്രൗലിയോയുടെ നിർദേശമനുസരിച്ചു എഴുതിയ ഗ്രന്ഥസമാഹാരമാണിത്. ചില വാക്കുകൾക്ക് വിവിധ തരത്തിലുള്ള വിവരണങ്ങൾ നൽകപ്പെട്ട് അർത്ഥതലങ്ങൾ മാറിപ്പോയപ്പോൾ അതൊക്കെ കൃത്യതയോടെ വിവരിച്ചു നൽകിയത് ഇസിദോറിന്റെ ഈ കൃതിയിലൂടെയാണ്. പാശ്ചാത്യ ലോകത്ത്, പ്രത്യേകിച്ചും ലത്തീൻ ഭാഷയ്ക്ക് സ്വാധീനം ഉണ്ടായിരുന്ന പ്രദേശങ്ങളിൽ, ഒരു സഹസ്രാബ്ദത്തോളം ബൈബിൾ കഴിഞ്ഞാൽ സ്വാധീനമുള്ള ഗ്രന്ഥമായിരുന്നു വി. ഇസിദോറിന്റെ സർവ്വവിജ്ഞാനകോശം. അനേകായിരം വാക്കുകളുടെ ഉല്പത്തി, വ്യാകരണം, പ്രഭാഷണകല, ഗണിതം, ക്ഷേത്രഗണിതം, സംഗീതം, വാനശാസ്ത്രം, വൈദ്യശാസ്ത്രം, നിയമം, കത്തോലിക്കാസഭ, പാഷണ്ഡ വിഭാഗങ്ങൾ, തത്വശാസ്ത്രം, ഭാഷകൾ, നഗരങ്ങൾ, മനുഷ്യൻ, മൃഗങ്ങൾ, ലോകം, ഭൂമിശാസ്ത്രം, വഴികൾ, കൃഷി, യുദ്ധം, കപ്പലുകൾ, വസ്ത്രങ്ങൾ, ഭക്ഷണങ്ങൾ, ഉപകരണങ്ങൾ കല്ലുകൾ, ലോഹങ്ങൾ, യുദ്ധങ്ങൾ... തുടങ്ങി അന്ന് അറിവുണ്ടായിരുന്ന എല്ലാ വിഷയങ്ങളും ഈ ഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്നു. ചരിത്രത്തിൽ പിന്നീട് വന്ന, ദാന്തേയും ചൗസറും പോലുള്ള എഴുത്തുകാർ ഈ ഗ്രന്ഥം തങ്ങളുടെ കൃതികളിൽ ഉദ്ധരിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളായി ഇതിന്റെ ധാരാളം പതിപ്പുകൾ വിവിധ കാലങ്ങളിലായി പുറത്തിറങ്ങിയിട്ടുണ്ട്. 20 വാല്യങ്ങളിലായി 448 അധ്യായങ്ങളാണ് ഈ ഗ്രന്ഥസമാഹാരത്തിലുള്ളത്. ഇസിദോർ ഇത് രൂപപ്പെടുത്തിയില്ലായിരുന്നെങ്കിൽ പുരാതനമായ പല അറിവുകളും പിൽക്കാല തലമുറയ്ക്ക് നഷ്ടപ്പെട്ടുപോകുമായിരുന്നു എന്ന് പണ്ഡിതലോകം വിശ്വസിക്കുന്നു.

'**സന്യാസ നിയമങ്ങൾ**' (***Regula Monachorum***): തന്റെ അതിരൂപതയിലെ സന്യാസികൾക്കായി ഇസിദോർ ഒരു നിയമാവലി എഴുതിയുണ്ടാക്കി. സഹോദരി സി. ഫ്ളോറന്തീനയുടെ അഭ്യർത്ഥന മാനിച്ചു മൂത്ത സഹോദരൻ വി. ലിയാണ്ടർ സന്യാസികൾക്കായി ഒരു നിയമസംഹിത നേരത്തെ തന്നെ എഴുതിയുണ്ടാക്കിയിരുന്നു. ബിഷപ്പുമാർക്ക് സന്യാസ ആശ്രമങ്ങളിൽ വലിയ സ്വാധീനമുണ്ടായിരു ന്നതിന് ഇസിദോർ മാറ്റങ്ങൾ വരുത്തുന്നു. ബിഷപ്പ് നേരിട്ട് ആശ്രമാധിപനെ നിശ്ചയിക്കുന്നതും, സന്യാസിമാരുടെ തെറ്റുകൾ തിരുത്താൻ ശ്രമിക്കുന്നതുമൊക്കെ അവരുടെ അധികാരാവകാശങ്ങളിലുള്ള കൈകടത്തലായിട്ടാണ് ഇസിദോർ കണ്ടിരുന്നത്.

വി. ഇസിദോറിന്റെ സ്വഭാവവും അദ്ധ്യാത്മികതയും വെളിവാക്കുന്ന ഒരു ഗ്രന്ഥം കൂടിയാണിത്. മനുഷ്യസ്വഭാവത്തിന്റെ ആവശ്യങ്ങളും ഇതിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. സന്യാസ നിയമങ്ങൾ കർക്കശമായിരിക്കുമ്പോഴും കരുണയുടെയും വിവേകത്തിന്റെയും അംശങ്ങൾക്ക് വലിയ പ്രാധാന്യം നൽകിയിരിക്കുന്നു. സന്യാസിയാർത്ഥിയായി എത്തുന്ന ഏതൊരാളും മൂന്നു മാസത്തോളം ആശ്രമത്തിൽ വരുന്ന പാവങ്ങളെയും അതിഥികളെയും ശുശ്രൂഷിച്ചുകൊണ്ട് ഇത് തന്റെ വിളിയാണെന്ന് ഉറപ്പുവരുത്തുകയും അതിന്ശേഷം സന്യാസിയാകാനുള്ള ആഗ്രഹം ഒരു അപേക്ഷയായി എഴുതി നൽകുകയും ചെയ്യണം. ആശ്രമാധിപൻ അർത്ഥിയുടെ പശ്ചാത്തലത്തെക്കുറിച്ചു അന്വേഷിച്ചു തീരുമാനം എടുക്കണം. പുരാതന ആശ്രമ നിയമങ്ങളിൽ ഏറ്റം പ്രായോഗികവും അനുകരണീയവുമായ ഒന്നായിരുന്നു 'ഇസിദോറിന്റെ നിയമങ്ങൾ' എന്ന് കൂടി അറിയപ്പെട്ടിരുന്ന ഈ സന്യാസ നിയമങ്ങൾ.

**'കത്തോലിക്കാ വിശ്വാസത്തെക്കുറിച്ചു യെഹൂദമാരോട്' (*De fide catholica ex Veteri et Novo Testamento, contra Judaeos*)**: തന്റെ സഹോദരി വി. ഫ്ളോറന്റീനയുടെ അഭ്യർത്ഥന മാനിച്ചു എഴുതിയിരിക്കുന്ന ഈ ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നതും അവർക്ക് തന്നെയാണ്. മധ്യകാലയുഗത്തിൽ ഏറ്റം അധികം ഉപയോഗത്തിലിരുന്ന ഈ ഗ്രന്ഥം പ്രാദേശിക ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. വി. അഗസ്തീനോസിന്റെ ആശയങ്ങളെ അനുധാവനം ചെയ്തുകൊണ്ട് എഴുതപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥത്തിൽ ക്രിസ്തീയ ലോകത്ത് ജീവിക്കുന്ന യഹൂദന്മാരെക്കുറിച്ചുള്ള ഒരു വിശകലനമാണ്. അഗസ്തീനോസിനെപ്പോലെ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ ഇവരുടെ സാന്നിധ്യം അനിവാര്യമാണെന്ന് ഇസിദോറും വാദിക്കുന്നു.

പഴയനിയമത്തിൽ ഉൾക്കൊണ്ടിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങളും യേശുവിന്റെ വരവോടെ അത് പൂർത്തീകരിക്കപ്പെട്ടത് എങ്ങനെയെന്നും ഈ ഗ്രന്ഥത്തിൽ അദ്ദേഹം വിശദീകരിക്കുന്നു. തന്റ അപഗ്രഥനത്തിന്റെ ഒന്നാം ഭാഗത്തു പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിയെക്കുറിച്ചും, ലോകത്തെ വിധിക്കാനായുള്ള ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചുമൊക്കെ പ്രതിപാദിക്കുന്നു. ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്തു യഹൂദന്മാരുടെ അവിശ്വാസം, പുറജാതികളുടെ വിളി, യഹൂദരുടെ സാബത്താചരണം ക്രിസ്തീയ വിശ്വാസത്തിന്റെ ഞായറാഴ്ചയായി മാറുന്നതുമൊക്കെയാണ് പ്രതി

www.malankaralibrary.com

പാദിച്ചിരിക്കുന്നത്. ഈ ഗ്രന്ഥത്തിൽ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നതിന് യഹൂദരെ അദ്ദേഹം ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

**'ഗോത്തിക്ക്, വാൻഡൽ, സുവേബി രാജാക്കന്മാരുടെ ചരിത്രം'** (***Historia de regibus Gothorum, Vandalorum et Suevorum***). എ. ഡി. 265 മുതൽ 624 സ്പെയിനും അനുബന്ധ പ്രദേശങ്ങളും ഭരിച്ച രാജാക്കന്മാരുടെ ചരിത്രമാണ് ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നത്. ആദ്യമായി 'മാതൃരാജ്യം സ്പെയിൻ' എന്ന് അഭിസംബോധന ചെയ്തിരിക്കുന്ന പണ്ഡിതൻ കൂടിയാണ് അദ്ദേഹം. ഇസിദോർ തന്നെ എഴുതിയ ഇതിന്റെ രണ്ടു പതിപ്പുകൾ പിൽക്കാല തലമുറയ്ക്ക് ലഭ്യമായിട്ടുണ്ട്. ഈ കൃതി പിന്നീട് ഇംഗ്ലീഷ്, ജർമ്മൻ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്.

**'നിർണ്ണയങ്ങളെക്കുറിച്ചുള്ള മൂന്ന് ഗ്രന്ഥങ്ങൾ'** (***Sententiarum libri tres***): ഇത് ക്രിസ്തീയ ധാർമ്മികതയുടെയും പ്രമാണങ്ങളുടെയും സംഗ്രഹമാണ്. ഇതിലെ ആശയങ്ങൾക്ക് മഹാനായ ഗ്രിഗറി, വി. അഗസ്തീനോസ് എന്നിവരുടെ ഗ്രന്ഥങ്ങളോട് കടപ്പെട്ടിരിക്കുന്നു. ദൈവസ്വഭാവം, സൃഷ്ടി, തിന്മ തുടങ്ങിയ വിഷയങ്ങൾ ഇസിദോർ ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നു. ഈ ഗ്രന്ഥത്തിന്റെ സ്വാധീനത്തിലാണ് പിന്നീട് പീറ്റർ ലൊംബാർഡ് തന്റെ പ്രസിദ്ധ കൃതി 'നിർണ്ണയങ്ങളെക്കുറിച്ചുള്ള ഗ്രന്ഥം' (*Book of Sentences*) എഴുതിയിരിക്കുന്നത്.

**'സാർവ്വലൗകിക ചരിത്രം'** (***Chronica Maiora***): പുരാതന രാഷ്ട്രീയവും മതപരവുമായ ചരിത്രത്തോടൊപ്പം താൻ ജീവിച്ചിരിക്കുന്ന കാലം വരെയുള്ള സ്പെയിനിന്റെ ബൗദ്ധിക ചരിത്രവും ഈ ഗ്രന്ഥത്തിലൂടെ ഇസിദോർ നമുക്ക് പറഞ്ഞു തരുന്നു. പഴയനിയമ കാലത്തിന് മുൻപുള്ള ചരിത്രം പറഞ്ഞു കൊണ്ടാണ് അദ്ദേഹം ഈ ഗ്രന്ഥം ആരംഭിക്കുന്നത്. അഗസ്തീനോസിന്റെ 'ദൈവത്തിന്റെ നഗരം' എന്ന കൃതിയിൽ ഉപയോഗിച്ചിരിക്കുന്ന ലോകത്തിന്റ ആറു വ്യത്യസ്ത കാലഘട്ടങ്ങളെ അതുപോലെ ഇവിടെയും വിവരിച്ചിരിക്കുന്നു.

മുകളിൽ വിവരിച്ചവ കൂടാതെ ത്രിത്വം, സഭയിലെ പ്രാർത്ഥനകൾ, പ്രാപഞ്ചിക ചരിത്രം, ജ്യോതിശ്ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം ഗ്രന്ഥങ്ങൾ രചിക്കുകയും അങ്ങനെ താൻ ജീവിച്ച കാലഘട്ടത്തെകുറിച്ച് പിൽക്കാല തലമുറയ്ക്ക് അമൂല്യവുമായ അറിവുകൾ പകർന്നു നൽകുകയും ചെയ്തു.

**ഉപസംഹാരം**

'നമ്മുടെ ഇളയ സഹോദരൻ ഇസിദോറിനെ മറക്കരുത്' എന്ന് വി. ലിയാണ്ടർ തന്റെ സഹോദരി വി. ഫ്‌ളോറന്തീന സന്യാസവ്രതം സ്വീകരിച്ചപ്പോൾ ഒരു ഉപദേശം കൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വാക്കുകൾ പിന്നീട് ഒരു ഭാഷാപ്രയോഗമായി പരിണമിക്കുകയും ചെയ്തു. എന്നാൽ സാർവ്വത്രിക സഭതന്നെയും ഈ സഹോദരനെ അനശ്വരനാക്കുന്ന അവസ്ഥയിലേക്ക് അദ്ദേഹം വളരുമെന്ന് ഒരുപക്ഷെ അന്ന് ലിയാണ്ടർ ചിന്തിച്ചിട്ടുണ്ടാവില്ല. അറിവിന്റെ മഹാസാഗമായിരുന്നപ്പോഴും തന്നെക്കുറിച്ചും തന്റെ വ്യക്തിപരമായ പദ്ധതികളെക്കുറിച്ചും വിവരിക്കുന്നതിന് അക്ഷരക്ഷാമം അനുഭവപ്പെട്ട വിശുദ്ധനായിരുന്നു ഇസിദോർ. എല്ലാം എളിമയോടെ ദൈവത്തിനു സമർപ്പിച്ചുകൊണ്ട്, വ്യത്യസ്തമായ പൂക്കളിൽ നിന്നും മധുശേഖരിക്കുന്ന തേനീച്ചയെപ്പോലെ, സഭാപിതാക്കന്മാരുടെ രചനകളെ സംഗ്രഹിച്ചു മധുരതരമാക്കി ഇസിദോർ അനന്തര തലമുറകൾക്ക് പകർന്നു നൽകി. വി. ഇസിദോർ സിനഡിന്റെ ആരംഭത്തിൽ ചൊല്ലാനായി രൂപകൽപന നൽകിയ ഈ പ്രാർത്ഥന വത്തിക്കാൻ കൗൺസിൽ ഉൾപ്പെടെയുള്ള സമയങ്ങളിൽ സഭ വ്യാപകമായി ഉപയോഗിച്ചിരുന്നു. നമ്മുടെ ആത്മീയസമ്മേളങ്ങളുടെ ആരംഭത്തിൽ ചൊല്ലാൻ പറ്റിയ ഒരു പ്രാർത്ഥനകൂടിയാണിത്:

ഓ പരിശുദ്ധാത്മാവേ, അങ്ങയുടെ സന്നിധിയിൽ പ്രത്യേക ലക്ഷ്യത്തോടെ ഒത്തുകൂടിയ ഞങ്ങളുടെ പാപത്തെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാണ്. ഇവിടെ ഞങ്ങളോടൊപ്പം ഇപ്പോൾ വസിച്ചുകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ ആനന്ദത്തോടെ സ്പർശിക്കുക. ഞങ്ങൾ ചെയ്യേണ്ടതും, പോകേണ്ടതും, സഫലീകരിക്കേണ്ടതുമായ കാര്യങ്ങളാൽ ഞങ്ങളെ പ്രബോധിപ്പിച്ചു അങ്ങയെ പ്രസാദിപ്പിക്കാൻ ഞങ്ങൾക്ക് കഴിയട്ടെ. പിതാവായ ദൈവത്തോടും പുത്രനോടും കൂടെ അവാച്യമായ നാമം വഹിക്കുന്ന അവിടുന്ന് ഞങ്ങളുടെ തീരുമാനങ്ങളുടെ ഏക പ്രചോദകനും വഴികാട്ടിയും ആയിരിക്കേണമേ. നീതിയുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് അതിന്റെ പൂർണ്ണതയായ അവിടുന്ന് ഞങ്ങളെ സഹായിക്കണമേ. അജ്ഞതയാൽ സത്യത്തിൽ നിന്നും അകന്നുപോകാനോ, അയോഗ്യ ലക്ഷ്യങ്ങളാൽ സത്യപാതയിൽനിന്ന് വ്യതിചലിക്കാനോ, വ്യക്തിതാത്പര്യ പരിഗണനകളാൽ ദുഷിക്കുവാനോ, ഞങ്ങൾക്ക് ഇടയാകാതിരിക്കട്ടെ. അങ്ങയുടെ കൃപാദാനങ്ങളാൽ ഞങ്ങളെ അങ്ങിലേക്ക് ചേർത്തുവയ്ക്കുക. അതുവഴി സത്യത്തിൽ നിന്ന് വ്യതിചലിക്കാതെ, അങ്ങയുടെ നാമത്തിൽ ഒന്നു ചേർന്ന്, വിശ്വാസ ഐക്യത്തിലായിരിക്കുവാനും, ഭാവിയിൽ ഞങ്ങളുടെ സത്കർമ്മങ്ങൾക്ക് ശാശ്വതമായ പ്രതിഫലം പ്രാപിക്കാനും ഞങ്ങൾക്ക് കഴിയട്ടെ. ആമേൻ.





# വിശ്വാസം നഷ്ടപ്പെടുന്ന സഹകരണ മേഖല



ബോബി ഏബ്രഹാം

സഹകരണ മേഖല നാടിന്റെയും ജനങ്ങളുടെയും സ്വന്തമാണ്. അതിൽ ജനങ്ങളിടുന്ന ഓരോ ചില്ലിക്കാശും സുരക്ഷിതമായിരിക്കുമെന്ന് സംസ്ഥാന സർക്കാർ ഉറപ്പു നൽകുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ വാക്കുകളാണ്. അദ്ദേഹം തുടരുന്നു.

സഹകരണ മേഖലയിൽ ആശങ്ക സൃഷ്ടിച്ച് വിശ്വാസ്യത തകർക്കാമെന്ന മനക്കോട്ടയുമായി വരുന്നവർ എത്ര ഉന്നത രായാലും കേരളത്തിൽ ചെലവാകില്ല. സഹകരണ മേഖലയിൽ കേരളത്തിന്റെ മുന്നേറ്റം തകർക്കാൻ ലക്ഷ്യമിട്ടുള്ള നീക്കമാണ് നടക്കുന്നത്. സഹകരണ മേഖലയെ തകർക്കാൻ അന്വേഷണ മെന്ന പുകമറ സൃഷ്ടിക്കുകയാണ്.

മുഖ്യമന്ത്രിയുടെ ഈ ഉറപ്പ് ജനം വിശ്വസിക്കുമായിരുന്നു. അതിന് അവർ ചോരനീരാക്കി സമ്പാദിച്ച് സഹകരണ മേഖല യിലിട്ട പണം ആവശ്യമുള്ളപ്പോൾ തിരിച്ചുകിട്ടണ മായിരുന്നു. പക്ഷേ, കേരളത്തിൽ അപൂർവം സഹകരണ ബാങ്കു കളിൽ മാത്രമേ അതു സംഭവിക്കുന്നുള്ളു. ചിട്ടി പിടിച്ച പണം ഉൾപ്പെടെ കിട്ടാനായി ജനം നെട്ടോട്ടമോടുകയാണ്. പക്ഷേ, ഒന്നും സംഭവിക്കുന്നില്ല.

ഇതിനിടയിലാണ് സഹകരണ നിക്ഷേപത്തിന് കൂടുതൽ ഗാരന്റി വരുമെന്ന് സിപിഎം നേതാക്കൾ തൃശൂരിൽ സിപിഎം നേതൃയോഗത്തിൽ വ്യക്തമാക്കിയതായി വാർത്തകൾ വന്നത്.

www.malankaralibrary.com

നിലവിൽ സഹകരണ ഇൻഷുറൻസ് വഴിയുള്ള 5 ലക്ഷം രൂപ വരെയുള്ള സഹായമല്ലാതെ സർക്കാർ മറ്റു സഹായം നൽകുന്നില്ലെന്നും ഈ സ്ഥിതി മാറുമെന്നു മാണ് ഉറപ്പു നൽകുന്നത്.

തൃശൂരിലെ കരുവന്നൂർ, അയ്യന്തോൾ സഹകരണ ബാങ്കുകൾ, പത്തനംതിട്ട ജില്ലയിലെ സീതത്തോട്, കുമ്പളാംപൊയ്ക, മൈലപ്ര, കൊറ്റനാട് സഹകരണ ബാങ്കുകൾ, തിരുവനന്തപുരത്തെ ബിഎസ്എൻഎൽ സഹകരണ സംഘം തുടങ്ങിയവയിലെ തട്ടിപ്പ് തന്നെ 1000 കോടിക്കടുത്തുവരുമെന്നാണ് കണക്ക്. പ്രതി സന്ധിയിലായ സഹകരണ ബാങ്കുകൾ ഇനിയു മേറെയുണ്ട്.

**എന്താണ് സഹകരണ മേഖലയിൽ സംഭവിച്ചത്?**

1. രാഷ്ട്രീയാതിപ്രസരം
2. മിസ് മാനേജ്മെന്റ്
3. ബാങ്കിങ്ങിന്റെ ബാലപാഠം അറിയാത്ത ഡയറക്ടർമാർ, ഉദ്യോഗസ്ഥർ
4. സഹകരണ വകുപ്പിലെ ഓഡിറ്റർമാരുടെ ഉത്തരവാദിത്തമില്ലായ്മ
5. നടപടിയെടുക്കാനുള്ള കഴിവില്ലായ്മ
6. കേരള ബാങ്ക് രൂപീകരണം

ഈ 6 കാരണങ്ങൾക്കു പുറമേ മറ്റു കാരണങ്ങളും ഉണ്ടാവാം. എങ്കിലും ഇവയാണ് മുഖ്യം എന്നു കരുതാം.

കേരളത്തിലെ സഹകരണ മേഖല രാജ്യത്തിനു മുഴുവൻ മാതൃകയായിരുന്നു. കേരളത്തിന്റെ വികസന ത്തിൽ വലിയ പങ്ക് സഹകരണ മേഖലയ്ക്കുണ്ട്. ഓരോ സഹകരണ ബാങ്കും രൂപീകരിച്ചതിനു പിന്നിൽ ഒട്ടേറെ മനുഷ്യരുടെ നിസ്വാർഥമായ പ്രയത്നമുണ്ട്. വീടു കളുടെ വരാന്തകളിലും മറ്റും സംഘം ഓഫിസ് തുറന്നാ യിരുന്നു തുടക്കം. പരസ്പര സഹായ സംഘങ്ങൾ. അധ്വാനിച്ചുണ്ടാക്കിയ പണം ഓഹരിയായി നിക്ഷേപിച്ച് വളർത്തിയെടുത്ത സഹകരണ സംഘങ്ങൾ. ആവശ്യ ക്കാർക്ക് വായ്പ കൊടുത്തും മറ്റും അവ പിന്നീട് സഹകരണ ബാങ്കുകളായി മാറി. അന്ന് ഡയറക്ടർ ബോർഡിൽ വന്നവരാരും ബാങ്കിങ് വിദഗ്ധരായി രുന്നില്ല. പക്ഷേ, നിക്ഷേപകന്റെ ഓരോ രൂപയ്ക്കും മൂല്യം കൽപിച്ചിരുന്നവരായിരുന്നു അവർ. അതു കൊണ്ടുതന്നെ കടം കൊടുക്കുമ്പോഴും അവർ ജാഗ്രത പുലർത്തി. വായ്പകൾ സംഘത്തിന്റെ പരിധിയിലും അംഗങ്ങളിലും ഒതുങ്ങി നിന്നു. മാത്രമല്ല, ആവശ്യ മറിഞ്ഞുമാത്രമായിരുന്നു വായ്പ. അതുകൊണ്ടുതന്നെ ഒരു വിളവെടുപ്പു വരുമ്പോൾ ആ തുക തിരിച്ചടയ്ക്കാൻ അവർക്കു കഴിയുമായിരുന്നു. പിന്നെ എന്നുമുതലാണ് ചിത്രം മാറിത്തുടങ്ങിയത്? സഹകരണ മേഖലയിലേക്ക് രാഷ്ട്രീയം കടത്താൻ തുടങ്ങിയ കാലം മുതലെന്നു പറയാതെ വയ്യ. അതോടെ അംഗത്വം പരിധിവിട്ടുയരാൻ തുടങ്ങി. അധികാരം പിടിക്കാൻ വേണ്ടിമാത്രം അംഗത്വം. അതിന് അതതുകാലത്തെ സർക്കാർ കൂട്ടുനിന്നു. അങ്ങനെ അധികാരം പിടിച്ചവർക്ക് നിക്ഷേപകനോട്



എന്ത് ഉത്തരവാദിത്തം! സംഘത്തിന്റെ പണം തോന്നിയ പടി മതിയായ ഈടില്ലാതെ വായ്പ കൊടുക്കാൻ തുടങ്ങി. തിരിച്ചടവ് മുടങ്ങിയാൽ ഈടാക്കാൻ വഴിയില്ലാതായി. ഒരു പൈസ പോലും നിക്ഷേപം കൊടുക്കാത്തവൻ കോടികൾ വായ്പയെടുത്തു. അവർക്ക് തിരിച്ചടയ്ക്കണമെന്നില്ലല്ലോ. സംഘങ്ങൾ പതിയെപ്പതിയെ തകരാൻ തുടങ്ങി.

ഏതൊരു ബാങ്കിലും അതിന്റെ ഡയറക്ടർമാർ ധനകാര്യ മേഖലയുമായി ബന്ധമുള്ളവർ ആയിരിക്കും. പക്ഷേ, സഹകരണ മേഖലയിൽ അങ്ങനെയായി രുന്നില്ല. ജനകീയ പ്രസ്ഥാനം എന്ന നിലയ്ക്കും ഷെഡ്യൂൾഡ് ബാങ്കുകളെപ്പോലെ സേവനം വിശാല മായിരുന്നില്ലെന്നതിനാലും അംഗങ്ങളിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്നവരായിരുന്നു ഡയറക്ടർമാരായി വന്നിരുന്നത്. ആവശ്യങ്ങൾക്കായി സമീപിക്കുന്ന നാട്ടുകാർക്ക് നൂലാമാലയില്ലാതെ എളുപ്പത്തിൽ വായ്പ അനുവദിക്കാനും അതിനാൽ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ കൊടുക്കുന്ന തുകകളിൽ കുറച്ചു മാത്രമേ തിരിച്ചടവ് മുടങ്ങുമായിരുന്നുള്ളു. ആ മനുഷ്യരും കബളിപ്പിക്കാൻ ആഗ്രഹമില്ലാത്തവരായതിനാൽ എങ്ങനെയെങ്കിലും തിരിച്ചടയ്ക്കും.അതിനാൽ തന്നെ വലിയ പ്രതിസന്ധി രൂപപ്പെട്ടിരുന്നില്ല. എന്നാൽ രാഷ്ട്രീയാതിപ്രസരം വന്ന തോടെ സ്ഥിതി മാറി. അതുപോലെയായിരുന്നു ഉദ്യോ ഗസ്ഥ നിയമനവും. സഹകരണ നിയമം അറിയുന്നവ രൊന്നുമായിരുന്നില്ല ആദ്യകാല ഉദ്യോഗസ്ഥർ. പലരും താഴ്ന്ന തസ്തികകളിൽ കയറി ബാങ്ക് സെക്രട്ടറിമാർ വരെയായി. നേരത്തേ പറഞ്ഞതുപോലെ ഇടപാടുകൾ ചെറുതായിരുന്ന കാലത്ത് അത് വലിയ വിഷയ മായിരുന്നില്ല. എന്നാൽ നിക്ഷേപങ്ങളും വായ്പകളും കോടികളിലേക്ക് വളർന്നപ്പോഴും സ്ഥിതിക്കു മാറ്റ മുണ്ടായില്ല. ഡയറക്ടർ ബോർഡ് അംഗങ്ങൾ ചേർന്ന് ജീവനക്കാരെ നിയമിക്കുന്നു. മിക്കതും പണം വാങ്ങി യുള്ള നിയമനം. സെയിൽസ് മാൻ തസ്തികയിൽ കയറുന്നവർ സെക്രട്ടറിയാകുന്ന പതിവിന് മാറ്റമൊന്നും വന്നില്ല. ഇവരിൽ മിക്കവരും മതിയായ വിദ്യാഭ്യാസ യോഗ്യതയോ കാര്യപ്രാപ്തിയോ ഉള്ളവരായിരുന്നു

www.malankaralibrary.com

മില്ല. ആരൊക്കെയോ നിക്ഷേപിക്കുന്നു, ആർക്കൊക്കെയോ കൊടുക്കുന്നു എന്ന സ്ഥിതിയായി. ബാങ്കിന്റെ പ്രവർത്തന പരിധി വിട്ടും വായ്പ കൊടുത്തു തുടങ്ങി. ബാങ്കുകൾ തകരാൻ വേറെ കാരണം വേണോ.

**പിഴച്ചുപോയ ഓഡിറ്റ്**

ആദ്യം പറഞ്ഞ മൂന്നു കാരണങ്ങൾ ബാങ്കിനെ തകർത്തു തുടങ്ങിയപ്പോൾ സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ അതിനു കുടപിടിച്ചുകൊടുത്തു. സാമ്പത്തികം കൈകാര്യം ചെയ്യുന്ന ഏതു സ്ഥാപനത്തിലും ഓഡിറ്റർമാരെ വയ്ക്കുന്നത് കാര്യങ്ങൾ കൃത്യമായി പോകുന്നുവോ എന്നറിയാനാണ്. സർക്കാർ വകുപ്പുകൾ പോലും ഓഡിറ്റ് ചെയ്യപ്പെടുന്നു. എന്നാൽ സഹകരണ മേഖലയിലെ ഓഡിറ്റ് സംവിധാനം വഴിപിഴച്ചുപോയി. കൃത്യമായി ഓഡിറ്റ് ചെയ്യുന്നതിനുപകരം ബാങ്ക് സെക്രട്ടറിമാർ പറയുന്നിടത്ത് ഒപ്പുവയ്ക്കുകയും അതിനു പ്രതിഫലം പറ്റുകയും ചെയ്യുന്ന രീതി വളർന്നുവന്നു. ഉദാഹരണത്തിന് ഒരാൾക്ക് വായ്പ കൊടുക്കുന്നു. ഈ വായ്പ തിരിച്ചടയ്ക്കുന്നില്ല. അങ്ങനെ പലരായാൽ ബ്ാങ്കിന്റെ ഗ്രേഡ് താഴും. ഉദ്യോഗസ്ഥരുടെ ശമ്പളവും കുറയും. അത് ഒഴിവാക്കാൻ ഒരു വിദ്യയുണ്ട്. 25 ലക്ഷം രൂപ വായ്പയെടുത്തയാൾ പലിശ സഹിതം 29 ലക്ഷം രൂപ വർഷാവസാനം അടയ്ക്കാനുണ്ടെന്നിരിക്കട്ടെ. പഴയ വായ്പ തിരിച്ചടച്ചതായി കാണിച്ച് കൂടിയ തുകയ്ക്ക് പഴയ വസ്തുവിന്റെ ഈടിന്മേൽ കൂടുതൽ വായ്പ അനുവദിക്കും. അതോടെ അതു പുതിയ വായ്പയായി. നയാപൈസ ബാങ്കിൽ തിരിച്ചുവന്നില്ലെങ്കിലും കണക്കിൽ എല്ലാം ഭദ്രം. ഇങ്ങനെ തുക പെരുകി പ്പെരുകി വൻ തുകയാകും. ഈടുവച്ച വസ്തു വിറ്റാലും ഈ തുക ഈടാക്കാൻ കഴിയാതാവും. എങ്കിലും ബാങ്കിന്റെ ഗ്രേഡ് താഴാത്തതിനാൽ ഉദ്യോഗസ്ഥ ശമ്പളത്തിൽ കുറവ് വരുകയും ഇല്ല. ഇത്തരം തട്ടിപ്പ് കണ്ടെത്താനും കൂടിയാണ് ഓഡിറ്റ്. പക്ഷേ അവർ ഇതൊക്കെ കണ്ടില്ലെന്നു നടിച്ച് എല്ലാം ഭദ്രം എന്നു റിപ്പോർട്ട് കൊടുക്കും. ഒടുവിൽ ചീട്ടുകൊട്ടാരം പോലെ ബാങ്ക് തകരുമ്പോൾ ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ വേറെ എവിടെയെങ്കിലും പോയിരിക്കും. ഫലത്തിൽ ആർക്കും ഉത്തരവാദിത്തമില്ലാത്ത അവസ്ഥ. 50 ലക്ഷം രൂപയിൽ കൂടുതൽ വായ്പ അനുവദിക്കാൻ പാടില്ലാത്ത സഹകരണ സംഘങ്ങളൊക്കെ കോടികളാണ് പലർക്കും വായ്പ അനുവദിച്ചത്. അത് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ കണ്ടില്ലെന്നു നടിച്ചു. പലതുള്ളി പെരുവെള്ളം എന്നു പറയുന്നതുപോലെ ഇത്തരം കിട്ടാക്കടങ്ങൾ പെരുകുകയും നിക്ഷേപകരുടെ പണം വെള്ളത്തിലാവുകയും ചെയ്തു.

എങ്ങനെയും സഹകരണ സംഘങ്ങളുടെ ഭരണം പിടിക്കുക എന്നതുമാത്രം സർക്കാരിനെ നിയന്ത്രിക്കുന്ന പാർട്ടികളുടെ ലക്ഷ്യം കൂടിയായപ്പോൾ സംഗതി കുളമായി എന്നു പറയാതെ വയ്യ.

ഇത്തരത്തിൽ പ്രതിസന്ധിയിലായ ബാങ്കുകളിലേക്ക് പുതിയതായി നിക്ഷേപം വരാതായി. വായ്പയെടുത്തവർ അടച്ചതുമില്ല. പരിഭ്രാന്തരായ നിക്ഷേപകർ കൂട്ടത്തോടെ പണം പിൻവലിക്കാനെത്തിയതോടെ ബാങ്കുകൾ കൂടുതൽ പ്രതിസന്ധിയിലാവുകയും ചെയ്തു. പെട്ടെന്ന് പണം വേണ്ടിവന്നാൽ ആശ്രയമായിരുന്ന ജില്ലാ ബാങ്കുകൾ കേരള ബാങ്ക് ആയി മാറിയതോടെ ആശ്രയിക്കാനാരുമില്ലാത്ത സ്ഥിതിയിലായി പ്രാഥമിക സഹകരണ സംഘങ്ങൾ

**കേരള ബാങ്ക് രൂപീകരണം**

കേരളത്തിന്റെ ബാങ്ക് എന്നു പറയാമായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിച്ചതോടെയാണ് ഇടതുപക്ഷ സർക്കാർ കേരളത്തിന്റെ സ്വന്തം ബാങ്ക് എന്ന നിലയിൽ കേരള ബാങ്ക് രൂപീകരിക്കാൻ ശ്രമം തുടങ്ങിയത്. ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചപ്പോൾ സർക്കാർ വിചാരിച്ചത് അത് സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ തുടരുമെന്നും ആവശ്യമുള്ളപ്പോൾ ആശ്രയിക്കാം എന്നുമായിരുന്നു. അതിലെ വൻ നിക്ഷേപത്തിലായിരുന്നു സർക്കാരിന്റെ കണ്ണ്. പക്ഷേ കേരള ബാങ്ക് രൂപീകരിച്ചാൽ അത് സഹകരണ സംഘങ്ങളുടെ ഘടനയെ തകർക്കുമെന്നും പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെ പ്രതിസന്ധിയിലാകുമെന്നും വിദഗ്ധർ മുന്നറിയിപ്പു നൽകിയതാണ്. 14 ബാങ്കുകളായി നിലനിന്ന ജില്ലാ സഹകരണ ബാങ്കുകൾ ലയിപ്പിച്ച് ഒരു ബാങ്ക് ആക്കിയപ്പോൾ തന്നെ അതിൽ റിസർവ് ബാങ്ക് നിയന്ത്രണം കൊണ്ടുവന്നെന്നു മാത്രമല്ല, സംസ്ഥാനത്തിന്റെ ആവശ്യത്തിന് യഥേഷ്ടം വായപ് എന്നതൊക്കെ ദിവാസ്വപ്നമായി മാറുകയും ചെയ്തു. പ്രതിസന്ധി ഘട്ടങ്ങളിൽ പ്രാഥമിക സഹകരണ ബാങ്കുകളെ ജില്ലാ സഹകരണ ബാങ്കുകൾക്ക് സഹായിക്കാൻ കഴിയാതാവുകയും ചെയ്തു.അങ്ങനെ വന്നതോടെ നിക്ഷേപിച്ച പണം കിട്ടാതായവരുടെ പരിഭ്രാന്തിയായി എല്ലായിടവും. അതുകൊണ്ടുതന്നെ പുതിയ നിക്ഷേപങ്ങൾ കിട്ടാതെയുമായി.

ഇതിനിടെ കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപറേഷനും വലിയ പ്രതിസന്ധിയിലായി. കെഎസ്ആർടിസിക്കു കൊടുത്ത കടമൊക്കെ കിട്ടാക്കടമായി. നിക്ഷേപമായി സ്വീകരിച്ച വൻതുക തിരികെ കൊടുക്കാനുമാവുന്നില്ലെന്നു കണ്ടതോടെ പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കാൻ റിസർവ് ബാങ്ക് വിലക്കേർപ്പെടുത്തുകയും ചെയ്തു. സർക്കാർ ഗാരന്റി നിന്ന് നിക്ഷേപം സ്വീകരിച്ച ഒരു സ്ഥാപനത്തിന്റെ സ്ഥിതിയാണിത്. കെടിഡിഎഫ്സിക്ക് കേരള ബാങ്ക് കൊടുത്ത 386 കോടി വായ്പ ഇപ്പോൾ 900 കോടിയായെന്നും കേൾക്കുന്നു. കെടിഡിഎഫ്സിയുടെ പ്രവർത്തനം നിർത്താൻ റിസർവ് ബാങ്ക് ഉത്തരവിടുന്ന സ്ഥിതിയാണിപ്പോൾ. സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചാൽ കേരള ബാങ്കും കുരുക്കിലാവും. റിസർവ് ബാങ്ക് ഇടപെടലിനു സാധ്യത കൂടുകയും ചെയ്യും. വല്ലാത്ത ഏടാകൂടത്തിലാണ് എല്ലാവരും ചെന്നുപെട്ടിരിക്കുന്നത്.

www.malankaralibrary.com



### സാധാരണക്കാരന് ഇരുട്ടടി

സഹകരണ ബാങ്കുകൾ സാധാരണക്കാരന്റെ ആശ്രയമായിരുന്നു. നൂലാമാലകളില്ലാത്ത സേവനമായിരുന്നു അവിടുത്തെ ആകർഷണം. ഉയർന്ന പലിശ ലഭിക്കുമെന്നതിനാൽ നിക്ഷേപകർക്കും ഇഷ്ടമായിരുന്നു. സഹകരണ മേഖലയിൽ എത്ര ലക്ഷം കോടി നിക്ഷേപം ഉണ്ടെന്നതിന്റെ കൃത്യം കണക്ക് ലഭ്യമല്ല. പക്ഷേ, അടുത്തിടെ തകർന്ന കരുവന്നൂർ ബാങ്കിലെ തട്ടിപ്പ് മാത്രം 500 കോടി രൂപയുടേതാണെന്നാണ് പ്രാഥമിക കണക്ക്. ഇങ്ങനെ എത്രയെത്ര ബാങ്കുകൾ. സഹകരണ മേഖലയിലെ ബാങ്കുകളിലധികവും നിയന്ത്രിക്കുന്നത് സിപിഎം ആണ്. അവരുടെ നേതാക്കളുടെയും പ്രവർത്തകരുടെയും കുടുംബാംഗങ്ങളിൽ മിക്കവരും ജോലി ചെയ്യുന്നത് സഹകരണ മേഖലയിലാണ്. അതുകൊണ്ടുതന്നെ സഹസ്ര കോടികളുടെ നിയന്ത്രണം സിപിഎമ്മിന്റെ കൈയിലാണെന്നു പറയാം. സിപിഎം നിയന്ത്രണത്തിലുള്ള ബാങ്കുകൾ നിയന്ത്രിക്കാൻ പാർട്ടിക്ക് സംവിധാനമുണ്ട്. അതുകൊണ്ടുതന്നെ കരുവന്നൂരിൽ നടന്നതൊക്കെ പാർട്ടി അറിയാതെയാണെന്നു പറഞ്ഞാൽ ആർക്കും വിശ്വസിക്കാനാവില്ല. എല്ലാം കുഴപ്പത്തിലായപ്പോൾ കൈ കഴുകിയിട്ട് എന്തു ഫലം. വലിയ തോതിലുള്ള കള്ളപ്പണ ഇടപാടുകൾ വരെ കരുവന്നൂർ, അയ്യന്തോൾ ബാങ്കുകൾ കേന്ദ്രീകരിച്ചു നടന്നു എന്നതാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കണ്ടെത്തൽ. എന്നിട്ടും സഹകരണ മേഖലയെ കേന്ദ്രം തകർക്കുന്നു എന്ന വിലാപം ഉയർത്തി രക്ഷപ്പെടാനുള്ള ശ്രമം ആണ് സിപിഎം നടത്തുന്നതെന്നു കാണാം. കരുവന്നൂരുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് എടുത്ത കേസിൽ അന്വേഷണമൊന്നും നടക്കുന്നില്ല എന്നതിൽ നിന്നറിയാം സർക്കാരിന്റെ ശുഷ്കാന്തി. പത്തനംതിട്ട ജില്ലയിലെ മൈലപ്ര സഹകരണ ബാങ്കിൽ 100 കോടിക്കടുത്താണ് ക്രമക്കേട്. എന്നിട്ടും ബാങ്ക് സെക്രട്ടറിയെയും ഭരണ സമിതി അംഗങ്ങളെയും രക്ഷപ്പെടുത്താനായിരുന്നു ശ്രമം. ഏറ്റവും ഒടുവിൽ സെക്രട്ടറിയെ മാത്രം അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരു വർഷം മുമ്പെടുത്ത 86 കോടിയുടെ ക്രമക്കേടിൽ ലോക്കൽ പൊലീസ് അന്വേഷണം തുടങ്ങിയതുപോലുമില്ല. ഒടുവിൽ ആ കേസും ക്രൈംബ്രഞ്ചിനു വിട്ടിട്ടുണ്ട്.

ഈ രീതിയിൽ നിസംഗത പുലർത്തുകയും തട്ടിപ്പുകാർക്ക് ഒത്താശ ചെയ്യുകയും ചെയ്യുന്ന സർക്കാരാണ് നിക്ഷേപകരുടെ ഒരു രൂപ പോലും നഷ്ടപ്പെടില്ല എന്ന് ഉറപ്പുനൽകുന്നത്. ആ ഉറപ്പ് യാഥാർഥ്യമാകണമെങ്കിൽ സംസ്ഥാന ഖജനാവിൽ നിന്നു പണമെടുത്ത് നിക്ഷേപകർക്ക് നൽകണം. ഖജനാവിൽ പൂച്ച പെറ്റുകിടക്കുമ്പോൾ പണം കൊടുക്കലൊന്നും പ്രായോഗികമല്ലെന്ന് എല്ലാവർക്കുമറിയാം. നിക്ഷേപകന്റെ കണ്ണീരിന്മേൽ നിന്നുകൊണ്ടാണ് കേന്ദ്രം സഹകരണ മേഖലയെ തകർക്കാൻ ശ്രമിക്കുന്നു എന്ന കുറ്റാരോപണം ഉയർത്തുന്നത്. തീർച്ചയായും കേന്ദ്രത്തിന് രാഷ്ട്രീയ ലക്ഷ്യമുണ്ടാവാം. പക്ഷേ, അതുളവായത് കേരളം ഭരിക്കുന്നവരുടെ ഉളുപ്പില്ലായ്മയിൽ നിന്നു മാത്രമാണ്

### മേമ്പൊടി

ഇന്ത്യ – കാനഡ ബന്ധം അമ്പേ വഷളായി. ഖലിസ്ഥാൻ വാദികൾ കാനഡ കേന്ദ്രീകരിച്ച് അഴിഞ്ഞാടാൻ തുടങ്ങിയതു മുതൽ ഇന്ത്യ മുന്നറിയിപ്പു നൽകിയതാണ്. ഇന്ത്യൻ ഭരണാധികാരികളെ അപമാനിച്ചു ഖലിസ്ഥാൻ വാദികൾ പ്രകടനം നടത്തിയപ്പോൾ അനങ്ങാതിരുന്ന കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയ്ക്ക് പക്ഷേ ഒരു ഖലിസ്ഥാൻ ഭീകരൻ കൊല്ലപ്പെട്ടപ്പോൾ നൊന്തു. ഇന്ത്യൻ ഏജന്റുമാരാണ് അയാളെ കൊന്നതെന്നു തെളിവുണ്ടത്രേ. തെളിവൊന്നും കാനഡ കൈമാറിയിട്ടില്ലെന്ന് ഇന്ത്യയും തിരിച്ചടിച്ചു. ഇന്ത്യയുടെ ഉദ്യോഗസ്ഥനെ കാനഡ പുറത്താക്കിയപ്പോൾ കാനഡയുടെ ഉദ്യോഗസ്ഥനെ ഇന്ത്യയും പുറത്താക്കി. ഇതിനിടെ അമേരിക്കയുടെ എങ്ങുംതൊടാതുള്ള പ്രതികരണമാണ് രസകരം. അതിർത്തികടന്നുള്ള ആക്രമണങ്ങളെ അമേരിക്ക അനുകൂലിക്കുന്നില്ലത്രേ. ഉസാമ ബിൻ ലാദനെ അമേരിക്കൻ അതിർത്തിക്കുള്ളിലിട്ടാണോ കൊന്നതെന്ന് ചോദിച്ചാൽ തീരാവുന്ന പ്രശ്നമേയുള്ളു. പക്ഷേ, നയതന്ത്ര മര്യാദ കാരണം അങ്ങനെ ചോദിക്കാൻ പറ്റില്ലല്ലോ. അമേരിക്കയെപ്പോലെ വിദേശ രാജ്യങ്ങളിൽ കടന്നുചെന്ന് ആക്രമണം അഴിച്ചവിട്ട വേറെ ഏതു രാജ്യമുണ്ട്. മറ്റു രാജ്യങ്ങളൊക്കെ സ്വന്തം അതിർത്തി സംരക്ഷിക്കാൻ യുദ്ധം ചെയ്യുമ്പോൾ അമേരിക്ക ലോകമങ്ങും കടന്നുകയറി യുദ്ധം ചെയ്യുന്നത് സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കാൻ മാത്രമാണ്. എന്നിട്ടും മറ്റുള്ളവരെ ഉപദേശിക്കാൻ അവർ കാട്ടുന്ന സന്മനസ് കാണാതെ പോകരുത്.

www.malankaralibrary.com





# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)



റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

**സഭ**

സഭ എന്നവാക്കിന്റെ ആംഗലപദം 'CHURCH' എന്നാണ്. സമാനാർത്ഥം സൂചിപ്പിക്കുന്ന യവന ഭാഷാ പദം 'എക്ലേസിയ' ആണ്; അത് വിവിധങ്ങളായ അർത്ഥങ്ങളും ആശയങ്ങളും പകർന്ന് നല്കുന്നു. ജനത്തിന്റെ ഒത്തുചേരലും സമ്മേളനവും അത് പ്രാഥ മ്യതലത്തിൽ വ്യക്തമാക്കുന്നു. പ്രസ്തുത പ്രയോഗത്തിന് ഒരു ആത്മീയപരിവേഷം നല്കി കൊണ്ട് പൗലോസ് അപ്പോസ്തലൻ അവതരിപ്പിക്കുന്നത് വിശ്വാസികളുടെ ആത്മീയകൂട്ടായ്മയെന്നാണ് (1 കോരി 11:17). സെമിറ്റിക് പദമായ 'ക്നുശയോ' (knusyo), എക്ലേസിയ എന്ന പ്രയോഗത്തിന് തത്തുല്ല്യമായ വാക്കാണ്. പേർഷ്യൻ കവിയായ അഫ്രാത്ത് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ സമ്മേളനത്തിന് പ്രസ്തുത പദമാണുപയോഗിക്കുന്നത്. സിനഗോഗ്, സഭ എന്ന അർത്ഥങ്ങൾ അത് വ്യക്തമാക്കുന്നുണ്ട്. പിന്കാല സുന്നഹദോസുകളിൽ പ്രസ്പഷ്ടമാക്കിയ 'സഭ, വിശ്വാസികളുടെ കൂട്ടായ്മ' (Congregation of the People of God) എന്ന അതുല്യ ആശയം പ്രാഥമ്യേന വ്യക്തമാക്കിയതും അഫ്രാത്ത് തന്നെ

www.malankaralibrary.com



യാണ്. സിറിയായിലെ എഴുത്തുകാരൻ വി.അഫ്രേമും ഇതേ വാക്ക്, കൂട്ടായ്മ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. ഇതിന് 'ആരാധനയുടെ സമ്മേളനം' എന്ന വ്യക്തതയും കാലക്രമേണ സുറിയാനി സഭ നല്കി തുടങ്ങി. പ്രസ്തുത ആശയത്തിന് അല്പംകൂടി സ്പഷ്ടത നല്കുന്നത് 'ഈത്തോ' എന്ന വാക്കാണ്. ഈ വാക്കിന് വിശാലമായ ദൈവശാസ്ത്രമാനങ്ങൾ പ്രദാനം ചെയ്തത് സുറിയാനി സഭയുടെ പണ്ഡിതൻ മൂശേ ബാർ കീപ്പോ ആയിരുന്നു.

സ്വർഗ്ഗീയ സഭയുടെ നേർപകർപ്പായി ഭൗമിക സഭ, 'ഈത്തോ' എന്ന സഭാദർശനത്തിൽ വ്യക്തമാക്കുകയാണ്. ഒരു വിധത്തിലുള്ള ഭൗതിക പ്രതിഭാസവും പ്രസ്തുതവാക്കിന് അദ്ദേഹം കല്പിക്കുന്നില്ല. ഹെബ്രായ ചിന്താഗതികളുമായി ബന്ധപ്പെടുത്തിയാണ് മൂശേ ബാർ കീപ്പോ പ്രസ്തുത ആശയം വിശദമാക്കുന്നത്. സന്തോഷത്താൽ നിറഞ്ഞതും നല്ല പ്രവർത്തികളാൽ നിറയപ്പെട്ടതുമായ വിശ്വാസികളുടെ കൂട്ടായ്മയാണിത്; കാരണം സ്വർഗ്ഗീയ സഭയുടെ പ്രതിരൂപമാണിത്. അപ്പോസ്തലന്മാരുടെ നടപടിക്രമത്തിൽ 'എക്ലേസിയ'എന്നാൽ ഒരേ സ്ഥലത്ത് ഒരേ മനസ്സോടെയുള്ള ആരാധന സമൂഹത്തിന്റെ വിശുദ്ധ സമ്മേളനമാണ് (1/13-14; 2/42-47). സുവിശേഷ ഉപദേശങ്ങളാൽ നയിക്കപ്പെടുന്നതും എല്ലാം സർവ്വശക്തന്റെ മുമ്പിൽ സമർപ്പിക്കുന്നതും വ്യതസ്ത മാർഗ്ഗങ്ങളിലൂടെ പൂർണ്ണതക്കായി മുന്നേറുന്നതുമായ വിശ്വാസികളുടെ സംഗമമാണിത്. യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുന്ന പ്രകാരം ക്രിസ്തുവിനാൽ നയിക്കപ്പെടുന്നതും സംരക്ഷിക്കപ്പെടുന്നതുമായ ആട്ടിൻപറ്റമാണ് വി. സഭ. ദൈവൈക്യത്തിനുവേണ്ടി മാർഗ്ഗങ്ങളും ഉപാധികളും നല്കുന്ന തീർത്ഥാടനസംഗമമാണിത്.

**സഭ ഒരു ആരാധനാ സമൂഹം**

സഭയുടെ സ്വഭാവസവിശേഷത കൗദാശിക ഭാവത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്. അവൾ, ആരാധനയുടെ വിശുദ്ധമായ സംഗമവേദിയാണ്. ഇങ്ങനെ പറയപ്പെടുന്നു: സഭ, രഹസ്യങ്ങളുടെ ഉറവിടം മാത്രമല്ല; പിന്നെയോ ക്രിസ്തുവും ദൈവജനവും തമ്മിലുള്ള ഐക്യത്തിന്റെ 'കൂദാശ'– കൂടിയാണ്. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളമാണ് സഭ. ആയതിനാൽ രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരിയാണവൾ. സുറിയാനി പിതാക്കന്മാർ സഭയുടെ 'ഉത്ഭവവേദി' അവതരിപ്പിക്കുന്നത് തികച്ചും ശ്രദ്ധേയമാണ്: ജോർദ്ദാൻ നദിയിൽ വച്ച് ക്രിസ്തു അവളെ വിവാഹനിശ്ചയം ചെയ്തു; ഗോഗുൽത്തായിലെ കുരിശിൽ വച്ച് അവളെ വിവാഹം ചെയ്തു സ്വന്തം മണ വാട്ടിയാക്കി തീർത്തു. ജോർദ്ദാൻ സംഭവം, പ്രാരംഭ കൂദാശയിലേക്കും, കുരിശിൽ നിന്നൊഴുകിയ രക്തവും വെള്ളവും വി. കുർബാന എന്ന മഹാരഹ

www.malankaralibrary.com

സ്യത്തിലേക്കും സൂചിതമാക്കുന്നുണ്ട്. വി. അഫ്രേം പറയുന്നത്, സഭ എന്നത് രക്ഷാകരചരിത്രത്തിന്റെയും ദൈവരാജ്യമെന്ന മഹാരഹസ്യത്തിന്റെയും വഴിയും യാത്രയുമാണെന്നാണ്. സിനഗോഗിന്റെ സ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന ക്രിസ്തീയ സമൂഹമാണവൾ. പുന:സ്ഥാപിക്കപ്പെട്ട പറുദീസാ, ക്രിസ്തുവിന്റെ ശരീരം, ക്രിസ്തുവിന്റെ വിശ്വസ്തയായ വധു എന്നിങ്ങനെയുള്ള വിശേഷണങ്ങൾ ആരാധനാ സമൂഹമെന്ന അവളുടെ കർമ്മമേഖലയാണ് വ്യക്തമാക്കുന്നത്. കൗദാശിക കൃപകൾ പകർന്ന് നല്കുന്ന 'ജീവന്റെ വൃക്ഷമായി' സ്വഭാവത്താൽ തന്നെ അവൾ നിറഞ്ഞ് നില്ക്കുന്നു. ദൈവവുമായുള്ള ഐക്യമെന്ന എന്ന ജീവിതലക്ഷ്യം തന്നെ സഭയുടെ ആരാധനാ അസ്തിത്വം വെളിവാകുന്നു. ആരാധനാ എന്നത് കൂടുതലായി അവളുടെ സ്വഭാവത്തോട് കൂട്ടിച്ചേർക്കപ്പെട്ടവയല്ല; പിന്നയോ ആന്തരികവും അടിസ്ഥാനപരവുമായ സത്തായി അത് നിലകൊള്ളുന്നു. പ്രതിദിന പ്രാർത്ഥ നാക്രമം ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: 'ആദിയിൽ വെള്ളിയാഴ്ച്ച ദിവസം ദൈവം ആദാമിനെ മണ്ണിൽ നിന്നും സൃഷ്ടിച്ചു. അവനിൽ ആത്മാവിനെ നിശ്വസിച്ചു. തന്റെ സ്രഷ്ടാവിനു സ്തുതി പാടുവാനും സ്തോത്രം ചെയ്യുവാനും അവനെ താൻ സംസാര ശക്തിയുള്ളവനാക്കി തീർത്തു'. ഇതേ സൃഷ്ടി ലക്ഷ്യം തന്നെയാണ് ആദാമിന്റെ മക്കളുടെ ഗണമായ സഭയ്ക്കും നല്കപ്പെട്ടിരിക്കുന്നത്. ഒരു ആരാധനാ സമൂഹമായിട്ടുള്ള 'പുതിയ പറുദീസയായി' അവൾ വ്യാപൃതയായിരിക്കുന്നു. ദൈവ മഹത്വീകരണവും ആരാധകരുടെ പവിത്രീകരണവും പ്രസ്തുത ആരാധനയുടെ മുന്നേറ്റങ്ങളായി നിലകൊള്ളുന്നു. രക്ഷയുടെ രഹസ്യങ്ങൾ ആരാധനയുടെ ആഘോഷത്തിലൂടെ ദൈവജനത്തിന് അവൾ സംലഭ്യമാക്കുന്നു. ആഘോഷിക്കുന്ന ആരാധനാ, ജീവിക്കേണ്ട ആരാധനയിലേക്ക് ഭക്തരെ ആഹ്വാനം ചെയ്യുന്നു. സഭ 'ക്രിസ്തുവിന്റെ കൂദാശ'-എന്നത് ദൈവശാസ്ത്രപരമായൊരു വിശകലനമാണ്. 'ആദ്യകൂദാശ', ക്രിസ്തുവെങ്കിൽ, രക്ഷയുടെ നീർച്ചാലുകൾ വിശ്വാസികൾക്ക് ലഭിക്കുന്നത് സഭയിലൂടെയാണ്. പ്രസ്തുത കൗദാശിക ഭാവങ്ങൾ ഉൾകൊള്ളുന്നതിനാൽ 'രഹസ്യം' എന്ന സംജ്ഞയും അവൾക്ക് നല്കപ്പെട്ടിരിക്കുന്നു. 'കർത്താവു തന്നോട് സംസാരിക്കേണ്ടവരെല്ലാം സഭയുൾ പ്ലൂകണം; കാരണം താൻ അതിൽ മേവിടുന്നു' എന്ന് ആരാധനാക്രമം സാക്ഷ്യപ്പെടുത്തുന്നു. ഉടമ്പടി ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, ക്രിസ്തുവിന്റെ വിശ്വസ്ത മണവാട്ടിയായും പിതാക്കന്മാർ അവതരിപ്പിക്കുന്നു. അവളിലെ ദൈവസാന്നിദ്ധ്യത്തെ വ്യക്തമാക്കുന്നതാണ്, ദൈവത്തിന്റെ ആലയവും പറുദീസായും എന്നുള്ള ശീർഷകങ്ങൾ. പ്രകാശത്തിന്റെ സ്രോതസ്സുമായുള്ള സംസർഗ്ഗത്തിൽ അവൾ പ്രകാശിതയുമാണ്. രക്ഷാകരചരിത്രം, പ്രകാശത്തിന്റെ പ്രതിപാദ്യവിഷയത്തിൽ അവതരിപ്പിക്കുന്നു. ആത്മീയ മുന്നേറ്റങ്ങളായ പവിത്രീകരണം, പ്രകാശീകരണം, ദൈവീകരണം എന്നിങ്ങനെ സഭാ ജീവിതത്തെ ക്രമപ്പെടുത്തിയിരിക്കുന്നു.

**പ്രാർത്ഥനയുടെ നിയമം. വിശ്വാസത്തിന്റെ നിയമം (Lex Orandi, Lex Credendi)**

ആദിമസഭ, അതിന്റെ സ്വത്വത്തിന്റെ ഭാഗമായിട്ട് പരിഗണിച്ചിരുന്ന ഒരു ദൈവശാസ്ത്ര വിശകലനമായിരുന്നു 'പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം' എന്നത്. ആരാധനയും വിശ്വാസവും തമ്മിലുള്ള അഭേദ്യമായ ബന്ധം ഇവിടെ സുവ്യക്തമാക്കുന്നു. ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെ മുമ്പിലുള്ള സമർപ്പണമാണ് ആരാധന. പ്രാർത്ഥന, നന്ദി, സ്തുതി, അനുതാപം, അപേക്ഷ എന്നിവയെല്ലാം ആരാധനയുടെ അനിവാര്യഘടകങ്ങളാണ്. ആരാധനയുടെ വിഷയം ദൈവമായിരിക്കുന്നതുപോൽ വിശ്വാസവും ദൈവകേന്ദ്രീകൃതമാണ്. ആരാധിക്കുന്ന ദൈവത്തിന്റെ മുമ്പിലുള്ള സമർപ്പണമാണ് വിശ്വാസം. രണ്ടും സമ്യക്കായി സംയോജിച്ചിരിക്കുന്നു; പരസ്പരം പൂർത്തിയാക്കുന്നു. സഭയുടെ പ്രാർത്ഥനയിലാണ് അവളുടെ വിശ്വാസ സംഹിത കണ്ടെത്തുക. സഭ, പ്രാർത്ഥിക്കുന്നതും ആരാധിക്കുന്നതും ആഘോഷിക്കുന്നതും വിശ്വസിക്കുന്നു. ആരാധനയിലാണ്, സഭയുടെ ദൈവശാസ്ത്രം ആദ്ധ്യാത്മികത എന്നിവ ഉടലെടുക്കുന്നത്. ആരാധന വിവിധങ്ങളായ രീതിയിൽ ആഘോഷിക്കപ്പെടുന്നുണ്ട്; എന്നാൽ അതിന്റെ ഉള്ളടക്കം ഒന്നുതന്നെയാണ്. വിശ്വസിക്കുന്ന യാഥാർത്ഥ്യവും സമാനമാണ്. ആരാധനാ, എല്ലാത്തിന്റെയും ഉറവിടവും 'ജന്മഭൂമിയുമാകുന്നു'. ആരാധനയ്ക്ക് ഒരു സഭാത്മകതയുണ്ട്; അത് ക്രൈസ്തവീകതയുടെ മാനദണ്ഡമാണ്. അവിടെ വിശ്വാസ സത്യങ്ങൾ സംരക്ഷിക്കപ്പെടുകയാണ്. ആരാധനാ സഭയുടെ 'സംഗീതമാണ്'; അതിലൂടെയാണ് അവളുടെ സ്വരവും സ്വഭാവവും ആഴവും ഗ്രഹിക്കുന്നത്. സഭയുടെ പിൽകാല പല വിശ്വാസ സത്യങ്ങളും ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിനു മുമ്പ് തന്നെ അത് ആരാധനയിലൂടെ ആഘോഷിച്ചുവരുന്നതുമാണ്. ആരാധന സഭയുടെ ജീവിതമാണ്. സഭ, ആരാധിക്കുന്ന സമൂഹമാണ്; അതിലൂടെ സഭയെ പ്രത്യക്ഷീകരിക്കുകയും, ഉത്തേജിപ്പിക്കുകയും, നിർവചിക്കുകയും, ആശ്ലേഷിക്കുകയും ചെയ്തിരിക്കുന്നു. സഭയുടെ മനസ്സും പ്രകൃതിയും ജീവിതവും ആരാധനയിലൂടെ വെളിപ്പെടുത്തുന്നു. ചുരുക്കത്തിൽ, പ്രാർത്ഥനയുടെ നിയമവും വിശ്വാസത്തിന്റെ നിയമവും തമ്മിൽ ബന്ധപ്പെട്ട് നില്ക്കുന്നു. പ്രാർത്ഥനയുടെ-ആരാധനയുടെ-നിയമം, വിശ്വാസത്തിന്റെ നിയമത്തെ സ്ഥാപിക്കുന്നു; വിശ്വാസത്തിന്റെ നിയമം പ്രാർത്ഥനയെന്ന നിയമത്തെ സ്വാധീനിക്കുന്നു. രണ്ടും പരസ്പരം ബന്ധപ്പെട്ടു നില്ക്കുകയും ഒന്നിച്ച് വളരുകയും ചെയുന്നു.

*(തുടരും)*

www.malankaralibrary.com



# സീരിയുടെ റൂബി ജൂബിലി വർഷവും പത്താമത് ലോക സുറിയാനി സമ്മേളനവും

**റവ. ഫാ. ജോർജ് തേക്കടയിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ-രാഷ്ട്രദീപിക,
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി



**ആമുഖം**

കോട്ടയം ബേക്കർഹില്ലിൽ സ്ഥിതി ചെയ്യുന്ന സെന്റ് എഫ്രേം എക്യുമെനിക്കൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒരിക്കൽ കൂടി സുറിയാനി ഭാഷാ പഠിതാക്കളുടെ ശ്രദ്ധാകേന്ദ്രമായി മാറുകയാണ്. സെപ്റ്റംബർ 8 മുതൽ 16 വരെ തീയതികളിൽ സീരി ലോക സുറിയാനി സമ്മേളനത്തിന് വേദി ആയി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സുറിയാനി ഭാഷാപണ്ഡിതന്മാരും ആരാധനക്രമ പണ്ഡിതന്മാരും സഭാചരിത്ര പണ്ഡിതന്മാരും ദൈവശാസ്ത്രജ്ഞരും ഒത്തുകൂടുകയും വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചാസമ്മേളനങ്ങൾ നടത്തുകയും ചെയ്തു.

**സീരി: അല്പം ചരിത്രം**

സുറിയാനി ഭാഷാ പൈതൃകം പേറുന്ന സഭകളുടെ സംഗമ കേന്ദ്രമായ കോട്ടയം ബേക്കർഹില്ലിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടതാണ് സീരി (SEERI). സുറിയാനി സഭാപിതാവായ അപ്രേമിന്റെ നാമത്തിൽ 1984-ലാണ് സീരി അതിന്റെ പ്രവർ ത്തനം ആരംഭിച്ചത്. സുറിയാനി ഭാഷ പൈതൃകം ഉള്ള വിവിധ സഭകളിലെ ആളുകൾക്ക് ഒരുമിച്ചു കൂടുവാനും സുറിയാനി ഭാഷയും വിവിധ ആരാധനക്രമ വിഷയങ്ങളും ദൈവശാസ്ത്ര വിഷയങ്ങളും ആഴത്തിൽ പഠിക്കാനുള്ള സൗകര്യങ്ങളാണ് സിരിയയിൽ ഒരുക്കിയിരി ക്കുന്നത്. കാലഘട്ടത്തിന്റെ വലിയൊരു ആവശ്യം മുന്നിൽ കണ്ടുകൊണ്ടാണ് സീരി അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഭാഗ്യസ്മരണാർഹനായ തിരുവല്ല മെത്രാപ്പോലീത്ത സക്കറിയാസ് മാർ അത്തനാ ശിഷ്യസ് തിരുമേനിയാണ് സീരിയുടെ സ്ഥാപനവു മായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്ക മിട്ടത്. അഭിവന്ദ്യ ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ കാലത്താണ് സീരി പ്രവർത്തനമാരം ഭിച്ചത്. തുടർന്നു തിരുവല്ല ഭദ്രാസനത്തിന്റെ മേലധ്യക്ഷന്മാരായിരുന്ന

www.malankaralibrary.com

അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി, അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനി (ഇപ്പോൾ സഭയുടെ തലവനും പിതാവുമായിരിക്കുന്ന മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലിമിസ് കാതോലിക്കാ ബാവ) എന്നിവരും സിരിയയുടെ വളർച്ചയെ വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. തിരുവല്ല അതിഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി സീരിയെ വീണ്ടും ഉന്നതിയിലേക്ക് നയിച്ചു കൊണ്ടിരി ക്കുന്നു. സീരി എന്ന ലോകപ്രശസ്തമായ സുറിയാനി ഭാഷ പഠന കേന്ദ്രത്തിന്റെ മുഖ്യശില്പിയും സ്ഥാപകനും ഡയറക്ടറുമായി ബഹു. മലങ്കര മൽപ്പാൻ റവ. ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ അച്ചൻ സേവനമനുഷ്ഠിച്ചു വരുന്നു. അസിസ്റ്റൻറ് ഡയറക്ടറായി ബഹു. ഡോ. തോമസ് പറക്കോട്ട് അച്ചൻ സേവനമനുഷ്ഠിക്കുന്നു. ബഹു. ജീബു കരപ്പനശ്ശേരിമലയിലച്ചൻ സീരിയുടെ ബർസാറായി സേവനമനുഷ്ഠിക്കുന്നു. ബഥനി സന്യാസിനീ സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ സേവനം സീരിയ്ക്ക് വിലമതിക്കാനാവാത്തതാണ്.

**സീരിയുടെ സേവനമേഖലകൾ**

**1. സുറിയാനി ഭാഷാ പൈതൃക പഠന വേദി**

സുറിയാനി ഭാഷയെകുറിച്ചും, സുറിയാനി സഭാ പൈതൃകത്തെക്കുറിച്ചും വളരെ ആഴത്തിൽ പഠിക്കു വാനുള്ള സജ്ജീകരണങ്ങൾ സീരി ഒരുക്കുന്നുണ്ട്. സീരിയുടെ സ്ഥാപനത്തിന് മുൻപ് ഇന്ത്യയിൽ സുറി യാനി ഭാഷാ പൈതൃക പഠനവേദി ഉണ്ടായിരുന്നില്ല. സെമിനാരികളിലും ആശ്രമങ്ങളിലും സുറിയാനി ഭാഷയുടെ ചില പ്രാഥമിക പഠനത്തിനുള്ള സൗകര്യ ങ്ങൾ ഉണ്ടായിരുന്നു എന്ന കാര്യം വിസ്മരിക്കുന്നില്ല. സീരിയുടെ സ്ഥാപനത്തോട് കൂടി ഇന്ത്യയിലെ വിവിധ സഭകളിൽപെട്ട നൂറുകണക്കിന് വൈദികരും സന്യ സ്ഥരും സുറിയാനി ഭാഷാ പഠനം നടത്തുകയുണ്ടായി. സീരി സുറിയാനി ഭാഷാ പഠന കേന്ദ്രം ഗാന്ധി യൂണി





വേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണ്. യൂണിവേഴ്സിറ്റി അംഗീകാരത്തോടെ സുറിയാനി ഡിപ്ലോമ കോഴ്സ്, പോസ്റ്റഗ്രാജുവേറ്റ് കോഴ്സ്, ഡോക്ടറേറ്റ് ഡിഗ്രി എന്നിവയ്ക്കുള്ള എല്ലാവിധ സൗകര്യങ്ങളും സീരിയിൽ ഉണ്ട്. ആയിരക്കണക്കിന് പുരാതന സുറിയാനി ഭാഷയിലുള്ള കയ്യെഴുത്ത് പ്രതികളുടെ കോപ്പികളും സീഡികളും മൈക്രോ ഫിലിമുകളും ആയിരക്കണക്കിന് പുസ്തകങ്ങളു ടെയും ശേഖരം അടങ്ങിയ വലിയൊരു ലൈബ്രറി സീരിയിൽ പ്രവർത്തിക്കുന്നുണ്ട്. ഓൺലൈൻ ഓഫ് ലൈൻ കോഴ്സുകൾ പഠിക്കുന്നതിനുള്ള സൗകര്യവും സീരിയിൽ ഉണ്ട്. സുറിയാനി ഭാഷയിലുള്ള പുസ്തക ങ്ങൾ കൂടാതെ സഭാ പിതാക്കന്മാർ വിവിധ ആരാധന ക്രമ പൈതൃകങ്ങൾ സഭാചരിത്രം ദൈവശാസ്ത്ര വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വലിയൊരു പുസ്തക ശേഖരവും സീരിയിൽ ലൈബ്രറിയിൽ ഉണ്ട്.

**2. സീരിയുടെ പ്രസിദ്ധീകരണ വിഭാഗം**

സീരിയിൽ നിന്നും പുസ്തകങ്ങൾ പ്രത്യേകിച്ചും സുറിയാനി ഭാഷയിൽ നിന്നും ഇംഗ്ലീഷിലും മലയാള ത്തിലും ജർമൻ ഭാഷയിലും അനേകം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആനുകാലിക പ്രസിദ്ധീകരണങ്ങളായ "The Harp", നുഹ്റോ, മാറാൻ ഈത്തോ, മദ്റോസോ, തുടങ്ങിയവയും പ്രസിദ്ധീകരി ക്കുന്നുണ്ട് കൂടാതെ സീരിയുടെ കറസ്പോണ്ടൻസ് കോഴ്സിന് വേണ്ടിയുള്ള പുസ്തകങ്ങളും പ്രസിദ്ധീ കരിക്കുന്നുണ്ട്.

www.malankaralibrary.com




### 3. സീരി എന്ന എക്യുമെനിക്കൽ കേന്ദ്രം

ക്രൈസ്തവ സഭകളുടെ ഐക്യം ഏതൊരു ക്രൈസ്തവന്റെയും ചിരകാല സ്വപ്നമാണ്. അതിന് കാരണം കർത്താവായ യേശുക്രിസ്തുവിന്റെ 'എല്ലാവരും ഒന്നാകണം' എന്ന സ്വപ്നവും പ്രാർത്ഥനയും തന്നെ. സീരിയുടെ സ്ഥാപകപിതാക്കന്മാരുടെ സ്വപ്നവും ഇതുതന്നെയാണ്. സുറിയാനി പൈതൃകം മാർത്തോമാ നസ്രാണി പൈതൃക സഭകളുടെ എല്ലാം പൊതുസ്വത്താണ്. സുറിയാനി ഭാഷാ പഠനവും സുറിയാനി ആരാധനക്രമ പഠനവും സുറിയാനി സഭാ പിതാക്കന്മാരെ കുറിച്ചും സുറിയാനി ദൈവ ശാസ്ത്രവും പഠിക്കുന്നത് സഭൈക്യത്തിലേക്ക് ഉള്ള ഉറച്ച ചുവടുവെപ്പ് തന്നെയാണെന്ന് സീരിയുടെ സ്ഥാപക പിതാക്കന്മാർക്കും അതിനെ ഇന്നും കാത്തു പരിപാലിക്കുന്നവർക്കും ഉറച്ച ബോധ്യമുണ്ട്. വിവിധ വിശ്വാസ, ആദ്ധ്യാത്മിക ദൈവശാസ്ത്ര പാരമ്പര്യങ്ങൾ ഉള്ള സഭകളിലെ വൈദികരും സന്യസ്ഥരും അല്മായരും സീരിയിൽ വന്ന് താമസിച്ച് ഒന്നിച്ച് ഭക്ഷണം കഴിച്ച് ഒന്നിച്ച് പ്രാർത്ഥിച്ച് ഒന്നിച്ച് ചിന്തകൾ പങ്കുവെച്ച് ജീവിക്കുമ്പോൾ അത് പരസ്പരം അടുക്കുവാനും മനസ്സിലാക്കുവാനുമുള്ള വേദിയായി മാറുകയാണ്. സീരിയിൽ താമസിച്ചു പഠിക്കുന്നവർക്ക് തങ്ങൾ ഒരിക്കലും അന്യരോ അപരിചിതരോ ആയിട്ട് തോന്നിയിട്ടില്ല എന്ന അനേകം സാക്ഷ്യങ്ങൾ കേൾക്കുവാനിടവന്നിട്ടുണ്ട്. സീരിയുടെ ഡയറക്ടർ ബഹുമാനപ്പെട്ട ജേക്കബ് തെക്കേപ്പറമ്പിൽ അച്ചന്റെ ഹൃദയ വിശാലതയും ആഥിത്യവും സ്വീകരിച്ചിട്ടുള്ള ആർക്കും സീരിയെ പിന്നീട് മറക്കാനാവില്ല എന്നതാണ് സത്യം.

### 4. ലോക സുറിയാനി സമ്മേളനം

സീരിയിൽ നാലുവർഷത്തിൽ ഒരിക്കൽ നടത്തപ്പെടുന്ന ലോക സുറിയാനി സമ്മേളനം സെപ്റ്റംബർ മാസം 8–ാം തീയതി മുതൽ 16–ാം തീയതി വരെ നടത്തപ്പെട്ടു. ഈ വർഷം പത്താമത് ലോക സുറിയാനി സമ്മേളനമാണ് നടത്തപ്പെട്ടത്. ഇന്ത്യയിലെ വിവിധ സഭകളിലെ വൈദിക മേലധ്യക്ഷന്മാരും സുറിയാനി ഭാഷാ പണ്ഡിതന്മാരും ആരാധനക്രമ വിജ്ഞാനീയത്തിലും, സഭാ ചരിത്രത്തിലും സഭാത്മകശാസ്ത്രത്തിലും പണ്ഡിതരായ വൈദികരും സന്യസ്ഥരം അല്മായരം വിവിധ സെഷനുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കൂടാതെ വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന പണ്ഡിതന്മാരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.




www.malankaralibrary.com



**ഉപസംഹാരം**

കഴിഞ്ഞ നാലു ദശാബ്ദങ്ങളായി കോട്ടയത്തെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സീരി ക്രൈസ്തവ സഭ ഐക്യത്തിനും സുറിയാനി ഭാഷാ പഠനത്തിനും വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. 2024-ാം ആണ്ട് സീരിയുടെ ജൂബിലി (40-ാം വർഷം) വർഷമാണ്. ഭാരതത്തിന്റെ പ്രത്യേകിച്ച് കേരളത്തിന്റെ പൊതുസമൂഹത്തിന് സീരി നൽകുന്ന സേവനങ്ങൾ അമൂല്യമാണ്. ചില പ്രത്യേകമായ രാഷ്ട്രീയ സാമൂഹിക കാരണങ്ങളാൽ സുറിയാനി ഭാഷാ രൂപം കൊണ്ട്, അത് സജീവമായിരുന്ന ഇടങ്ങളിൽ നിന്നെല്ലാം അത് ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ സുറിയാനി ഭാഷാ ആരാധനക്രമ പൈതൃകം പേറുന്ന ഇന്ത്യയിലെ വിവിധ സഭകളിലെ ആളുകൾക്ക് ഒന്നിച്ചു വരാനും സുറിയാനി ഭാഷാ ആരാധനക്രമ പൈതൃകം പഠിക്കാനും ഉള്ള സാഹചര്യങ്ങളാണ് സീരിയൽ ഉള്ളത്. ഈ സ്ഥാപനം എല്ലാ സഭകളെയും ഒന്നിപ്പിക്കാനും പരസ്പരം സഹകരണവും സഹവർത്തിത്വവും ഐക്യവും ഊട്ടി ഉറപ്പിക്കാനും ശ്രമിച്ചു കൊണ്ടിരിക്കുന്നു.

www.malankaralibrary.com



# ഒരുക്കമുള്ളവരായിരിക്കുവിൻ

**റവ. ഫാ. ഷീൻ പാലക്കുഴി**



ലോകപ്രശസ്ത ഗ്രീക്ക് തത്വ ചിന്തകനും പണ്ഡിതനുമായിരുന്നു സോക്രട്ടീസ്. സത്യത്തിനു വേണ്ടി നിലകൊണ്ടയാളായിരുന്നു അദ്ദേഹം. പറഞ്ഞു വച്ച ആശയങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയ ഒരാൾ. അദ്ദേഹത്തിന്റെ ജീവിതം പോലെ തന്നെ സംഭവബഹുലമാണ് അദ്ദേഹത്തിന്റെ മരണവും. അദ്ദേഹത്തിന്റെ വാക്കുകൾ ഭരണാധികാരികളെ ചൊടിപ്പിച്ചു. യുവാക്കളെ വഴി തെറ്റിക്കുന്നു എന്നും ദൈവദൂഷണം പറയുന്നു എന്നൊക്കെ ആരോപിച്ച് അദ്ദേഹത്തെ ജയിലിലടച്ചു. പിന്നെ വിഷം കൊടുത്തു കൊല്ലാൻ ഉത്തരവായി. നിരപരാധിയായ ഡോക്രട്ടീസ് അങ്ങനെ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടു.

ജയിലിൽ മരണം കാത്തു കഴിയുമ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കളിലൊരാൾ അടുത്തെത്തി രഹസ്യമായി പറഞ്ഞു: 'സോക്രട്ടീസ്, നമുക്കു രക്ഷപെടാം. ജയിൽ കാവൽക്കാരനു കൈക്കൂലി കൊടുക്കാൻ വേണ്ടത്ര പണം എന്റെ കയ്യിലുണ്ട്. വരൂ നമുക്കു പോകാം!' പക്ഷെ അദ്ദേഹം വഴങ്ങിയില്ല. എങ്കിൽപ്പിന്നെ വിഷം കഴിച്ചുള്ള മരണം കഴിയുന്നത്ര വൈകിപ്പിക്കാൻ സ്നേഹിതൻ സോക്രട്ടീസിനെ ഉപദേശിച്ചു. തനിക്കു മരണത്തെ ഭയമില്ലെന്നു പറഞ്ഞ് ആ ഉപദേശവും അദ്ദേഹം നിരാകരിച്ചു.

വിഷക്കോപ്പയേന്തി നിൽക്കുന്ന കാവൽക്കാരനെ അദ്ദേഹം അടുത്തേക്കുവിളിച്ചു. 'സഹോദരാ, എന്റെ ശിക്ഷ നടപ്പാക്കാൻ ഞാൻ എന്താണു ചെയ്യേണ്ടത്?' കാവൽക്കാരൻ പറഞ്ഞു: 'താങ്കൾ ഈ വിഷം കുടിക്കുക. പിന്നെ കുറച്ചു സമയം നടക്കുക. കാലുകളിൽ വലിയ ഭാരം അനുഭവപ്പെടുമ്പോൾ നിലത്തു കിടക്കുക. പിന്നീടെല്ലാം നിങ്ങൾ കുടിച്ച വിഷം ചെയ്തുകൊള്ളും.' സോക്രട്ടീസ് വിഷക്കോപ്പ വാങ്ങി മുഴുവനും കുടിച്ചു. പിന്നെ മെല്ലെ നടന്നു. കാൽകുഴഞ്ഞപ്പോൾ നിലത്തു കിടന്നു. ബ്ലാങ്കറ്റുകൊണ്ടു ശരീരം മൂടി. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ എന്തോ ഓർത്തെന്നപോലെ തലപുറത്തേക്കിട്ടു. ഒരു ചെറിയ കടം വീട്ടാനുണ്ട്, അതു നിശ്ചയമായും വീട്ടണമെന്ന് തൊട്ടടുത്തിരുന്ന സുഹൃത്തിനെ ഓർമ്മിപ്പിച്ചു. പിന്നെ ശാന്തനായി മരണം വരിച്ചു.

അദ്ദേഹം മരണത്തെ സ്വീകരിച്ച രീതിയാണ് നമ്മെ വിസ്മയിപ്പിക്കുന്നത്. യാതൊരു ഭയവുമില്ലാതെ എത്ര സ്വതന്ത്രനായാണ് അദ്ദേഹം മരണത്തിനു മുന്നിൽ നിന്നത്. അതുപോലെ മരണത്തെ സ്വതന്ത്രനായി അഭിമുഖീകരിച്ച മറ്റൊരു വ്യക്തിയാണ് വിശുദ്ധ ഫ്രാൻസിസ് അസീസ്സി. 'സഹോദരി, മരണമേ വന്നാലും' എന്നാണ് മരണമുഖത്ത് അദ്ദേഹം പറഞ്ഞത്. തത്വചിന്തയുടെയും ദൈവചിന്തയുടെയും വ്യത്യസ്ത തലങ്ങളിൽ വ്യാപരിച്ചിരുന്നവരെങ്കിലും അവർ മരണത്തെ ഇത്ര ധീരമായും സ്വതന്ത്രരായും സമീപിച്ചതിന്റെ ഒരു പ്രധാന കാരണം അവർ വേണ്ടത്ര ഒരുക്കമുള്ളവരായിരുന്നു എന്നതാണ്. എന്നു വച്ചാൽ ഒരു നല്ല മനുഷ്യനായി ജീവിക്കുക എന്നതു തന്നെയാണ് നല്ല മരണത്തിനുള്ള ഒരുക്കം.

മണവാളൻ എപ്പോൾ വന്നാലും സ്വീകരിക്കാൻ എണ്ണയുള്ള വിളക്കുകളുമായി കാത്തിരുന്ന ബുദ്ധിയുള്ള കന്യകമാരെപ്പോലെ അവർ എപ്പോഴും ജാഗ്രതയുള്ളവരായിരുന്നു എന്നു ചുരുക്കം. മറ്റൊന്ന് മരണം തേടിയെത്തുമ്പോൾ അവർ ഈ ഭൂമിയിലുള്ള യാതൊന്നിന്റേയും അടിമകളായിരുന്നില്ല എന്നതാണ്. അധികാരമോ സമ്പത്തോ സുഖങ്ങളോ അവരെ ഭരിച്ചിരുന്നില്ല. വേറൊന്ന് ദൈവത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ മറച്ചുപിടിക്കാൻ തക്കവണ്ണം ഹീനമായതൊന്നും അവരുടെ ജീവിതത്തിൽ അപ്പോൾ ഉണ്ടായിരുന്നില്ല എന്നതാണ്. ചിന്തയും വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തക്കേടുകളുണ്ടായിരുന്നില്ല. പരിസരങ്ങളോട് തീവ്രമായി സംവദിച്ച ഒരു തുറന്ന പുസ്തകമായിരുന്നു അവരുടെ ജീവിതങ്ങൾ.

നിങ്ങൾ അരമുറുക്കിയും വിളക്കുകത്തിച്ചും ഇരിക്കുവിൻ. തങ്ങളുടെ യജമാനൻ കല്യാണവിരുന്നു കഴിഞ്ഞ് മടങ്ങിവന്നു മുട്ടുന്ന ഉടനെ തുറന്നു കൊടുക്കുവാൻ അവന്റെ വരവും കാത്തിരിക്കുന്നവരെ പോലെ ആയിരിക്കുവിൻ. (ലൂക്കാ 12:35-36)

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭ
തിരുവനന്തപുരം മേജർ അതിരൂപത

# ക്രൈസ്തവ കാഹളം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം

## Subscription / Renewal Form

Name : ..........................................................................................................

House Name : .............................................. Post office: ..............................................

Pincode: .............................................. District: ..............................................

Parish: ..........................................................................................................

Mobile No. : .............................................. Email ID: ..............................................

Postal Address: ..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

Payment Mode : Cash ☐ UPI ☐ Internet Banking ☐

Amount Paid

☐ ..........................................................................................................
(Amount in words)

Date : Signature

---

മലങ്കര സുറിയാനി കത്തോലിക്കാ സഭ
തിരുവനന്തപുരം മേജർ അതിരൂപത

ക്രൈസ്തവ കാഹളം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം

## Receipt

*(for office use only)*

Name : ..........................................................................................................

Subscribed for
☐ One Year ☐ Two Years ☐ Three Years ☐ Four Years
☐ Five Years ☐ Others ..............................

Amount Paid

☐ ..........................................................................................................
..........................................................................................................
(Amount in words)

Date: Signature

www.malankaralibrary.com

# ക്രൈസ്തവ കാഹളം

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സഭ
# തിരുവനന്തപുരം മേജർ അതിരൂപത



## ക്രൈസ്തവ കാഹളം
### മാസിക

മലങ്കര സുറിയാനി
കത്തോലിക്കാ സഭയുടെ
**പ്രഥമ പ്രസിദ്ധീകരണം**

പ്രിയ ബഹു. അച്ചാ/ സിസ്റ്റർ / സഹോദരങ്ങളെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പ്രഥമ പ്രസിദ്ധീകരണവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണവുമായ ക്രൈസ്തവ കാഹളം മാസിക പ്രസിദ്ധീകരിച്ചിട്ട് 84 വർഷങ്ങൾ പിന്നിടുകയാണ്. കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ വളരെ മികച്ച രീതിയിലാണ് കാഹളം പ്രസിദ്ധീകരിക്കുന്നത്. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും കാഹളം മികവു പുലർത്തുന്നു.

ഏറെ നാളുകളായി കാഹളത്തിന്റെ വരിസംഖ്യ പുതുക്കാത്ത ധാരാളം പേർക്ക് നേരത്തെ അടച്ച വരിസംഖ്യയുടെ പേരിൽ മാസിക ഓഫീസിൽ നിന്നും അയക്കുന്നുണ്ട്. അതിനാൽ ഒരു വർഷത്തേക്ക് Rs.250/- അടച്ചു മാസികയുടെ വരിസംഖ്യ പുതുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇതിനോടൊപ്പമുള്ള QR കോഡ് സ്കാൻ ചെയ്താൽ നിങ്ങളുടെ വരിസംഖ്യ വേഗത്തിൽ അടക്കുവാൻ സാധിക്കും. ഇതുകൂടാതെ ഓൺലൈൻ പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തി യിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്

ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം

ഫാ. തോമസ് മുകളുംപുറത്ത്
സർകുലേഷൻ മാനേജർ
ഫോൺ: +91 9446703056

**Subscription Tariff Details**

| | |
|---|---|
| One Year | :₹ 250 |
| Two Year | :₹ 500 |
| Three Year | :₹ 700 |
| Four Year | :₹ 900 |
| Five Year | :₹ 1000 |

**Scan QR code or use this Account Details for payment**

Account Name : Christava Kahalam
Account No: 0483053000020567
IFSC Code: SIBL0000483
Bank : South Indian Bank
Branch : Nalanchira Branch

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2021-2023
Date of Publication 29-9-2023
www.malankaralibrary.com
Christavakahalam Monthly, OCTBER 2023
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....

# ക്രൈസ്തവ കാഹളം




വായിക്കുക
വരിക്കാരാകുക
പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com